വെട്ടിക്കവല ഗ്രാമപഞ്ചായത്ത്

## ജനകീയാസൂത്രണം

# സമഗ്രവികസന രേഖ





എന്നെസംബന്ധിച്ച് സ്വരാജ് എന്റെ രാജ്യത്തിലെ ഏറ്റവും നിസ്വാരായവരുടെ സ്വാതന്ത്ര്യമാണ്. ഉറക്കംതൂങ്ങുന്നവരുടെയും അജ്ഞരുടെയുമല്ല, ഉണർത്തപ്പെട്ടവരുടേതാണ് സ്വരാജ്.

–ഗാന്ധിജി

# വെട്ടിക്കവല ഗ്രാമപഞ്ചായത്ത്

# ജനകീയാസൂത്രണം

# സമഗ്ര വികസന രേഖ

VETTIKAVALA GRAMA PANCHAYAT OFFICE
VETTIKAVALA P.O.

# സമർപ്പണം

ഇന്ത്യയുടെ ആസൂത്രണ ചരിത്രത്തിൽ ജനശ്രദ്ധ ആകർഷിക്കുന്നതും പുതുമയാർന്നതുമായ ഒരു സംരംഭമാണ് സംസ്ഥാന സർക്കാരും ആസൂത്രണബോർഡും ചേർന്ന് രൂപം നല്കി നടപ്പിലാക്കിവരുന്ന ജനകീയ ആസൂത്രണപ്രസ്ഥാനം. വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനം ലക്ഷ്യമാക്കിക്കൊണ്ട് തയ്യാറാക്കിയ ഈ വികസന റിപ്പോർട്ട് പൊതുജനസമക്ഷം സമർപ്പിക്കുന്നു. ബഹുജനപങ്കാളിത്തം വഴി ഈ പ്രസ്ഥാനത്തിന് കൂടുതൽ കരുത്തേകണം എന്ന് അഭ്യർത്ഥിച്ചുകൊണ്ട്,

4-12-1996.

അഡ്വ. ജി.ശശിധരൻപിള്ള,
പ്രസിഡന്റ്.

ഏതു ധൂസരസങ്കല്പങ്ങളിൽ വളർന്നാലും
ഏതു യന്ത്രവൽകൃത ലോകത്തിൽപ്പുലർന്നാലും
മനസ്സിലുണ്ടാവട്ടെ ഗ്രാമത്തിൻ വെളിച്ചവും
മണവും മമതയും - ഇത്തിരിക്കൊന്നപ്പൂവും।

-വൈലോപ്പിള്ളി

# വികസന രേഖക്ക് അംഗീകാരം

വെട്ടിക്കവല ഗ്രാമപഞ്ചായത്തിന്റെ 03-12-1996-ലെ സാധാരണ യോഗ നടപടിക്രമ ങ്ങളുടെ ശരിപകർപ്പ്.

അജണ്ട. 1. ജനകീയാസൂത്രണപ്രവർത്തനങ്ങൾ സംബന്ധിച്ച്.
തീരുമാനം 1 (1)

3-12-96-ൽ വെട്ടിക്കവല ഗ്രാമപഞ്ചായത്തു പ്രസിഡന്റ് അഡ്വ: ജി. ശശിധരൻപിള്ള യുടെ അദ്ധ്യക്ഷതയിൽ കൂടിയോഗം ഒൻപതാം പദ്ധതി ഭാഗമായി തയാറാക്കിയ സമഗ്ര വികസന രേഖ ചർച്ചചെയ്ത് ഐക്യകണ്ഠേന അംഗീകരിച്ചു.

(ഒപ്പ്)
പ്രസിഡന്റ്

(ശരിപകർപ്പ്)

(ഒപ്പ്)
സെക്രട്ടറി.

VETTIKAVALA GRAMA PANCHAYAT OFFICE
VETTIKAVALA P. O.

# പത്രാധിപ സമിതി

അഡ്വ.ജി.ശശിധരൻപിള്ള
(ചീഫ് എഡിറ്റർ)

ഡോ.കെ.എസ്.സുരേഷ്ചന്ദ്രൻ. എം.എ. പിഎച്ച്.ഡി.
(സബ് എഡിറ്റർ)

സർവ്വശ്രീ:

സി.ജി.പൊന്നച്ചൻ

കെ.കെ.ബാലകൃഷ്ണപിള്ള

കെ.സി.മത്തായി

എ.ചന്ദ്രശേഖരൻനായർ

പി.എ.ഫിലിപ്പ്

എം.വിജയസേനൻ

എം.ബഷീർ

എസ്.ഷാനവാസ്ഖാൻ

ആർ.ബാലചന്ദ്രൻനായർ

പി.രാമചന്ദ്രൻ

കെ.ബാലചന്ദ്രൻപിള്ള

എം.ജി.വേണുഗോപാലൻ
(പ്രോജക്റ്റ് സയന്റിസ്റ്റ് CESS)

# ഉപദേശക സമിതി

1. ഡോ: എം.ഉമ്മൻ (പ്രൊഫസർ& ഹെഡ് എൻ.എ.ആർ.പി. സദാനന്ദപുരം
2. ഡോ: അമ്മിണി ജേക്കബ് (മെഡിക്കലാഫീസർ, പ്രാഥമികാരോഗ്യ കേന്ദ്രം, തലച്ചിറ)
3. ശ്രീ. കെ.എൻ.രാജീവൻ (ഡയറി എക്സ്റ്റൻഷൻ ഓഫീസർ, വെട്ടിക്കവല)
4. ശ്രീ. എസ്.സഹിറുദ്ദീൻ (ബിഡിഒ,വെട്ടിക്കവല)
5. ശ്രീ. കെ.ബാലചന്ദ്രൻപിള്ള (സി ഡി പി ഒ പനവേലി)
6. ശ്രീമതി. സൂസൻ അലക്സാണ്ടർ (കൃഷി ഓഫീസർ, വെട്ടിക്കവല)
7. ശ്രീ. എ.കെ.ശിവശങ്കരപ്പിള്ള (ഹെഡ്മാസ്റ്റർ, ജി.എം.എച്ച്.എസ്. വെട്ടിക്കവല)
8. ശ്രീ. എൻ.ബാലകൃഷ്ണപിള്ള (അസി:എൻജിനീയർ, ഇല:സെക്ഷൻ, വാളകം)
9. ഡോ: കെ.ജോൺ (അസി:ഡയറക്ടർ, മൃഗസംരക്ഷണം)
10. എൻ.ജയചന്ദ്രൻ (അസി:ഡയറക്ടർ, കൃഷി)

# വെട്ടിക്കവല ഗ്രാമപഞ്ചായത്ത്

## ഭരണസമിതി



അഡ്വ:ജി.ശശിധരൻപിള്ള
പ്രസിഡന്റ്



ശ്രീമതി. ഷെഫി ഷഹാബ്
വൈസ് പ്രസിഡന്റ്



ശ്രീ. സി.ജി.പൊന്നച്ചൻ
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ

| | | |
|---|---|---|
| ശ്രീമതി. ആർ.സരസ്വതി | (മെമ്പർ) | വെട്ടക്കവല നിയോജന മണ്ഡലം |
| ശ്രീ. ഡി. തങ്കപ്പൻ | | ഇരണൂർ '' |
| ശ്രീമതി. കെ.താരാഭായി | | കണ്ണംകോട്ട് |
| ശ്രീ. തങ്കച്ചൻ പനവേലി | | പനവേലി |
| ശ്രീ. ജെയിംസ്.ജി.കുട്ടി | | ചിരട്ടക്കോണം |
| ശ്രീ. ജേക്കബ് ജോർജ്ജ് | | കമുകിൻ കോട് |
| ശ്രീമതി. കെ.ആർ.സുധ | '' | കോക്കാട് |
| ശ്രീ. എൻ.ഋഷികേശൻപിള്ള | | ചക്കുവരയ്ക്കൽ '' |
| ശ്രീമതി. ബി.സരസ്വതി അമ്മ | | ഗാന്ധിഗ്രാമം |
| ശ്രീ. ജോർജ്ജ് വർഗീസ് | | കോട്ടവട്ടം |

# ഈ പഞ്ചായത്ത് പ്രദേശത്തെ പ്രതിനിധാനം ചെയ്യുന്ന മറ്റു ജനപ്രതിനിധികൾ

1. ശ്രീ. കൊടിക്കുന്നിൽ സുരേഷ്
   (മെമ്പർ, അടൂർ പാർലമെന്റ് നിയോജകമണ്ഡലം)
2. ശ്രീ. ആർ.ബാലകൃഷ്ണപിള്ള
   (മെമ്പർ, കൊട്ടാരക്കര അസംബ്ലി നിയോജകമണ്ഡലം)
3. ശ്രീ. സി.കെ.ജോർജ്ജ്
   (മെമ്പർ, ജില്ലാ പഞ്ചായത്ത്, കൊട്ടാരക്കര മണ്ഡലം)
4. കുമാരി അജിതാഗോപി
   (മെമ്പർ, വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്, വെട്ടിക്കവല നിയോജകമണ്ഡലം)
5. ശ്രീ. കരിക്കത്തിൽ ഗോപാലകൃഷ്ണപിള്ള
   (മെമ്പർ, വെട്ടിക്കവല ബ്ലോക്ക് പഞ്ചായത്ത്-വെട്ടിക്കവല നിയോജകമണ്ഡലം

# വെട്ടിക്കവല ഗ്രാമപഞ്ചായത്ത്

## സ്റ്റാഫ് അംഗങ്ങൾ

| | |
|---|---|
| കെ.മോഹനനൻപിള്ള | (സെക്രട്ടറി) |
| വി.സുക്കീർബാ ബീവി | (സ്റ്റാഫ്) |
| ബി.സോമനാഥൻ പിള്ള | " |
| എ.മോഹനൻ നായർ | " |
| കെ.ശാരദാമ്മ | " |
| എസ്. ലാരിഫാബീവി | " |
| പി.തോമസ് | " |
| കെ.ഗംഗാധരൻ | " |
| എം.കൊച്ചുമാത്തുണ്ണി | " |
| കെ. പൊന്നമ്മ | " |
| കെ. ഓമന | " |


72°
88°
ഇൻഡ്യാ
28°
28°
12°
12°
0 600
കി.മി.
72°
88°


75°
76°
77°
കേരളം
0
80 കി.മീ.
12°
11°
10°
9°
75°
76°
77°



കേരളം
വെട്ടിക്കവല പഞ്ചായത്ത്
0
10 കി.മി.
9°
8°
30'
76°
77°
VETTIKAVALA GRAMA PANCHAYAT OFFICE
VETTIKAVALA P.O.



വെട്ടിക്കവല ഗ്രാമപഞ്ചായത്ത്
77° 50'
9° 0'
300 0 500 1000 1600 MTS
G.S. ROAD
HQ
ROAD
1
2
3
4
5
6
7
8
9
10
11
12
13
തിരുവനന്തപുരം
കടയ്ക്കൽ
പുനലൂർ
ഗാന്ധിഗ്രാം
പഞ്ചായത്ത് അതിര്
വാർഡ് അതിര്
റോഡുകൾ
1 _ 13 വാർഡുകൾ
പഞ്ചായത്ത് ആസ്ഥാനം

# താളുകൾ മറിക്കുമ്പോൾ


| | | |
|---|---|---|
| പോയകാലങ്ങളിലെ വെട്ടിക്കവല | | 15-17 |
| പഞ്ചായത്തിന്റെ പൊതുവിവരം | | 18-23 |
| ഭൂപ്രകൃതിയും വിഭവങ്ങളും | | 24-35 |
| **വികസന മേഖലകൾ** | | |
| 1. | പ്രാഥമിക മേഖല | |
| | കൃഷിയും ജലസേചനവും | 36-42 |
| | മൃഗസംരക്ഷണവും ക്ഷീരവികസനവും | 43-45 |
| 2. | ദ്വിതീയ മേഖല | |
| | വ്യവസായം | 46-47 |
| | ഊർജ്ജം | 48-50 |
| 3. | ഗതാഗതം, മാർക്കറ്റ്, പാർപ്പിടം | 51-54 |
| | സാമൂഹ്യക്ഷേമം | 55-59 |
| | കുടിവെള്ളവും, പൊതുജനാരോഗ്യവും, ശുചിത്വം | 60-63 |
| | വിദ്യാഭ്യാസം | 64-68 |
| | സംസ്ക്കാരം | 69 |
| | കായികരംഗം | 70 |
| | ടൂറിസം, വനിതാക്ഷേമം | 71 |
| | പട്ടികജാതി-പട്ടികവർഗക്ഷേമം | 72-73 |
| | വിഭവസമാഹരണം | 74 |
| | പൊതുവിതരണം രംഗം | 75-76 |
| | സഹകരണ മേഖല | 77-78 |

# മുൻസാരഥികളെപ്പറ്റി...

7 വാർഡുകൾ ചേർന്ന ഈ പഞ്ചായത്തിന്റെ ആദ്യകാല പ്രവർത്തനം ആരംഭിച്ചത് കരിക്കമുറ്റം(വെട്ടിക്കവല) ആസ്ഥാനമാക്കി ഒരു വാടകകെട്ടിടത്തിലാണ്. ഒന്നാമത്തെ പ്രസിഡന്റ് ശ്രീ. എം.ഗീവർഗീസും, വൈസ്പ്രസിഡന്റ്ശ്രീ. പി.കൃഷ്ണപിള്ളയും ആയിരുന്നു. ഈ ഭരണസമിതിയിൽ സർവ്വശ്രീ. എം.നാരായണൻ നായർ, എൻ.കുട്ടൻപിള്ള, എം.അബ്ദുൽ കരീം റാവുത്തർ, എൻ.വാസുദേവൻ പോറ്റി, ഡി.സുകുമാരൻ എന്നിവർ അംഗങ്ങളായിരുന്നു. ഇതേ ഭരണസമിതിക്കുതന്നെ ശ്രീ. എം.നാരായണൻ നായർ പ്രസിഡന്റ് ആയും നേതൃത്വം നല്കിയിട്ടുണ്ട്. ഈ ഭരണസമിതിയുടെ കാലത്താണ് വെട്ടിക്കവല കുറ്റിയിൽവീട്ടിൽ ശ്രീ.അച്ചുതൻപിള്ള പഞ്ചായത്തിനു സംഭാവന ചെയ്ത സ്ഥലത്തു സ്വന്തമായി കെട്ടിടം നിർമ്മിച്ചത്.

രണ്ടാമതു ഭരണസമിതിക്ക് പ്രസിഡന്റായി ശ്രീ.കെ.കെ. ബാലകൃഷ്ണപിള്ളയും വൈസ് പ്രസിഡന്റായി ശ്രീ.ആർ.ഈശ്വരനും നേതൃത്വം നല്കിയിരുന്നു. സർവ്വശ്രീ എൻ.ശ്രീധരൻപിള്ള, കെ.സി.മാത്യു, കെ.മുരളീധരൻ, എം.അബ്ദുൽഖരിം റാവുത്തർ, എൻ.കുട്ടൻപിള്ള, കെ.നാരായണപിള്ള, എൻ.ശങ്കരൻ, ജോർജ്ജ്ഐസക്ക്, ശ്രീമതി പി.പ്രസന്നകുമാരിയമ്മ എന്നിവർ ഈ ഭരണസമിതിയിലെ അംഗങ്ങളായിരുന്നു.

തുടർന്നുവന്ന ഭരണസമിതിയുടെ പ്രസിഡന്റ് ശ്രീ.എൻ. ചന്ദ്രഭാനുവും വൈസ്പ്രസിഡന്റ് ശ്രീ.ഡി.സുകുമാരനും ആയിരുന്നു. ഈ സമിതിയിൽ സർവ്വശ്രീ എം.ഗീവർഗീസ്, എസ്. സൈനുലാബ്ദീൻ, ജി.ഗീവർഗീസ്സ്, എം.ശ്രീധരൻപിള്ള, ഓ.മാത്തുക്കുട്ടി, ആർ.സഹദേവൻ, ജോർജ്ജ് വർഗീസ്, പി.ശ്രീധരൻ വൈദ്യർ, ശ്രീമതി കുഞ്ഞമ്മ ജോർജ്ജ് എന്നിവർ അംഗങ്ങളായിരുന്നു. ഈ ഭരണസമിതിയിൽ ശ്രീ.ആർ.സഹദേവൻ വൈസ് പ്രസിഡന്റ് ആയി സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

ശ്രീ.ആർ.രാജഗോപാലൻ നായർ പ്രസിഡന്റും, ശ്രീ.എസ്.ഷിഹാബുദ്ദീൻ വൈസ്പ്രസിഡന്റും ആയ ഭരണസമിതിയാണ് തുടർന്ന് അധികാരത്തിൽ വന്നത്. സർവ്വശ്രീ മാത്യുമുതലാളി, ജെ.മോഹനകുമാർ, വി.ശ്രീനാഥൻ പോറ്റി, സി.ജി.പൊന്നച്ചൻ, കെ.ഹർഷകുമാർ, പി.വിദ്യാധരൻ, ആർ.വി.അമ്പിളി, ആർ.ഈശ്വരൻ എന്നിവരും ശ്രീമതിമാർ ജി.സരസ്വതിയമ്മ, അമ്മിണി ഡാനിയൽ എന്നിവരും അംഗങ്ങളായിരുന്നു.

# പൊയ്പ്പോയ കാലങ്ങളിലെ വെട്ടിക്കവല പഞ്ചായത്ത്

വർണ്ണശബളവും ധന്യവുമായ സാംസ്ക്കാരിക സമ്പത്തുകൊണ്ട് അനുഗൃഹീതമാണ് വെട്ടിക്കവല പഞ്ചായത്ത്. പൊയ്പ്പോയ തലമുറകളിൽ സാഹിത്യകലാരംഗങ്ങളിലെ അതികായർ ഇവിടെ ജീവിച്ചിരുന്ന. നൂറ്റാണ്ടുകൾക്ക് മുൻപ് തന്നെ ഐശ്വര്യപൂർണ്ണമായിരുന്നു. വെട്ടിക്കവലയുടെ ഗതകാലസ്മരണകൾപോലും മധുരമനോഹരങ്ങളാണ്.

### സ്ഥലനാമം

വെട്ടിക്കവലയുടെ ഹൃദയഭാഗത്ത് (ഹൈസ്ക്കൂൾ ജംഗ്ഷൻ) പുരാതന കാലത്ത് ഒരു വലിയ വെട്ടി വൃക്ഷം ഉണ്ടായിരുന്നു. അതിന്റെ ചുവട്ടിൽനിന്നും കിഴങ്ങ് മാന്തിയെടുത്തുകൊണ്ടിരുന്ന ഒരു കർഷകതൊഴിലാളി സ്ത്രീയുടെ കൊയ്ത്തിരുമ്പ് ഒരു വിഗ്രഹത്തിൽ തട്ടുകയും അതിൽനിന്നും രക്തം പ്രവഹിക്കുകയും ചെയ്തു ഈ വാർത്തയറിഞ്ഞ് സ്ഥലത്തെത്തിയ ജനങ്ങൾക്ക് മരച്ചുവട്ടിലെ ദേവസാന്നിദ്ധ്യത്തേയുംആത്മീയ ചൈതന്യത്തേയും പറ്റി ബോദ്ധ്യപ്പെട്ടു. തുടർന്ന് പ്രസ്തുത വിഗ്രഹം ക്ഷേത്രത്തിലേക്ക് മാറ്റി യഥാവിധി പ്രതിഷ്ഠിക്കുകയും ചെയ്തു എന്നാണ് ഐതീഹ്യം. വെട്ടി നിന്നിരുന്ന കവലയാണ് വെട്ടിക്കവല ആയി മാറിയത് എന്നാണ് വിശ്വാസം.

### ചരിത്രം

250 സംവത്സരങ്ങൾക്ക് മുൻപ് ഇളയിടത്ത് സ്വരൂപത്തിന്റെ (കൊട്ടാരക്കര) ഒരു ഭാഗമായിരുന്നു വെട്ടിക്കവല. കൊട്ടാരക്കര രാജ്യത്തിന്റെ സുവർണ്ണകാലത്ത് വെട്ടിക്കവല പ്രദേശം സമ്പൽസമൃദ്ധവും ഐശ്വര്യപൂർണ്ണവുമായിരുന്നു. ഇളയിടത്തു സ്വരൂപത്തിന്റെ പല പണ്ടകശാലകളും കോട്ടകൊത്തളങ്ങളും വെട്ടിക്കവലയുടെ പ്രാന്തപ്രദേശങ്ങളിലായിരുന്നുവെന്ന് വിശ്വസിക്കപ്പെടുന്നു. അവയിലൊന്ന് ഇപ്പോഴത്തെ കഴിവിടാൻ കുന്നിനു സമീപത്തായിരുന്നു. അവിടെ വച്ചായിരുന്നുവത്രെ കൊട്ടാരക്കര രാജാവിന്റെ ശിക്ഷാവിധികൾ നടപ്പാക്കിയിരുന്നത്. ഒരുമിച്ചുള്ള ശൈവംവൈഷ്ണവ പ്രതിഷ്ഠ വെട്ടിക്കവലയുടെ പ്രത്യേകതയാണ്. ഈ ക്ഷേത്രത്തിലെ, വാതുക്കൽ ഞാലികുഞ്ഞിന്റെ പ്രതിഷ്ഠയും, ആരാധനയും പുരാതനകാലം മുതലെ ജാതീയമായ ഉച്ചനീചത്വങ്ങൾ ഇവിടെ നിലനിന്നിരുന്നില്ല എന്നതിന്റെ തെളിവാണ്. ശ്രീ പത്മനാഭസ്വാമിക്ഷേത്രത്തെപ്പോലെ മഹാക്ഷേത്രങ്ങളുടെ പട്ടികയിൽ വരേണ്ട ക്ഷേത്രമായിരുന്നു ഇതും. വെട്ടിക്കവല മഹാദേവർ ക്ഷേത്രത്തിലെ കഴുവിടാൻ കോവിലും പുരാതന കഴുവിടാൻ കൊട്ടാരവുമായി ബന്ധപ്പെട്ട ഐതിഹ്യങ്ങൾ അനവധിയാണ്. കഴുവിടാൻ കൊട്ടാരത്തിന്റെ ഭരണാധികാരികൾ ഉണ്ണിത്താന്മാർ ആയിരുന്നു.

ഇളയിടത്ത് രാജസദസ്സിലെ ആസ്ഥാന കലാകാരന്മാരിൽ പലരും വെട്ടിക്കവലയുടെ സന്തതികളായിരുന്നു. വെട്ടിക്കവലയുടെ പല വീര സന്താനങ്ങളേയും കൊട്ടാരക്കര രാജാവിന്റെ പടനായകന്മാരായി നിയമിച്ചിരുന്നുവെന്നാണ് കേട്ടുകേൾവി. രാമനാട്ടത്തിന്റെ ഉപജ്ഞാതാവായ കൊട്ടാരക്കര സമ്പുരാന്റെ കളിസംഘത്തിലെ ഗായകരുടെയും മേളക്കാരുടെയും കൂട്ടത്തിൽ നമ്മുടെ നാട്ടുകാർ പ്രമുഖസ്ഥാനം അലങ്കരിച്ചുവെന്ന് ഗണിക്കപ്പെടുന്നു. ഇളയിടത്തു സ്വരൂപത്തിനെ വേണാട്ടിൽ ലയിപ്പിച്ച മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലം മുതൽ വെട്ടിക്കവല ശ്രദ്ധിക്കപ്പെട്ടിരുന്നതായി സൂചനകൾ ഉണ്ട്. എന്തായാലും ശ്രീമൂലം തിരുനാൾ മഹാരാജവിന്റെ കാലത്താണ് ആധുനിക വെട്ടിക്കവലയുടെ പിറവി. ഇന്നു നാം കാണുന്ന വെട്ടിക്കവല മഹാദേവർ ക്ഷേത്രസമുച്ചയം പുതുക്കി പണികഴിപ്പിച്ചത് ശ്രീമൂലത്തിന്റെ കാലത്താണ്. കൂടാതെ വെട്ടിക്കവലയിലെ പുരാതന മിഡിൽസ്ക്കൂൾ, വെട്ടിക്കവല കൊ

ട്ടാരം, ഭജനമഠം തുടങ്ങിയ സ്ഥാപനങ്ങളും ശ്രീ.ശങ്കരൻതമ്പിയുടെ ഉത്സാഹവും പ്രേരണയും ഉൾക്കൊണ്ടുകൊണ്ട് ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ കാലത്ത് നിർമ്മിക്കപ്പെട്ടതാണ്. അതായത് വെട്ടിക്കവലയുടെ മുഖച്ഛായ മാറ്റിയെഴുതിയ മഹാശില്പിയായിരുന്നു പ്രജാവത്സലനായ ശ്രീമൂലം തിരുനാൾ.

ചരിത്രപ്രാധാന്യം ഏറെയുള്ള വെട്ടിക്കവലയുടെ ദേശീയോത്സവമായിരുന്നു പുരാതനകാലം മുതലേ വൃശ്ചികത്തിലെ അഷ്ടമി മഹോത്സവം. പ്രാചീന വടക്കുംകൂറിലെ വൈക്കത്തഷ്ടമിയോടൊപ്പം പെരുമയുണ്ടായിരുന്ന വെട്ടിക്കവല അഷ്ടമിക്കും എന്തുകൊണ്ടോ വെട്ടിക്കവല അഷ്ടമിയുടെ പ്രതാപത്തിന് നിറംമങ്ങിയോ എന്നു സംശയം ഉണ്ട്.

വെട്ടിക്കവല പഞ്ചായത്തിലെ ഇതരപ്രദേശങ്ങളും സാംസ്ക്കാരികമായി സ്വന്തം വ്യക്തിമുദ്ര പതിപ്പിച്ചിട്ടുണ്ട്. സദാനന്ദപുരത്തു സ്ഥിതിചെയ്യുന്ന 'അവധൂതാശ്രമം' മറ്റൊരു ബൃഹത്തായ സാംസ്ക്കാരിക കേന്ദ്രമാണ്. ഋഷിതുല്യരായ സദാനന്ദസ്വാമികളും, മഹാപ്രസാദംസ്വാമിയുംഇപ്പോൾ സ്വാമി പ്രേമാനന്ദഭാരതിയും നേതൃത്വം കൊടുക്കുന്ന ആശ്രമം ഭാരതം മുഴുവൻ അറിയപ്പെടുന്നു. ആത്മീയതയോടൊപ്പം ദശാബ്ദങ്ങളായി ആയുർവേദത്തിലും, വിദ്യാഭ്യാസത്തിലും കൃഷിയിലും, മഠാധിപതികൾ സമഗ്രമായ ശ്രദ്ധപതിപ്പിച്ചിരുന്നു.

നൂറ്റാണ്ടുകളുടെ പ്രാചീനതയോടെ ക്രിസ്തീയദേവാലയങ്ങൾ പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിൽ തല ഉയർത്തി നിൽക്കുന്നു. പനവേലി മർത്തോമാ ചർച്ച് കൂടുതൽ പാരമ്പര്യമുള്ള ഒരു ക്രിസ്തീയദേവാലയമാണെന്ന് വിശ്വസിക്കപ്പെടുന്നു. ക്രിസ്തീയ സഭയിലെ എല്ലാ വിഭാഗത്തിലും പെട്ട ചർച്ചുകൾ നമ്മുടെ പഞ്ചായത്തിൽ ദൃശ്യമാണ്.

തിരുവിതാംകൂർ ഭാഗത്തുള്ള അതിപുരാതന മുസ്ലീം ദേവാലയങ്ങളിൽ ഒന്നാണ് തലച്ചിറ വലിയ പള്ളി. തലച്ചിറയും പരിസരത്തുമുള്ള നൂറുകണക്കിന് ഇസ്ലാമിക വിശ്വാസികളുടെ ആത്മീയ കേന്ദ്രമായി ഈ ദേവാലയം പരിശോഭിക്കുന്നു. മറ്റു മതസ്ഥർ പോലും ഉദ്ദിഷ്ടകാര്യസാദ്ധ്യത്തിനായി ഇവിടെ നേർച്ചകൾ നടത്തിപ്പോരുന്നു.

## സാഹിത്യവും കലയും

അഗ്നിസാക്ഷിയുടെ കർത്താവായ ലളിതാംബിക അന്തർജ്ജനം നമ്മുടെ പഞ്ചായത്തിൽ കോട്ടവട്ടത്ത് തെങ്കുന്നത്തു മഠത്തിലാണ് ജനിച്ചുവളർന്നത്. ഈടുറ്റ നിരവധി കവിതകളുടെയും കഥകളുടെയും നോവലുകളുടെയും രചനയിലൂടെയും ശ്രീമതി അന്തർജ്ജനം വിശ്വസാഹിത്യത്തിലെ അറിയപ്പെടുന്ന ഒരു എഴുത്തുകാരിയായി ആരാധിക്കപ്പെടുന്നു.

കവിയും, കലാകാരനും, വാഗ്മിയുമായ ശ്രീ.വെട്ടിക്കവല നാരായണദാസ് കേരളക്കരയിലെ അറിയപ്പെടുന്ന സാഹിത്യകാരനായിരുന്നു.

കഥകളിയും, ഓട്ടൻതുള്ളലും, കമ്പടികളിയും, ഭരതകളിയും, വേലകളിയും, കാക്കാരിശിനാടകവും, പരിശമുട്ടുകളിയും, കുത്തിയോട്ടവും നമ്മുടെ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉത്സവകാലങ്ങളിൽ ഉത്സവലഹരിയിൽത്തന്നെ അരങ്ങേറിയിരുന്നു. അവയെല്ലാം പഠിപ്പിക്കുന്ന കളരികളും ഇവിടെത്തന്നെ ഉണ്ടായിരുന്നു. നാഗസ്വരകച്ചേരിയുമായി ബന്ധപ്പെട്ട കലാശാലകളെല്ലാം തന്നെ ക്ഷേത്രപരിസരങ്ങളിൽ പ്രചുരപ്രചാരത്തിലായിരുന്നു. അനുഷ്ഠാന കലകളുടെ വളർച്ച നമ്മുടെ പഞ്ചായത്തിന്റെ മറ്റൊരു സവിശേഷതയായിരുന്നു.

സ്വാതന്ത്ര്യസമരത്തിന്റെ തീച്ചൂളയിലേക്ക് സ്വയം എടുത്തു ചാടിയ ധീരദേശാഭിമാനികളുടെ ഒരു നിരതന്നെ നമ്മുടെ പഞ്ചായത്തിലുണ്ടായിരുന്നു. അറിയപ്പെടുന്നവരും അല്ലാത്തവരുമായ പ്രസ്തുത വീരനേതാക്കളുടെ സ്മരണക്കു മുൻപിൽ ശിരസ്സുനമിക്കുവാൻ ഈ തലമുറ കടപ്പെട്ടിരിക്കുന്നു.

കോട്ടവട്ടം ശ്രീ.സി.കൃഷ്ണൻ പോറ്റി, വെട്ടിക്കവല പി.കെ.ഗോവിന്ദപ്പിള്ള (ശൂരനാടൻ), വെട്ടിക്കവല നാരായണനുണ്ണി, തലച്ചിറ ആർ.ഈശ്വരൻ, വെട്ടിക്കവല ശ്രീ.എ.കെ.നാരായണൻ വൈദ്യർ തുടങ്ങിയവർ അറിയപ്പെടുന്ന സ്വാതന്ത്ര്യസമരസേനാനികളാണ്. ദേശീയരാഷ്ട്രീയ പ്രസ്ഥാനത്തോടൊപ്പം സോഷ്യലിസ്റ്റ്-കമ്മ്യൂണിസ്റ്റ് ദർശനങ്ങളും പ്രാരംഭദശയിൽത്തന്നെ വെട്ടിക്കവല പഞ്ചായത്തിൽ വേരോടിയിരുന്നു. 1947നു മുൻപു തന്നെ തിരുവിതാംകൂർ നിയമസഭയിൽ ഒരു വെട്ടിക്കവലക്കാരൻ ഉണ്ടായിരുന്നു. അന്നത്തെക്കാലത്ത് 25 രൂപ കരം തീരുവ ഉള്ളവർക്കുമാത്രമേ വോട്ടവകാശം ഉണ്ടായിരുന്നുള്ളു. അപ്രകാരമുള്ള 41 പേരുടെ വോട്ടുനേടിയാണ് നാട്ടുകാർക്ക് പ്രിയങ്കരനായിരുന്ന സി.കൃഷ്ണൻപോറ്റി എം.എൽ.സി.ആയത്. കോട്ടവട്ടം മഠത്തിൽ ശ്രീമതി ലളിതാംബിക അന്തർജ്ജനത്തിന്റെ സഹോദരനായിരുന്ന ഇദ്ദേഹം. അൻപതുകളിലും അറുപതുകളിലും കേരള രാഷ്ട്രീയത്തിൽ പ്രകാശം പരത്തിയിരുന്നു ശ്രീ. സി.ഡി.ദാമോദരൻ പോറ്റി കേരളപൊതുമരാമത്ത് വകുപ്പ് മന്ത്രിയായും കേരള നിയമസഭാ സ്പീക്കറായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. പരേതനായ ശ്രീ.വെട്ടിക്കവല കൊച്ചുകുഞ്ഞ് രണ്ടുപ്രാവശ്യം എം.എൽ.എ. ആയും, ഗുരുവായൂർ ദേവസ്വം ബോർഡ് അംഗമായും തിരഞ്ഞെടുക്കപ്പെട്ട ഒരു നേതാവായിരുന്നു.

## ശാസ്ത്രം

അരനൂറ്റാണ്ടിനുമുൻപ് തന്നെ ആയുർവ്വേദം ഒരു ശാസ്ത്രം എന്ന നിലയിൽ ഇവിടെ വികസിച്ചിരുന്നു. ജ്യോതിഷവും അക്കാലത്ത് സമൂഹത്തിൽ വലിയ സ്വാധീനം ചെലുത്തിയിരുന്നു. പ്രഗത്ഭമതികളായ ആയുർവ്വേദ ഭിഷഗ്വരന്മാരുടെ സേവനം പഴയകാലത്ത് ഒരു വലിയ അനുഗ്രഹം തന്നെയായിരുന്നു. വെട്ടിക്കവല ഗോവിന്ദൻ വൈദ്യർ, ശങ്കരൻ വൈദ്യൻ, സദാനന്ദപുരം രാഘവൻപിള്ള വൈദ്യൻ, മരങ്ങാട് ഗോവിന്ദൻ നായർ വൈദ്യർ, ചക്കുവരയ്ക്കൽ ശ്രീധരൻ വൈദ്യർ, തലച്ചിറ ആർ.രാമചന്ദ്രൻ ഉണ്ണിത്താൻ വൈദ്യർ, തുടങ്ങിയവർ വെട്ടിക്കവല പഞ്ചായത്തിലെ മൺമറഞ്ഞ ഭിഷഗ്വര ശ്രേഷ്ഠൻമാർ ആണ്.

മഹാന്മാരായ ജ്യോത്സ്യന്മാരുടെയും മസൂരി വൈദ്യന്മാരുടെയും സൗജന്യസേവനം അക്കാലത്ത് ഇവിടെ ലഭ്യമായിരുന്നു. ശ്രീ കടുവങ്കൽ നാരായണപിള്ള തോണ്ടലിൽ നാരായണൻ നായർ തുടങ്ങിയ വിഷവൈദ്യമൃഗവൈദ്യ ശ്രേഷ്ഠൻ

മാരും നാട്ടിന്റെ അഭിമാനഭാജനങ്ങളായിരുന്നു.

## വിദ്യാഭ്യാസരംഗം

ഒരു നൂറ്റാണ്ടിനു മുൻപുതന്നെ വെട്ടിക്കവല പഞ്ചായത്തിൽ അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾ കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നു. വെട്ടിക്കവല, സദാനന്ദപുരം, ചക്കുവരയ്ക്കൽ എന്നിവടങ്ങളിലാണ് പ്രാചീനവിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടിരുന്നത്. അരനൂറ്റാണ്ടിനു മുൻപുതന്നെ തലച്ചിറ, കോക്കാട്, കോട്ടവട്ടം പ്രദേശങ്ങളിൽ സ്കൂളുകൾ സ്ഥാപിക്കപ്പെട്ടു. മറ്റു സ്കൂളുകൾ 1947നു ശേഷമാണ് നിലവിൽ വന്നത്. കോളേജ് വിദ്യാഭ്യാസത്തിനായി തിരുവനന്തപുരം, കൊല്ലം, കോട്ടയം എന്നീ സ്ഥലങ്ങളിൽ പോകുകയേ മാർഗമുണ്ടായിരുന്നുള്ളൂ. കഴിഞ്ഞ തലമുറകളിലെ നിലത്തെഴുത്ത് ആശാന്മാരുടെ സേവനം സ്മരണീയമാണ്. ഓലയും നാരായവും ഉപയോഗിച്ചായിരുന്നു എഴുത്ത്. അന്ന് ഒന്നിലും രണ്ടിലും ചേരാമായിരുന്നു. അദ്ധ്യാപകരുടെ അന്നത്തെവേഷം മുണ്ടും തോർത്തും ആയിരുന്നു. 1097നു ശേഷമാണ് ഷർട്ട്ഉപയോഗിച്ചുതുടങ്ങിയത്. തലയിൽ കുടുമി ഉണ്ടായിരുന്നു. ഹിന്ദുക്കൾക്ക് കാതുകളിൽ കടുക്കൻ നിർബന്ധമായിരുന്നു. സ്ത്രീകളുടെ വേഷം റൗക്കയും മുണ്ടും. പണക്കാരായ ക്രിസ്ത്യാനി സ്ത്രീകൾക്ക് നേറ്റിച്ചട്ടയും മുണ്ടും കാണാമായിരുന്നു. തിരുവനന്തപുരം A.G's. ഓഫീസിൽ ഉയർന്ന ജോലിയുണ്ടായിരുന്ന ശ്രീ.ഗോപാലപിള്ളസാർ I.A.A.S. പാസ്സായ വെട്ടിക്കവല സ്വദേശിയാണ്. അതുപോലെ വടക്കേക്കര ശ്രീ.ശിവരാമപിള്ളസാർ ഡെപ്യൂട്ടി കളക്ടർ ആയും ഉദ്യോഗം നോക്കിയിരുന്നു.

## ഗ്രന്ഥശാലാപ്രസ്ഥാനം

വ്യവസ്ഥാപിത ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ പ്രാരംഭദിശയിൽത്തന്നെ വെട്ടിക്കവല പഞ്ചായത്തിലും വായനശാലകളും ഗ്രന്ഥശാലകളും ഉയർന്നുവന്നു. വെട്ടിക്കവല, സദാനന്ദപുരം, കോട്ടവട്ടം, ചക്കുവരയ്ക്കൽ, കോക്കാട് എന്നിവിടങ്ങളിലെ ഗ്രന്ഥശാലകൾ അരനൂറ്റാണ്ടിനുമുൻപു തന്നെ നിസ്തുലമായ സേവനം നടത്തിവരുന്നു.

## മതസൗഹാർദ്ദം

മതപരമോ, വർഗീയമോ ആയ അലോരസങ്ങൾ നമ്മുടെ പഞ്ചായത്തിന്റെ ചരിത്രത്തിൽ ഒരു കാലത്തും കാണാൻ കഴിയുന്നതല്ല. പരസ്പര സൗഹാർദ്ദത്തിലും സഹകരണത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ ജീവിതശൈലിയാണ് മുൻതലമുറകൾ അനുഷ്ഠിച്ചിരുന്നത്. മഹത്തായ ആ മാതൃക എല്ലാ അർത്ഥത്തിലും ഏതു കാലത്തും പിൻതുടരേണ്ടതാണ്.

## ആഹാരരീതി

കൃഷിയിൽ നിന്ന് ഇന്ന് കിട്ടുന്നതുപോലെയുള്ള വിളവ് പഴയകാലത്ത് കിട്ടിയിരുന്നില്ല. രണ്ടാം ലോകമഹായുദ്ധകാലത്ത് ഗോതമ്പ്, ചോളം, ബജറാ തുടങ്ങിയ ധാന്യങ്ങളായിരുന്നു ജനങ്ങൾക്ക് ആഹാരത്തിനായി ലഭിച്ചിരുന്നത്. സമ്പന്ന കുടുംബങ്ങളിൽ രാവിലെ കരുപ്പട്ടികാപ്പിയും, കഞ്ഞിയും അസ്ത്രം കറിയും കാണുമായിരുന്നു. 1110 ലാണ് കാപ്പി, തേയില ഇവയുടെ പ്രചാരം ഉണ്ടായത്. പാത്രങ്ങളിലായിരുന്നില്ല തൊഴിലാളികൾക്ക് ആഹാരം കൊടുത്തിരുന്നത്.

## ഗതാഗതം

50 വർഷത്തിന് മുൻപ് തന്നെ എം.സി.റോഡ് ഉണ്ടായിരുന്നു. വാർഡുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളൊന്നും ഇല്ലായിരുന്നു. ചെങ്ങമനാട്ടുനിന്നും കൊല്ലത്തേയ്ക്കും, സദാനന്ദപുരത്തുനിന്നും ഏതാനും സ്ഥലത്തേക്കും ബസുണ്ടായിരുന്നു. സമ്പന്ന കുടുംബങ്ങളിൽ വില്ലുവണ്ടി ഉണ്ടായിരുന്നു. ആശുപത്രിയിൽ രോഗികളെ കൊണ്ടുപോയിരുന്നത് വില്ലുവണ്ടിയിലായിരുന്നു.

## കവിത

### അദ്ധ്വാനത്തിന്റെ പ്രസക്തി

കെ.സി.എം.

വിയർപ്പോടപ്പം ഭക്ഷിപ്പാൻ
ശാസന നൽകിയ കർത്താവും
അദ്ധ്വാനത്തിന് കൃത്യതയോടെ
വില കല്പിച്ചൊരു കാറൽ മാർക്സും
കർമ്മം ചെയ്യു മുന്നേറാൻ
ഉപദേശിച്ചൊരു ഭഗവത്ഗീതയും
സ്വന്തം ജോലി താൻ തന്നെ
ചെയ്തു തീർത്തൊരു ഗാന്ധിജിയും
കാട്ടിത്തന്നെ നല്ലൊരു പാത
എന്തേ നമ്മൾ മറന്നുപോയി സോദരരേ.

# വെട്ടിക്കവല ഗ്രാമപഞ്ചായത്ത്
# വികസന റിപ്പോർട്ട് 1996
# പഞ്ചായത്തിന്റെ പൊതുവിവരം

| | | |
|---|---|---|
| 1. | പഞ്ചായത്തിന്റെ പേര് | വെട്ടിക്കവല |
| 2. | ഉൾപ്പെടുന്ന വില്ലേജുകൾ | 1. വെട്ടിക്കവല<br>2. ചക്കുവരയ്ക്കൽ |
| 3. | ബ്ലോക്ക് പഞ്ചായത്തു ഡിവിഷൻ | 1. വെട്ടിക്കവല A<br>2. വെട്ടിക്കവല B |
| 4. | ബ്ലോക്ക് പഞ്ചായത്ത് | വെട്ടിക്കവല |
| 5. | താലൂക്ക് | കൊട്ടാരക്കര |
| 6. | (a) അസംബ്ലി മണ്ഡലം | കൊട്ടാരക്കര |
| | (b) പാർലമെന്റ് നിയോജകമണ്ഡലം | അടൂർ |
| 7. | വിസ്തീർണ്ണം | 36.23 ച: കി: മി |
| 8. | അതിരുകൾ | |

| | |
|---|---|
| വടക്ക് | മേലില പഞ്ചായത്ത് |
| വടക്ക് കിഴക്ക് | വിളക്കുടി പഞ്ചായത്ത് |
| കിഴക്ക് | കരവാളൂർ പഞ്ചായത്ത് |
| തെക്ക് | ഉമ്മന്നൂർ പഞ്ചായത്ത് |
| തെക്ക് കിഴക്ക് | ഇടമുളയ്ക്കൽ പഞ്ചായത്ത് |
| പടിഞ്ഞാറ് | കൊട്ടാരക്കര പഞ്ചായത്ത് |

9. ജനസംഖ്യ (1991 സെൻസസ്) 34178

| | |
|---|---|
| പുരുഷൻ : | 16172 |
| സ്ത്രീ : | 17466 |
| പട്ടികജാതി | 5587 |
| പട്ടികവർഗം | 5 |

| | | |
|---|---|---|
| | | എണ്ണം |
| വാർഡുകളുടെ എണ്ണം | : | 13 |
| പട്ടികജാതി സംവരണം | | 2 |
| വനിതാ സംവരണം | | 3 |
| പട്ടികജാതി വനിത സംവരണം | | 1 |
| ജനറൽ | | 7 |
| പ്രസിഡന്റിന്റെ പേര് | | അഡ്വ:ജി.ശശിധരൻപിള്ള |
| വൈസ് പ്രസിഡന്റിന്റെ പേര് | | ഷെഫിഷിഹാബ് |
| രൂപീകരിച്ച വർഷം | | 1953 ജൂലൈ |

## പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ

1. വെട്ടിക്കവല ഗ്രാമപഞ്ചായത്ത്ആഫീസ്
2. കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ്, വെട്ടിക്കവല
3. കൃഷിഭവൻ, വെട്ടിക്കവല
4. ക്ഷീരവികസന ഓഫീസ്, വെട്ടിക്കവല
5. വെറ്റിനറി ഹോസ്പിറ്റൽ, പനവേലി
6. കാർഷിക സർവ്വകാലശാല കൃഷിവിജ്ഞാന കേന്ദ്രം, സദാനന്ദപുരം
7. പ്രാഥമിക ആരോഗ്യകേന്ദ്രം, തലച്ചിറ
8. ഹൈസ്ക്കൂളുകൾ 4, യു.പി.സ്ക്കൂൾ-4, എൽ.പി.സ്ക്കൂൾ-8
9. ICDS ഓഫീസ് പനവേലി, അംഗൻവാടികൾ 33
10. ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസ്, വെട്ടിക്കവല
    (a) വി.ഇ.ഒ. ഓഫീസ് സദാനന്ദപുരം
    (b) വി.ഇ.ഒ. ഓഫീസ്, വെട്ടിക്കവല
    (c) വി.ഇ.ഒ. ഓഫീസ്, ചക്കുവരയ്ക്കൽ
11. വില്ലേജ് ഓഫീസ്
    1. വെട്ടിക്കവല, 2. ചക്കുവരയ്ക്കൽ
12. സർവ്വീസ് സഹകരണബാങ്ക്
    1. വെട്ടിക്കവല, 2. ചക്കുവരയ്ക്കൽ
13. വാണിജ്യ ബാങ്കുകൾ:
    1. ഇൻഡ്യൻ ഓവർസീസ്ബാങ്ക്, വെട്ടിക്കവല
    2. സിൻഡിക്കേറ്റ് ബാങ്ക്, പനവേലി
    3. ഫെഡറൽ ബാങ്ക്, കോക്കാട്
14. ടെലിഫോൺ എക്സ്ചേഞ്ച്: 1. വെട്ടിക്കവല, 2.കോക്കാട്
15. പട്ടികജാതി-പട്ടികവർഗ വികസന ITC- പാലമുക്ക്
16. പോസ്റ്റ് ഓഫീസുകൾ: വെട്ടിക്കവല, ചക്കുവരയ്ക്കൽ, കോക്കാട്, തലച്ചിറ, കോട്ടവട്ടം, പനവേലി, സദാന്ദപുരം, കരിക്കം.
17. സഹകരണ മാവേലിസ്റ്റോർ: വെട്ടിക്കവല
18. ESI ഡിസ്പെൻസറി: സദാനന്ദപുരം
19. IREP ബ്ലോക്ക് ആഫീസ്: സദാനന്ദപുരം (ANERT)
20. മോട്ടൽ ആരാം സദാനന്ദപുരം (K.T.D.C.)

# ആരാധനാലയങ്ങൾ

നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ ഹിന്ദു, ക്രിസ്ത്യൻ, ഇസ്ലാം മതവിശ്വാസികൾ ആണ്.

എല്ലാമതങ്ങളുടെയും ആരാധനാലയങ്ങൾ ഈ പഞ്ചായത്തിലുണ്ട്.

27 ക്രിസ്ത്യൻ ദേവാലങ്ങളും 11 ക്ഷേത്രങ്ങളും, 4 മസ്ലീം പള്ളികളും 5 ഗുരു മന്ദിരങ്ങളും നിരവധി പ്രാർത്ഥനാഹാളുകളും. ഒരു കന്യാസ്ത്രീമഠവും ഇവിടെസ്ഥിതിചെയ്യുന്നു.

ഇതിൽ ഉളിയനാട് വാർഡിൽ സ്ഥിതിചെയ്യുന്ന "ഇണ്ടിളയപ്പൻ ക്ഷേത്രവും," കോട്ടവട്ടം വാർഡിൽ സ്ഥിതിചെയ്യുന്നു. കല്ലമ്പലവും ചരിത്ര ഗവേഷകരുടെ ശ്രദ്ധപതിയേണ്ടതായ അതിപുരാതന. ക്ഷേത്രങ്ങൾ ആണ്.

# വിവിധ മേഖലകളിൽ തൊഴിലെടുക്കുന്നവർ

| വാർഡും | ഗവ. ജീവനക്കാർ | കൃഷി | കമ്പനിജീവനക്കാർ | കച്ചവടം | വിദേശ ജോലി |
|---|---|---|---|---|---|
| 1 | 65 | 640 | 118 | 26 | 89 |
| 2 | 67 | 408 | 37 | 11 | 62 |
| 3 | 52 | 512 | 100 | 35 | 25 |
| 4 | 51 | 255 | 162 | 11 | 42 |
| 5 | 45 | 603 | 46 | 12 | 10 |
| 6 | 20 | 555 | 45 | 30 | 67 |
| 7 | 17 | 444 | 42 | 27 | 53 |
| 8 | 14 | 652 | 34 | 45 | 32 |
| 9 | 19 | 524 | 47 | 102 | 146 |
| 10 | 18 | 675 | 43 | 34 | 78 |
| 11 | 86 | 431 | 120 | 5 | 51 |
| 12 | 47 | 489 | 35 | 69 | 18 |
| 13 | 34 | 206 | 42 | 30 | 16 |

അവലംബം പഞ്ചായത്തു സർവ്വേ

## മുഖ്യതൊഴിലുകൾ




അവലംബം: പഞ്ചായത്ത് സർവ്വേ

# ഒമ്പതാം പദ്ധതിയുടെ ആമുഖം

ഒമ്പതാം പഞ്ചവത്സരപദ്ധതിയിലെ വികസന പരിപാടികൾ താഴെ തട്ടിൽ നിന്നുതന്നെ ജനപങ്കാളിത്തത്തോടുകൂടി രൂപപ്പെടുത്തി എടുക്കുക എന്നതാണ് ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ അടിസ്ഥാന ലക്ഷ്യം. ആസൂത്രണം മുതൽ നടത്തിപ്പുവരെയുള്ള എല്ലാഘട്ടത്തിലും ജനപങ്കാളിത്തം ഉറപ്പുവരുത്തി വികസനപ്രവർത്തനങ്ങളോടുള്ള ജനങ്ങളുടെ നിസ്സംഗത മാറ്റി എടുക്കുക എന്നതും ഈ പ്രസ്ഥാനം ലക്ഷ്യമാക്കുന്നു. പഞ്ചായത്ത് രാജ് സംവിധാനത്തിലൂടെ നിലവിൽ വന്ന പ്രാദേശിക ഭരണസ്ഥാപനങ്ങളെ സുസജ്ജമാക്കി വികസന പ്രവർത്തനങ്ങൾക്ക് കാര്യക്ഷമമായ നേതൃത്വം നല്കുവാനും ഇതുമൂലം കഴിയും. അധികാരവികേന്ദ്രീകരണം വഴി ലഭ്യമാക്കിയിട്ടുള്ള വിവിധ സ്കീമുകൾ കൂടുതൽ ഫലപ്രദമായി നടപ്പിലാക്കാൻ ഈ പ്രസ്ഥാന സഹായിക്കുന്നു. ഏറ്റവും അടിത്തട്ടിൽ നിന്നുതന്നെ പ്രാദേശിക പ്രശ്നങ്ങൾ മനസ്സിലാക്കി ആവശ്യകതയുടെ അടിസ്ഥാനത്തിൽ സന്നദ്ധപ്രവർത്തനം, പ്രാദേശിക വിഭവസമാഹരണം എന്നിവ വഴി വികസന പ്രവർത്തനങ്ങൾ പലമടങ്ങ് കാര്യക്ഷമമാക്കുന്നതിന് ഈ പ്രസ്ഥാനം സഹായകരം ആണ്.

ജനകീയ ആസൂത്രണ പരിപാടിയുടെ ഭാഗമായി ഒന്നാംഘട്ട പരിശീലനം ജില്ലാതലത്തിൽ 1996 സെപ്തംബർ 8 മുതൽ 10 വരെ കൊട്ടാരക്കര SIRD-യിൽ നടന്നു. ഈ പരിശീലനത്തിൽ നമ്മുടെ പഞ്ചായത്തിൽനിന്നും

(1) കെ.സി.മത്തായി 2. പി.എ.ഫിലിപ്പ് 3. എം.വിജയസേനൻ 4. മുഹമ്മദ് ബഷീർ, 5. സി.ജി.പൊന്നച്ചൻ, 6. ഷാനവാസ് 7.എ.ചന്ദ്രശേഖരൻ നായർ 8. കെ.മോഹനൻപിള്ള (സെക്രട്ടറി), 9. അഡ്വ:ജി.ശശിധരൻപിള്ള (പ്രസിഡന്റ്) എന്നിവർ പങ്കെടുത്തു.

പഞ്ചായത്തുതല [illegible]ന സെമിനാർ സദാനന്ദപുരം കാർഷിക സർവ്വകലാശാല സെമിനാർ ഹാളിൽ 12.9.96ൽ നടന്നു. ഈ സെമിനാറിൽ 86 പേർ പങ്കെടുത്തു. സെമിനാറിൽ വച്ച് വിവിധ വിഷയങ്ങൾക്കായി 12 കോർ ഗ്രൂപ്പുകൾ രൂപീകരിച്ചു

വിശേഷാൽ ഗ്രാമസഭകൾ 21.9.96 മുതൽ 2.10.96വരെ നടത്തുന്നതിനും തീരുമാനിച്ചു.

# വിശേഷാൽ ഗ്രാമസഭകൾ

| | വാർഡ് | തീയതി, സ്ഥലം, സമയം | പങ്കെടുത്തവർ | | |
|---|---|---|---|---|---|
| | | | സ്ത്രീ | പുരു | ആകെ |
| 1. | ഉളിയനാട് | 29.9.96 ഗവഃഎൽ.പി.എസ്.കരിക്കം 2 PM | 25 | 84 | 109 |
| 2. | സദാനന്ദപുരം | 22.9.96 ഗവഃഎച്ച്.എസ്.സദാനന്ദപുരം 2 PM | 31 | 95 | 126 |
| 3. | വെട്ടിക്കവല | 21.9.96 ജി.എം.എച്ച്.എസ്. വെട്ടിക്കവല 9.30 AM | 21 | 98 | 119 |
| 4. | ഇരണൂർ | 22.9.96 ഗവഃഎച്ച്.എസ്.സദാനന്ദപുരം 9 AM | 23 | 109 | 132 |
| 5. | കണ്ണങ്കോട് | 25.9.96 ഗവഃവെൽഫയർ എൽ.പി.എസ്. പാലമുക്ക് 2 PM | 22 | 97 | 119 |
| 6. | പനവേലി | 26.9.96 വെറ്റിനറി ആശുപത്രി. പനവേലി 2 PM | 21 | 102 | 123 |
| 7. | ചിരട്ടക്കോണം | 29.9.96 ഗവഃവെൽഫയർ എൽ.പി.എസ്. പാലമുക്ക് 2 PM | 28 | 175 | 203 |
| 8. | കമുകിൻ കോട് | 27.9.96 ഗവഃവെൽഫയർ എൽ.പി.എസ്സ്. കമുകിൻകോട് 2 PM | 19 | 91 | 110 |
| 9. | തലച്ചിറ | 1.10.96 ഗവഃയു.പി.എസ്, തലച്ചിറ 2 PM | 24 | 127 | 151 |
| 10. | കോക്കാട് | 30.9.96 ഗവഃഎൽ.പി.എസ്.കോക്കാട് 1 PM | 21 | 95 | 116 |
| 11. | ചക്കുവരയ്ക്കൽ | 21.9.96 ഗവഃയു.പി.എസ്. ചക്കുവരയ്ക്കൽ 2 PM | 17 | 84 | 101 |
| 12. | ഗാന്ധിഗ്രാം | 2.10.96 എം.ടി.എസ്.എൽ.പി.എസ്. കക്കോട്ടുചാൽ 2 PM | 24 | 89 | 112 |
| 13. | കോട്ടവട്ടം | 2.10.96 ഹൈസ്ക്കൂൾ, കോട്ടവട്ടം 9 AM | 19 | 99 | 118 |

ഗ്രാമസഭകളുടെ പങ്കാളിത്തം താരതമ്യേന മെച്ചമായിരുന്നു. എല്ലാ ഗ്രാമസഭകളിലും സജീവമായ ഗ്രൂപ്പ്ചർച്ചകൾ നടന്നു. അതാതു ഗ്രൂപ്പ് കൺവീനർമാരാണ് റിപ്പോർട്ടുകൾ അവതരിപ്പിച്ചത്. ചില ഗ്രാമസഭായോഗങ്ങളുടെ അവസാനം കലാപരിപാടികൾ പടന്നു.

തുടർന്ന് ഭൗതീയ സ്ഥിതി വിവരകണക്കുകൾ ശേഖരിക്കുന്നതിനുള്ള പ്രവർത്തനം, പഠനപര്യടനം എന്നിവ നടത്തി. രണ്ടാം ഘട്ട ജില്ലാതല പരിശീലനം 1996 നവമ്പർ 7, 8, 9 തീയതികളിൽ കൊട്ടാരക്കര എക്സ്റ്റൻഷൻ ട്രെയിനിംഗ് സെന്ററിൽ നടന്നു. ഒന്നാംഘട്ട പരിശീലനത്തിൽ പങ്കെടുത്ത 9 DRP-കൾക്കു പുറമേ ഉദ്യോഗസ്ഥന്മാരായ ആർ.ബാലചന്ദ്രൻനായർ കെ.ബാലചന്ദ്രൻപിള്ള എന്നിവർകൂടി ഈ പരിശീലനത്തിൽ പങ്കെടുത്തു. വികസന സെമിനാർ എങ്ങനെ നടത്താം എന്നതുസംബന്ധിച്ച് വിശദമായ ക്ലാസ്സുകളും വീഡിയോ പ്രദർശനവും ഉണ്ടായിരുന്നു. 15.11.96ൽ പഞ്ചായത്തുതല ഉദ്യോഗസ്ഥന്മാരുടെ യോഗം സാംസ്ക്കാരിതനിലയത്തിൽ ചേർന്നു. നവമ്പർ 16ാം തീയതി കാർഷിക സർവ്വകലാശാല സെമിനാർ ഹാളിൽ നടന്ന രണ്ടാംഘട്ട പഞ്ചായത്തുതല പരിശീലനത്തിൽ 74 പേർ പങ്കെടുത്തു. വീഡിയോ പ്രദർശനം മേഖല അടിസ്ഥാനമാക്കിയുള്ള ക്ലാസ്സുകൾ എന്നിവ നടന്നു. കാരണവന്മാരുടെ യോഗം, ഗ്രന്ഥശാല സെക്രട്ടറിമാരുടെ യോഗം, സഹകരണബാങ്ക്/ധനകാര്യസ്ഥാപന മേധാവികളുടെ യോഗം എന്നിവ 20.11.96ൽ ചേർന്നു.

സ്വാഗതസംഘ രൂപീകരണയോഗം 20.11.96ൽ വെട്ടിക്കവല G.M.H.S.ൽ ചേർന്നു. വിവിധ സബ്കമ്മിറ്റികൾ രൂപീകരിച്ച് പഞ്ചായത്തുതല വികസന സെമിനാർ വിജയിപ്പിക്കുന്നതിന് തീരുമാനിച്ചു.

# ഭൂപ്രകൃതിയും വിഭവങ്ങളും

ഒരു പ്രദേശത്തിന്റെ വികസനം അവിടത്തെ ഭൂപ്രകൃതി, മണ്ണ്, കാലാവസ്ഥ, ജലലഭ്യത, സസ്യജാലം എന്നിവയെ ആശ്രയിച്ചിരിക്കുന്നു. പഞ്ചായത്തു തലത്തിൽ വിവിധ പദ്ധതികൾ തയ്യാറാക്കുന്നതിന് ഇവയെക്കുറിച്ചുള്ള വിശദവിവരങ്ങൾ ലഭ്യമായെങ്കിൽ മാത്രമേ സാദ്ധ്യമാകുകയുള്ളൂ. കേരളത്തിന്റെ ഭൂപ്രകൃതി മറ്റുള്ള സംസ്ഥാനങ്ങളെ അപേക്ഷിച്ച് വിഭിന്നമാണ്. കൊടുമുടികൾ, മലകൾ, കുന്നുകൾ, താഴ്വരകൾ, പീഠഭൂമികൾ തുടങ്ങി എല്ലാത്തരം ഭൂരൂപങ്ങളും സംസ്ഥാനത്തു കാണാം. ഒരു പഞ്ചായത്ത് അതിർത്തിയിൽപ്പോലും വ്യത്യസ്ത ഭൂരാപങ്ങൾ കാണുന്നുവെന്നതാണ് കേരളത്തിന്റെ ഭൂപ്രകൃതിയുടെ സവിശേഷത.

കൊട്ടാരക്കരയിൽ നിന്നും 4 കി:മീറ്റർ അകലെ സ്ഥിതിചെയ്യുന്ന വെട്ടിക്കവല പഞ്ചായത്ത് സമാന്തരമായുള്ള കുന്നുകളും, താഴ്വരകളും നിറഞ്ഞ ഒരു ഭൂപ്രദേശമാണ്. കല്ലട ആറിന്റെയും ഇത്തിക്കര ആറിന്റെയും പോഷകനദികൾ ഇവിടെ നിന്നും ഉത്ഭവിക്കുന്നു. കേരളത്തിന്റെ ഭൂപ്രകൃതിയെ അടിസ്ഥാനമാക്കി വെട്ടിക്കവല പഞ്ചായത്തിന്റെ സ്ഥാനം ഇടനാട്ടിലാണെങ്കിലും കിഴക്കൻ പ്രദേശങ്ങൾ ഉന്നതി അനുസരിച്ച് മലനാട് മേഖലയിൽ സ്ഥിതിചെയ്യുന്നു. പ്രദേശത്തിന്റെ പൊതുവായ ചരിവ് തെക്കുനിന്നും വടക്കോട്ടാണ് എന്നാൽ തെക്കുനിന്നും പടിഞ്ഞാറോട്ടും, വടക്കുനിന്നും കിഴക്കോട്ടും ചരിവുള്ളതായികാണാം.

സ്ഥാനം:• അക്ഷാംശം വടക്ക് 8° 57' 6" മുതൽ 9° 6" വരെയും രേഖാംശം 76° 47' 21" മുതൽ 76° 53' 55" വരെയാണ് ഭൂമിശാസ്ത്രപരമായി പഞ്ചായത്തിന്റെ സ്ഥാനം.

അതിരുകൾ:-

വടക്ക്-മേലില പഞ്ചായത്ത്
വടക്ക്-കിഴക്ക് വിളക്കുടി പഞ്ചായത്ത്
കിഴക്ക്-കരവാളൂർ പഞ്ചായത്ത്
തെക്ക്-ഉമ്മന്നൂർ പഞ്ചായത്ത്
തെക്ക്കിഴക്ക്-ഇടമുളയ്ക്കൽ പഞ്ചായത്ത്
പടിഞ്ഞാറ്-കൊട്ടാരക്കര പഞ്ചായത്ത്

ഭൂപ്രകൃതി അനുസരിച്ച് വെട്ടിക്കവലയെ പ്രധാനമായും നാലായിത്തിരിക്കാം (ഭൂപടം 2 നോക്കുക)

1. സമാന്തരങ്ങളായ കുന്നിൻ നിരകൾ
2. ഒറ്റപ്പെട്ടുനിൽക്കുന്ന പ്രദേശങ്ങൾ
3. ചെരിവുപ്രദേശങ്ങൾ
4. താഴ്വരകൾ

ഓരോ മേഖലയുടെയും വിസ്തൃതി താഴെകൊടുത്തിരിക്കുന്നു.

(CESS REPORT)

| ഭൂരൂപങ്ങൾ | വിസ്തീർണ്ണം | ശതമാനം |
|---|---|---|
| കുന്നിൻ മുകൾഭാഗവും ഒറ്റപ്പെട്ട കുന്നുകളും | 531 | 14.6 |
| ചരിവുപ്രദേശങ്ങൾ | 1878 | 51.8 |
| താഴ്വരകൾ | 1214 | 33.5 |
| | 3623 | 100 |

## 1. സമാന്തരങ്ങളായ കുന്നിൻനിരകൾ:-

വടക്ക് ഭാഗത്ത് വെട്ടിക്കവല മുതൽ പടിഞ്ഞാറോട്ട് കിടക്കുന്ന നീണ്ട ഉയർന്ന പ്രദേശങ്ങൾ, ഇതിനു സമാന്തരമായി കണ്ണംകോടിന് വടക്കായി കാണുന്ന താരതമ്യേന ഉയർന്ന പ്രദേശങ്ങൾ, സദാനന്ദപുരം, കണ്ണംകോട്, ചിരട്ടക്കോണം തുടങ്ങി കുരുമ്പേലിൽ ജംഗ്ഷൻവരെ കാണുന്ന ഉയർന്ന നിരകൾ എന്നിവ ഈ വിഭാഗത്തിൽപെടുന്നു. ഇവിടെ റബറും, മിശ്രിതമരങ്ങളും കാണുന്നു. ലാറ്ററൈറ്റ് മണ്ണാണ് ഇവിടെ കാണുന്നത്. (ഭൂപടം 2 നോക്കുക)

## 2. ഒറ്റപ്പെട്ട കുന്നിൻ പ്രദേശങ്ങൾ

തെറ്റിയോട്ടുകുന്ന്, അതിനു പടിഞ്ഞാറു വശത്തായി ഒന്നാം വാർഡിൽ സ്ഥിതി ചെയ്യുന്ന ഓമ്പള്ളി (125 അടി ഉയരം), പറയ (100അടി) കുന്നുകൾ, തെറ്റിയോടു ക്ഷേത്രത്തിനു പടിഞ്ഞാറുകാണുന്ന കുന്നിൻപ്രദേശം, നിരപ്പുവിള ജംഗ്ഷനു പടിഞ്ഞാറുകാണുന്ന അയിക്കരമല (125 അടി) ഇരണൂർ ജംഗ്ഷന് തെക്കുകാണുന്ന കുട്ടപ്പാറ (175 അടി), നിരപ്പിൽ ജം



വെട്ടിക്കവല പഞ്ചായത്ത്
ഭൂരൂപങ്ങൾ
ഭൂപടം. 2
77°48'
77°50'
9°0'
8°58'
താഴ്വര
ചെരിവുപ്രദേശങ്ങൾ
കുന്നിൻമുകൾ
ചെരിവിന്റെ ദിശ

ഗ്ഷനു പടിഞ്ഞാറു കാണുന്ന പുറൻകാട്ടുകുന്ന് (125 അടി) തുടങ്ങിയവ ഈ വിഭാഗത്തിൽപ്പെടുന്നു. സമാന്തരങ്ങളായ കുന്നിൻനിരകളും ഒറ്റപ്പെട്ട കുന്നിൻപ്രദേശങ്ങളും കൂടിചേർന്ന് പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 14.6% വരുന്നു.

ഒറ്റപ്പെട്ട കുന്നുകൾ എല്ലാം തന്നെ മറ്റുപ്രദേശങ്ങളെ അപേക്ഷിച്ച് ചരിവു കൂടിയതിനാൽ ഈ പ്രദേശങ്ങളിൽ മണ്ണൊലിപ്പ് ഉണ്ടാകാറുണ്ട്. പഞ്ചായത്തിലെ ഏറ്റവും ഉയരം കൂടിയ ഭാഗം തെക്കുകിഴക്കായി കാണുന്ന ആൽത്തറ മുകൾ പത്തേക്കർ (122 മീറ്റർ) മലയാണ്. ലാറ്ററൈറ്റ് മണ്ണാണ് ഇവിടെ ഉള്ളത്.

ജലലഭ്യത താരതമ്യേന കുറവായ ഇവിടെ റബർ, മിശ്രിതമരങ്ങൾ, പാഴ്മരങ്ങൾ എന്നിവ കാണുന്നു.

### 3. ചരിവുപ്രദേശങ്ങൾ

പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 51.8% വരുന്ന ഈ പ്രദേശങ്ങളെ താരതമ്യേന ചരിവുകൂടിയ പ്രദേശങ്ങളെന്നും മിതമായ ചരിവുള്ള പ്രദേശങ്ങളെന്നും രണ്ടായിത്തിരിക്കാം. കമുകിൻകോട് വാർഡിന്റെ തെക്കു കിഴക്കു കാണുന്ന കുന്നിൻചരിവുകൾ, ഇരണൂറിനു പടിഞ്ഞാറു കാണുന്ന കുന്നിൻചരിവുകൾ, കോക്കാടിനു പടിഞ്ഞാറുള്ള കുന്നിൻ ചരിവുകൾ ഇവയാണ് താരതമ്യേന ചരിവുകൂടിയ പ്രദേശങ്ങൾ. മഴക്കാലത്ത് ഇവിടെ മണ്ണൊലിപ്പ് ഉണ്ടാകാറുണ്ട്. റബർ, മരച്ചീനി, വാഴ, അപൂർവ്വമായി തെങ്ങുകൾ എന്നിവ കൃഷിചെയ്യുന്നു.

തലച്ചിറ, കണ്ണംകോട്, തെറ്റിയോട്ട് ഭാഗങ്ങൾ വെട്ടിക്കവലയുടെ പടിഞ്ഞാറ് ഭാഗങ്ങൾ എന്നിവ ചെറിയ ചരിവുള്ള പ്രദേശങ്ങളിൽ ഉൾപ്പെടുന്നു. റബർ, മിശ്രിതവിളകൾ, തെങ്ങ്, മിശ്രിതമരങ്ങൾ എന്നിവ ഈ പ്രദേശങ്ങളിൽ കൃഷിചെയ്യുന്നു. ജലലഭ്യത മിതമായിട്ടുള്ള പ്രദേശങ്ങളാണിവ.

### 4. താഴ്‌വരകൾ

സമാന്തരങ്ങളായ കുന്നിൻനിരകളെ വേർതിരിക്കുന്ന ഭാഗങ്ങളാണ് താഴ്‌വരകൾ. താഴ്‌വരകൾ എല്ലാംതന്നെ തോടുകളുമായി ബന്ധപ്പെട്ടിരിക്കുന്നു. പനവേലി തോട് ഒഴുകുന്ന ഭാഗങ്ങൾ പ്രത്യേകിച്ച് പനവേലിക്കു പടിഞ്ഞാറു തുടങ്ങി നെടുമൺ കാവു വഴി പടിഞ്ഞാറോട്ടു പോകുന്ന ഭാഗങ്ങൾ, തലച്ചിറ കമുകിൻകോട്, കടുവാപ്പാറയ്ക്ക് പടിഞ്ഞാറ് അവിടെ നിന്നും വടക്കോട്ട് ചുവരയ്ക്കൽ ഭാഗത്തേയ്ക്കു പോകുന്ന തലച്ചിറ തോടും അതുമായി ബന്ധപ്പെട്ടു കിടക്കുന്ന പ്രദേശങ്ങളും നെല്ലിക്കോട് ഏലാ, തെറ്റിയോട് ഏലാ എന്നിവയും ഈ വിഭാഗത്തിൽപ്പെടുന്നു. ഇത്ആകെ വിസ്തൃതിയുടെ 33.6% ആണ്. ഇവിടത്തെ പ്രധാനകൃഷി നെല്ലാണ്. കൂടാതെ വാഴ, ഇഞ്ചി, മരച്ചീനി എന്നിവയും കൃഷിചെയ്യുന്നു.

ഭൂപ്രകൃതിയെ കാണിക്കുന്ന ഭൂപടത്തിൽ (ഭൂപടം 3 നോക്കുക) പ്രദേശത്തിന്റെ ചരിവുകളുടെ ദിശ കാണിക്കുന്ന ചിഹ്നം കൊടുത്തിരിക്കുന്നു. കൂടാതെ നീർമറിരേഖകൾ, തോടുകൾ, 20 മീറ്ററിനു താഴെയുള്ള ഭൂപ്രദേശങ്ങൾ എന്നിവ അടയാളപ്പെടുത്തിയിട്ടുണ്ട്. നീർമറി രേഖകൾ കാണുന്ന പ്രദേശത്തു വീഴുന്ന ജലം പ്രദേശത്തിന്റെ ചെരിവിനനുസരിച്ച് ഒഴുകി അതാതു തോടുകളിൽ എത്തിച്ചേരുന്നു.

നിമ്നോന്നതയെ അടിസ്ഥാനമാക്കി വെട്ടിക്കവലയെ മൂന്നായി തിരക്കാം. (ഭൂപടം 4 നോക്കുക)

1. 40 മീറ്ററിൽ താഴെ
2. 40 മുതൽ 80 മീറ്റർ വരെ
3. 80 മീറ്ററിനു മുകളിൽ

ഇവയിൽ ഓരോ വിഭാഗത്തിന്റെയും വിസ്തീർണ്ണം ചുവടെ കൊടുക്കുന്നു.

(CESS REPORT)

| നിമ്നോന്നത മേഖലകൾ | വിസ്തീർണ്ണം (ഹെക്ടറിൽ) | ശതമാനം |
|---|---|---|
| 1. 40 മീറ്ററിൽ താഴെ | 843 | 23.2 |
| 2. 40 മുതൽ 80 മീറ്റർ വരെ | 2518 | 69.5 |
| 3. 80 മീറ്ററിനു മുകളിൽ | 262 | 7.3 |
| ആകെ | 3623 | 100 |

പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 23.2%വും 40 മീറ്ററിൽ താഴെയാണ് കാണുന്നത്. പനവേലിയ്ക്ക് പടിഞ്ഞാറ്, സദാനന്ദപുരത്തിന് വടക്ക്, തലച്ചിറയ്ക്ക് വടക്കും തെക്കും ഭാഗങ്ങൾ, പനവേലി തോടും സമീപപ്രദേശങ്ങളും തെറ്റിയോട് ഏലാ, നെല്ലിക്കോട് ഏലാ, തലച്ചിറ തോടിന്റെ ഭാഗങ്ങൾ, പനവേലി തോട് എന്നിവയും അവയുടെ സമീപപ്രദേശങ്ങളും ഉൾപ്പെടുന്നു.

40 മുതൽ 80 മീറ്റർ വരെ ഉയരത്തിൽ കാണുന്ന പ്രദേശങ്ങളാണ് പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗം, കോട്ടവട്ടം (വടക്കു കിഴക്കു ഭാഗം) കണ്ണംകോട്, ചിരട്ടകോണം, തലച്ചിറയ്ക്ക് പടിഞ്ഞാറ് എന്നിവ. ഇത് ആകെ ഭൂവിസ്തൃതിയുടെ 69.5% ആണ്.

പനവേലി തോടിനു തെക്കുഭാഗം, കണ്ണംകോടിന് വടക്ക്, എരണൂർ, കോക്കാട് ഭാഗങ്ങൾ പഞ്ചായത്തിന്റെ തെക്കുകിഴക്കൻ പ്രദേശങ്ങൾ എന്നിവയാണ് 80 മീറ്ററിനു മുകളിൽ കാണുന്ന പ്രദേശങ്ങൾ. ഇത് ആകെ വിസ്തൃതിയുടെ 7.3% ആണ്.

### കാലാവസ്ഥ

തെക്കൻ ഇടനാട് കാർഷിക മേഖലയിലാണ് വെട്ടിക്കവല പഞ്ചായത്ത് ഉൾപ്പെടുന്നത്. ജില്ലയിലെ കാലാവസ്ഥ തന്നെയാണ് വലിയ ഏറ്റക്കുറച്ചിലുകൾ ഇല്ലാതെ പഞ്ചായത്തിൽ അനുഭവപ്പെടുന്നത്.

അവലംബം (Land Resources of Kerala)

| വർഷം | വാർഷിക വർഷപാതം മി.മീറ്ററിൽ |
|---|---|
| 1989-90 | 2559 |
| 1990-91 | 2745 |
| 1991-92 | 2430 |
| 1992-93 | 3265 |


വെട്ടിക്കവല പഞ്ചായത്ത്
നിമ്നോന്നത രൂപം
MTS
സൂചിക
ഉന്നതി (സമുദ്രനിരപ്പിൽ നിന്ന്)
Below 40 M
40-80 M
Above 80 M



വെട്ടിക്കവല പഞ്ചായത്ത്
ഭൂപ്രകൃതി
ഭൂപടം. 3
N
500 0 500 1000 1500 MTS
77°50'
9°0'
സൂചിക
പഞ്ചായത്ത് അതിര്
തോടുകൾ
നീർമറി രേഖ
സമോന്നതരേഖ
ചരിവിന്റെ ദിശ
അവലംബം. വിഭവ ഭൂപടം

1989 മുതൽ 93 വരെയുള്ള കാലയളവിൽ പ്രദേശത്ത് ഏറ്റവും കൂടുതൽ മഴലഭിച്ചത് 1992-93ലാണ്. 3265 മില്ലിമീറ്ററാണ് വാർഷിക വർഷപാതം. ഈ നാലുവർഷത്തിനിടയിൽ മഴയുടെ അളവ് കുറഞ്ഞത് 1991-92 ലാണ്. 2430 മില്ലി മീറ്റർ മഴയാണ് ഈ കാലയളവിൽ ലഭിച്ചത്. 1990 മുതൽ 93 വരെ വിവിധ കാലയളവിൽ ലഭിച്ച വർഷപാതം താഴെകൊടുക്കുന്നു.

വാർഷിക വർഷപാതം മില്ലിമീറ്ററിൽ

(Land Resources of Kerala)

| വർഷം | തെക്കു പടിഞ്ഞാറൻ മൺസൂൺ കാലം | വടക്കു കിഴക്കൻ മൺസൂൺ കാലം |
|---|---|---|
| 1990 | 814 | 585 |
| 1991 | 1879 | 704 |
| 1992 | 1435 | 1418 |
| 1993 | 1363 | 1008 |

തെക്കു പടിഞ്ഞാറൻ മൺസൂൺ കാലയളവിലാണ് ജില്ലയിൽ കൂടുതൽ മഴ ലഭിച്ചത്. 1991ൽ ലഭിച്ച 1879 മില്ലിമീറ്ററാണ് 90 മുതൽ 93 വരെയുള്ള കാലയളവിൽ ലഭിച്ചത്. ഏറ്റവും കുറവ് 1990ലും (814 മി:മീ). വടക്കുകിഴക്കൻ മൺസൂൺ കാലം ശുഷ്കമെങ്കിലും 1993 കാലയളവിൽ 1008 മി:മീറ്റർ മഴ ലഭിച്ചിട്ടുണ്ട്. (ചിത്രം 2 നോക്കുക)

കാലാവസ്ഥയുടെ മറ്റൊരു പ്രധാന ഘടകമാണ് ഊഷ്മാവ്. ഊഷ്മാവിലുണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ കാലാവസ്ഥയിലും, സസ്യജാലം, ജന്തുജാലങ്ങൾ എന്നിവയിലും പ്രകടമായ മാറ്റങ്ങൾ ഉണ്ടാക്കുന്നു. 1990 മുതൽ 1993 വരെയുള്ള ശരാശരി വാർഷിക താപനിലയുടെ വിവരം താഴെകൊടുക്കുന്നു. (ചിത്രം 1 നോക്കുക)

അവലംബം (Land Resource of Kerala)

ശരാശരി താപനില ഡിഗ്രി സെൽഷ്യസിൽ

| വർഷം | കൂടിയ താപനില | കുറഞ്ഞ താപനില |
|---|---|---|
| 1990 | 36.7 | 19.8 |
| 1991 | 36.6 | 20.5 |
| 1992 | 38.5 | 19.8 |
| 1993 | 36.7 | 19.6 |

## ജലവിഭവങ്ങൾ

തോടുകൾ, കുളങ്ങൾ, കിണറുകൾ എന്നിവയാണ് ഇവിടത്തെ പ്രധാന ജലസ്രോതസ്സുകൾ. ഇവയിലെ ജലലഭ്യത മഴയെ ആശ്രയിച്ചാണിരിക്കുന്നത്. 1989 മുതൽ 93 വരെയുള്ള മഴയുടെ ലഭ്യത പരിശോധിച്ചാൽ ലഭ്യമാകുന്നത് ജില്ലയിൽ വർഷത്തിൽ 2750 മില്ലി മീറ്റർ മഴ പെയ്യുന്നുവെന്നാണ്. ഇടവം, തുലാം, വൃശ്ചികം, മാസങ്ങളിലാണ് പഞ്ചായത്തിൽ നല്ല മഴ ലഭിക്കുന്നത്. വരൾച്ച അനുഭവപ്പെടുന്നത് മകരം, കുംഭം മാസങ്ങളിലാണ്.

രണ്ടു പ്രധാന നദികളുടെ തോടുകളാണ് പഞ്ചായത്തിലുള്ളത്. വടക്കുഭാഗത്തുള്ള പുഴകൾ കല്ലട നദീതട വ്യവസ്ഥയിലും തെക്കു പടിഞ്ഞാറുള്ള പനവേലിതോട് തെറ്റിയോട് ഏലാതോട് എന്നിവ ഇത്തിക്കര നദീതട വ്യവസ്ഥയിലുമാണ്. (ഭൂപടം 5 നോക്കുക)

കോട്ടവട്ടം ചക്കുവരയ്ക്കൽ തോട്, തലച്ചിറ തോട്, പച്ചൂർ തോട്, നെല്ലിക്കോട് ഏലാതോട്, തെറ്റിയോട് ഏലാതോട്, പനവേലിതോട് കോട്ടൂർ തോട് എന്നിവയാണ് പഞ്ചായത്തിലെ പ്രധാനതോടുകൾ. ഇവയുടെ ആകെ നീളം 55 കി:മീറ്ററാണ്. ഇവകൂടാതെ കനാലുകളും പഞ്ചായത്തിനാവശ്യമായ ജലം നല്കുന്നുണ്ട്. പഞ്ചായത്തിലെ കനാലുകളുടെ ആകെ നീളം 10.92 കിലോ മീറ്ററാണ്.

ഓരോ പുഴകളുടെ നീളവും അവയിലുൾപ്പെടുന്ന ഭൂരൂപങ്ങളുടെ വിസ്തൃതിയും, പ്രധാനപ്പെട്ട നീർമറി പ്രദേശങ്ങളുടെ വിസ്തൃതിയും പട്ടികരൂപത്തിൽ താഴെ കൊടുത്തിരിക്കുന്നു.

(CESS REPORT)

| നീർമറി പ്രദേശങ്ങൾ | നീളം K.M. | ഭൂരൂപങ്ങൾ (ഹെക്ടറിൽ) കുന്നിൻ മുകൾ | ചരിവ് പ്രദേശങ്ങൾ | താഴ്വര | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|---|---|---|---|
| 1. കോട്ടവട്ടം ചക്കുവരയ്ക്കൽതോട് | 8.75 | 94 | 424 | 232 | 750 |
| 2. തലച്ചിറ തോട് | 17.50 | 266 | 314 | 377 | 957 |
| 3. പച്ചൂർ തോട് | 2.50 | 75 | 27 | 85 | 187 |
| 4. നെല്ലിക്കോട് ഏലാതോട് | 9.75 | 225 | 149 | 176 | 550 |
| 5. തെറ്റിയോട് ഏലാതോട് | 4.50 | 36 | 85 | 107 | 228 |
| 6. പനവേലിതോട് | 12.00 | 172 | 425 | 221 | 818 |
| 7. കോട്ടൂർതോട് | 3.00 | 81 | 32 | 94 | 207 |

പ്രധാനപ്പെട്ട ഏഴ് നീർത്തടങ്ങൾ ഉള്ളതിൽ ഏറ്റവും കൂടുതൽ വിസ്തീർണ്ണമുള്ള നീർത്തടം തലച്ചിറ തോടാണ്. ഇതിന്റെവിസ്തീർണം 957 ഹെക്ടർ ആണ്. ഏറ്റവും കൂടുതൽ നീളമുള്ള തോടും തലച്ചിറ തോടാണ് 17.50 കിലോമീറ്റർ. ഓരോ നീർത്തടങ്ങളിൽ ഉൾപ്പെടുന്ന ഭൂരൂപങ്ങളുടെ വിസ്തീർണ്ണവും ചാർട്ടിൽ കൊടുത്തിട്ടുണ്ട്.

പഞ്ചായത്തിന്റെ വിഭിന്നമായ ഭൂപ്രകൃതി കാരണം ഇവിടെ കുളങ്ങൾ താരതമ്യേന കുറവാണ്. പഞ്ചായത്തിലെ കുളങ്ങളും അവ സ്ഥിതിചെയ്യുന്ന വാർഡുകളും താഴെകൊടുക്കുന്നു

## താപനില




ചിത്രം.1

## വർഷപാതം




ചിത്രം.2

VETTIKAVALA GRAMA PANCHAYAT
VETTIKAVALA P.O.


വെട്ടിക്കവല പഞ്ചായത്ത്
തോടുകൾ
ഭൂപടം. 5
MTS
സൂചിക
പഞ്ചായത്ത് അതിര്
തോട്
2. തലച്ചിറ തോട്
3. പച്ചൂർ തോട്
6. പനവേലി തോട്

കുളങ്ങളുടെ വിവരണം (CESS REPORT)

| വാർഡ് | കുളങ്ങളുടെ എണ്ണം |
|---|---|
| സദാനന്ദപുരം | 2 |
| വെട്ടിക്കവല | 1 |
| ഇരണൂർ | 1 |
| പനവേലി | 4 |
| ചക്കുവരയ്ക്കൽ | 1 |
| കോട്ടവട്ടം | 1 |

കുടിവെള്ളത്തിന് ജനങ്ങൾ ഏറെയും കിണറുകളെയാണ് ആശ്രയിക്കുന്നതെങ്കിലും സദാനന്ദപുരം, പനവേലി വെട്ടിക്കവല എന്നിവിടങ്ങളിൽ പൈപ്പുവഴി ശുദ്ധജലം ലഭിക്കുന്നുണ്ട്. പനവേലിയിൽ കുണ്ടറ ജലസേചന പദ്ധതി പ്രകാരം പൈപ്പ് ലൈൻ ഇട്ടിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 2244 കിണറുകളിൽ 66 കിണറുകൾ ഏപ്രിൽ മേയ് മാസങ്ങളിൽ വറ്റുന്നവയാണ് വെട്ടിക്കവല വാർഡിലാണ് ഏറ്റവുംകൂടുതൽ വറ്റാത്ത കിണറുകൾ ഉള്ളത്.

കിണറുകളിൽ വറ്റുന്നവ, വറ്റാത്തവ വാർഡ് അടിസ്ഥാനത്തിൽ വേർതിരിച്ച് താഴെകൊടുത്തിരിക്കുന്നു.

കിണറുകളുടെ വിതരണം (CESS REPORT)

| വാർഡ് | കിണറുകൾ | | ആകെ |
|---|---|---|---|
| | വറ്റുന്നവ | വറ്റാത്തവ | |
| 1 | 63 | 382 | 445 |
| 2 | 52 | 307 | 359 |
| 3 | 24 | 462 | 486 |
| 4 | 70 | 283 | 353 |
| 5 | 39 | 226 | 265 |
| 6 | 26 | 306 | 332 |
| 7 | 98 | 280 | 378 |
| 8 | 33 | 381 | 414 |
| 9 | 94 | 262 | 356 |
| 10 | 31 | 351 | 382 |
| 11 | 90 | 374 | 464 |
| 12 | 136 | 271 | 407 |
| 13 | 121 | 189 | 310 |
| ആകെ | 877 | 4074 | 4951 |

## മണ്ണ്

പ്രധാനമായും രണ്ടുതരത്തിലുള്ള മണ്ണാണ് ഈ പ്രദേശത്ത് കാണുന്നത്.

1. ലാറ്ററൈറ്റ് മണ്ണ്
2. എക്കൽ മണ്ണ് (അലൂവിയൽ മണ്ണ്)

ഇതുകൂടാതെ തോടുകളുടെ തിരങ്ങളിൽ നദീതീര എക്കൽമണ്ണും കാണുന്നു.

അമ്ല സ്വഭാവമുള്ള പാറകൾക്ക് ശക്തിയായ മഴയുടെയും വെയിലിന്റെയും മാറിമാറിയുള്ള പ്രവർത്തനത്തിന്റെ ഫലമായി അപക്ഷയം സംഭവിച്ചാണ് ലാറ്ററൈറ്റ് മണ്ണുണ്ടാകുന്നത്. വെട്ടിക്കവല പഞ്ചായത്തിൽ കൂടുതൽ പ്രദേശത്തും ഇത്തരത്തിലുള്ള മണ്ണാണ് കാണുന്നത്. പ്രത്യേകിച്ച് കുന്നുകളിലും ചരിവുപ്രദേശങ്ങളിലും ലാറ്ററൈറ്റ് മണ്ണ് കാണുന്നു.

എക്കൽമണ്ണ്:- പ്രധാനമായും താഴ്‌വരകളിലും, പുഴകളുടെ തീരങ്ങളിലും ഇത്തരത്തിലുള്ള മണ്ണു കാണുന്നു. ജൈവാംശം, പൊട്ടാഷ്യം എന്നിവ ഇതിൽ കാണുന്ന തുകൊണ്ട് എല്ലാത്തരം വിളകൾക്കും അനുയോജ്യമായ മണ്ണാണിത്.

തലച്ചിറ, പനവേലി തോടുകളിൽ നിന്നും ചെറിയ തോതിൽ മണൽ വാരൽ നടക്കുന്നുണ്ട്. വൈഡൂര്യ ഖനനവും ഇവിടെ നടക്കുന്നുണ്ടത്രേ.

### ഭൂവിനിയോഗം

പഞ്ചായത്തിന്റെ ഭൂപ്രദേശത്തിന്റെ ആകെ വിസ്തീർണ്ണം 3623 ഹെക്ടറാണ്. പഞ്ചായത്തിലെ ആകെ ഭൂപ്രദേശത്തെ താഴെപ്പറയും പ്രകാരം തരംതിരിച്ചിരിക്കുന്നു

അവലംബം കൃഷിഭവൻ

| വിനിയോഗം | വിസ്തീർണ്ണം (ഹെക്ടറിൽ) |
|---|---|
| നിലം | 534 |
| പുരയിടം | 2772 |
| പുറമ്പോക്ക് | 109 |
| മറ്റുള്ളവ | 208 |

വെട്ടിക്കവല പഞ്ചായത്തിൽ വിവിധ തരത്തിലുള്ള കൃഷിരീതികൾ നടന്നുവരുന്നു. ഭൂരിഭാഗം പ്രദേശങ്ങളിലും ഭൂപ്രകൃതിയ്ക്ക് അനുയോജ്യമായ കൃഷിയാണ് ചെയ്തുവരുന്നത്. കാർഷിക വിളകളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ ഭൂവിനിയോഗത്തെക്കുറിച്ചുള്ള വിവരങ്ങൾ താഴെകൊടുത്തിരിക്കുന്നു. (ചിത്രം 4 നോക്കുക)

ഭൂവിനിയോഗം (CESS REPORT)

| ഭൂവിനിയോഗം | വിസ്തീർണ്ണം (ഹെക്ടറിൽ) | ശതമാനം |
|---|---|---|
| റബർ | 1533 | 43.0 |
| നെല്ല് (വിരിപ്പ്, മുണ്ടകൻ) | 613 | 17.0 |
| മിശ്രിതവിളകൾ | 510 | 14.0 |
| മിശ്രിതമരങ്ങളും തെങ്ങും | 375 | 10.03 |
| മിശ്രിതവിളകളും മിശ്രിതമരങ്ങളും | 365 | 10.0 |
| മിശ്രിത മരങ്ങൾ | 159 | 4.0 |
| പാടം നികത്തിയത് | 30.2 | 0.83 |
| തെങ്ങ് | 21 | 0.58 |
| ഉപയോഗശൂന്യമായ ഭൂമി | 1.2 | 0.03 |
| മിശ്രിതവിളകളും തെങ്ങും | 15.9 | 0.43 |
| ആകെ | 3623 | 100 |

## പഞ്ചായത്തിലെ നിലവിലുള്ള കൃഷിരീതികളും അവയുടെ പാരിസ്ഥിതിക പ്രത്യാഘാതങ്ങളും, ജലലഭ്യത, മണ്ണൊലിപ്പ് ആശാസ്യമായ ഭൂവിനിയോഗ രീതികൾ, സംരക്ഷണ നടപടികൾ എന്നിവയെക്കുറിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

## പാരിസ്ഥിതബന്ധിത അവലോകനം (CESS REPORT)

| ഭൂരൂപങ്ങൾ | വിസ്തീർണ്ണം (ഹെക്ടറിൽ) | ഉപരിതല മണ്ണ് | ജലലഭ്യത | മണ്ണൊലിപ്പ് | ഭൂവിനിയോഗം | പാരിസ്ഥിതിക പ്രശ്നങ്ങൾ | ആശാസ്യമായ ഭൂവിനിയോഗ രീതികൾ | സംരക്ഷണനടപടികൾ |
|---|---|---|---|---|---|---|---|---|
| 1. കുന്നിൻ മുകൾ | 531 | ലാറ്ററൈറ്റ് പാറ | കുറവ് | കുറവ് | റബർ, പറങ്കിസാവ്, പാഴ്ചെടികൾ. കുറ്റിച്ചെടികൾ, മാവ്, പ്ലാവ് തുടങ്ങിയവ | സസ്യജാലങ്ങൾ കുറഞ്ഞ സ്ഥലങ്ങളിലും കുറ്റിച്ചെടികൾ ഉള്ള സ്ഥലങ്ങളിലും മണ്ണൊലിപ്പിനുള്ള സാധ്യതയുണ്ട്. | കശുമാവ്, ഫലവൃക്ഷങ്ങൾ ഇവ തുടരാവുന്നതാണ്. തരിശുഭൂമിയിൽ കടുത്ത വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുക | മണ്ണിന് വളരെക്കുറച്ച് ഘനമുള്ള പ്രത്യേക്ഷ ഉപരിതലത്തിൽ പാറകൾ കാണുന്ന സ്ഥലങ്ങളിൽ നിലവിലുള്ള മണ്ണ് നിലനിർത്തുതിനുള്ള സസ്യജാലം വച്ചു പിടിപ്പിക്കുക. |
| 2. ചരിവു പ്രദേശങ്ങൾ | 1878 | ലാറ്ററൈറ്റ് മണ്ണ് | മിതം | ചില ഭാഗങ്ങളിൽ കൂടുതൽ (കോട്ടവട്ടം, ഇടമണ്ണൂർ, ഗാന്ധിഗ്രാം, ചക്കുവരയ്ക്കൽ, കണ്ണംകോട്, വാർഡുകളിലെ ചില പ്രദേശങ്ങളിൽ) | റബർ, മരച്ചീനി വാഴ, തെങ്ങ് | മണ്ണൊലിപ്പ് | റബർ, തെങ്ങ്, മറ്റ് ദീർഘകാല മിശ്രിതമരങ്ങൾ വച്ചുപിടിപ്പിയ്ക്കുക. | മണ്ണൊലിപ്പിന്റെ തീവ്രത വർദ്ധിതമാക്കുന്ന ഹ്രസ്വകാല കൃഷിരീതികൾ പ്രത്യേകിച്ചും മരച്ചീനി, വാഴ എന്നിവ നടപ്പിലാക്കാതിരിക്കുക. വേണ്ട സ്ഥലങ്ങളില തിട്ടകൾ നിർമ്മിക്കുക |
| 3. താഴ്വരകൾ | 1214 | എക്കൽ മണ്ണ് | താരതമ്യേന കൂടുതൽ | ഇല്ല | നെല്ല്, വാഴ, ഇഞ്ചി, മരച്ചീനി | പാടം നികത്തുന്നതുകൊണ്ട് സുഖമമായ നീരൊഴുക്കിനെ ബാധിക്കുന്നു. ജലം നിലനിർത്താനുള്ള കഴിവ് കുറയുന്നു. കോട്ടവട്ടം, ചക്കുവരയ്ക്കൽ തോടിൽ മഴകാലത്ത് വെള്ളപ്പൊക്കം ഉണ്ടാകുന്നു. | നെല്ല് ഇടവിളയായി പയറുവർഗങ്ങൾ | വയൽ നികത്താതിരിക്കുക.ഉള്ള തോടുകളെ സംരക്ഷിക്കുക. തോട്ടിൽ നിന്ന് മണ്ണു വാരുന്നത് ചെറുക്കുക. കൃഷിരീതികൾ അനുയോജ്യമായവ നടപ്പിലാക്കുക. |

## റബർ

പഞ്ചായത്തിന്റെ എല്ലാഭാഗത്തും റബർകൃഷി ചെയ്യുവരുന്നുണ്ടെങ്കിലും കൂടുതലായി കാണുന്നത് കിഴക്കു ഭാഗത്തും മധ്യഭാഗത്തുമാണ്. സദാനന്ദപുരത്തിന് പടിഞ്ഞാറ്, തെറ്റിയോട് പടിഞ്ഞാറുഭാഗം, ചിരട്ടക്കോണത്തിന് വടക്കുഭാഗങ്ങൾ, തോട്ടംശ്ശേരി ഭാഗം, ചക്കാലക്കുന്ന്, കുരിയാണി ഭാഗം, വലിയടിത്തേരി, കോക്കാട് ജംഗ്ഷന് വടക്കു കിഴക്ക് വടക്കു പടിഞ്ഞാറ് ഭാഗങ്ങൾ, മുടക്കുഴി ജംഗ്ഷനും പരിസരപ്രദേശങ്ങളും, ചേന്നം കുഴി മാക്കന്തൂർ, മരങ്ങാട് പ്രദേശങ്ങൾ തുടങ്ങി പഞ്ചായത്തിന്റെ വടക്കുകിഴക്കൻ പ്രദേശങ്ങളിൽ കൂടുതലായും റബറാണ് കൃഷിചെയ്യുന്നത്. റബർകൃഷി പഞ്ചായത്തിന്റെ ആകെ വിസ്തൃതിയുടെ 43% വരുന്നു.

## നെല്ല്

ഭൂവിനിയോഗത്തിൽ രണ്ടാംസ്ഥാനത്തു വരുന്ന നെൽകൃഷി ആകെ വിസ്തൃതിയുടെ 17% ആണ്. ജലത്തിന്റെ ലഭ്യത അനുസരിച്ച് വിരിപ്പ്, മുണ്ടകൻ എന്നീ രണ്ടു കൃഷിയാണ് ഇവിടെ ചെയ്യുന്നത്. പ്രധാനമായും പഞ്ചായത്തിലെ പ്രധാന തോടുകളോടു ചേർന്ന പ്രദേശങ്ങളിലാണ് നെൽകൃഷി ധാരാളമായി കാണുന്നത്. തെറ്റിയോട് ഏലാ, നെല്ലിക്കോട് ഏല, ചിരട്ടക്കോണത്തിന് തെക്കുപടിഞ്ഞാറൻ വശങ്ങൾ, പച്ചൂർ ഏല, പനവേലിതോടിന്റെ സമീപത്തുള്ള പാടങ്ങൾ. വടക്കുകിഴക്കായി കാണുന്ന കോട്ടവട്ടം പക്കുവരയ്ക്കൽ തോടിന്റെ പ്രാന്തപ്രദേശങ്ങൾ എന്നിവിടങ്ങളിലാണ് നെല്ല് കൃഷി ചെയ്യുന്നത്. എന്നാൽ മിക്ക പാടങ്ങളിലും റോഡിനോടനുബന്ധിച്ച് കിടക്കുന്ന പ്രദേശങ്ങൾ നികത്തുന്ന പ്രവണത കൂടിയുണ്ട്. പഞ്ചായത്തിൽ ആകെ 30 ഹെക്ടർ പാടം നികത്തിയിട്ടുണ്ട്.

## മിശ്രിതവിളകൾ

തെങ്ങ്, വാഴ, മരച്ചീനി, മുരിങ്ങ, ചേന, ചേമ്പ്, പൈനാപ്പിൾ, പയർവർഗങ്ങൾ, വെറ്റില, മഞ്ഞൾ ഇഞ്ചി തുടങ്ങി വീടുകളോടനുബന്ധിച്ച് സാധാരണകാണുന്ന മിശ്രിതരീതിയിള്ള കാർഷികവിളകളാണ് മിശ്രിതവിളകളിൽപ്പെടുന്നത്. പഞ്ചായത്തിന്റെ ഏതാണ്ട് എല്ലാ ഭാഗത്തും ഈ വിളകൾ കാണപ്പെടുന്നു. ആകെ വിസ്തൃതിയുടെ 14% ഈ വിഭാഗത്തിൽ പ്പെടുന്നു.

## മിശ്രിത മരങ്ങൾ

മാവ്, പ്ലാവ്, തേക്ക്, ഈട്ടി, ആഞ്ഞിലി, പാഴ്മരങ്ങൾ തുടങ്ങി വിവിധതരം മരങ്ങൾ ഇട കലർന്ന് നില്ക്കുന്ന പ്രദേശങ്ങളാണിവ. ആകെ വിസ്തൃതിയുടെ 4 ശതമാനത്തോളം ഇവ വരുന്നു. ഇവ കൂടാതെ മിശ്രിതമരങ്ങൾ തെങ്ങുമായും, മിശ്രിതവിളകളുടെ കൂടെയും കാണുന്നു. ഇവ ഒരുമിച്ചാൽ ഏകദേശം ഭൂവിസ്തൃതിയുടെ 20 ശതമാനത്തോളം വരുന്നു.

# ഭൂവിനിയോഗം




ചിത്രം.4

അവലംബം: വിഭവഭൂപടം, സെസ്

# പ്രാഥമിക മേഖല

## കൃഷി

കേരളത്തിന്റെ കാർഷിക മേഖല ഒരു തകർച്ചയെ നേരിട്ടുകൊണ്ടിരിക്കുന്നു. 70 കളുടെ ആദ്യംമുതൽ കൃഷിഭൂമിയുടെ വിസ്തീർണ്ണത്തിലും ഉല്പാദനക്ഷമതയിലും ഉയർച്ചയേ ഉണ്ടായില്ല. സാമ്പത്തികവും പാരിസ്ഥിതികവും സാങ്കേതികവുമായ ഘടകങ്ങളെയും കാർഷികബന്ധങ്ങളേയും കണക്കിലെടുക്കുന്ന സമഗ്രമായ ഒരു നയസമീപനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ കേരളത്തിന് കാർഷികതകർച്ചയിൽ നിന്ന് കരകയറാനാവൂ. ഉല്പാദനവിളകൾക്ക് ലഭിക്കുന്ന വിലയേക്കാൾ ഉല്പാദന ചെലവ് ഏറുന്നു എന്നത് ഈ മേഖലയുടെ ഏറ്റവും വലിയ പ്രശ്നമാണ്. വേനൽക്കാലത്ത് തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന വരൾച്ചയും ജലവിതാന താഴ്ചയും സജീവമായി ചർച്ചചെയ്യപ്പെടേണ്ടതാണ്. ബഹുഭൂരിപക്ഷം ഭൂവുടമകളും ചെറുതുണ്ടു ഭൂമികളിലാണ് കൃഷിചെയ്യുന്നത് എന്നതുകൊണ്ട് ഉപജീവനത്തിനാവശ്യമായ വരുമാനം ഈ മേഖലയിൽ നിന്നും ലഭിക്കുന്നില്ല. തന്മൂലം പുറത്തു കൂലിവേലക്കു പോകുന്നതിനോ സ്വയം തൊഴിൽ കണ്ടെത്തുന്നതിനോ അവർ നിർബന്ധിതരാകുന്നു.

നെൽകൃഷിയിൽ നമ്മുടെ സംസ്ഥാനത്തിന്റെ കുത്തക നഷ്ടമായിരിക്കുന്നു. തെങ്ങുകൃഷിയിലും നാം ഇന്ന് ഏറെ പിന്നോക്കം പോയിരിക്കുന്നു. പച്ചക്കറിക്കൃഷി നാമമാത്രമായതുമൂലം നമുക്ക് ഇന്ന് മറ്റു സംസ്ഥനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. നമ്മുടെ ഉപഭോഗ സംസ്ക്കാരം ഒരു ഉല്പാദന സംസ്കാരമാക്കി മാറ്റിഎടുത്ത് കാർഷിക മേഖലയെ സജീവമാക്കിയാൽ മാത്രമേ മറ്റു രംഗങ്ങളിൽ ഉണ്ടായ നേട്ടങ്ങൾ നിലനിർത്താനും പുതിയ വെല്ലുവിളികൾ ഏറ്റെടുക്കാനും , തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും സർവ്വോപരി കർഷകകുടുംബങ്ങളിലെ വരുമാനം വദ്ധിപ്പിക്കുന്നതിനും കഴിയുകയുള്ളു.

ഈ പഞ്ചായത്ത് തികച്ചും ഒരു കാർഷികഗ്രാമമാണ്. കുന്നിൻ പ്രദേശങ്ങളും പാടശേഖരങ്ങളും താഴ്വരകളും ഉള്ള പഞ്ചായത്തിലെ പ്രധാനവിള റബർ ആണ്. നെല്ല് ഇരുപ്പൂകൃഷിയായി ചെയ്തുവരുന്നു. ഈ പഞ്ചായത്തിൽ 3415.7 ഹെക്ടർ ഭൂമി ഉള്ളതിൽ 534.4. ഹെക്ടർ നിലവും 2722.3 ഹെക്ടർ പുരയിടവും 109 ഹെക്ടർ പുറമ്പോക്കു ഭൂമിയും ഉണ്ട്. കൃഷിഭൂമിയുടെ അളവിന്റെ അടിസ്ഥാനത്തിൽ ഈ പഞ്ചായത്തിലെ കർഷകരെ മൂന്നായി തരംതിരിക്കാം.

| | കൃഷിഭൂമിയുടെ അളവ് | എണ്ണം |
|---|---|---|
| നാമമാത്ര കർഷകർ | 1 ഹെക്ടറിൽ താഴെ | 5836 |
| ചെറുകിട കർഷകർ | 1 ഹെക്ടർ മുതൽ 2 ഹെക്ടർ വരെ | 1353 |
| വൻകിട കർഷകർ | 2 ഹെക്ടറിൽ മുകളിൽ | 448 |

ആദ്യകാലത്ത് ശ്രദ്ധയും പരിചരണവും നെല്ലിനും തെങ്ങിനും ആയിരുന്നു. കെട്ടിടനിർമ്മാണത്തിനായി നിലംനികത്തൽ, കരകൃഷികൾക്കായി ഉള്ള നിലം നികത്തൽ എന്നിവ നെല്ല് കൃഷിയുടെ പ്രാധാന്യം കുറയുന്നതിന് ഇടയാക്കി. നെൽകൃഷിയിൽനിന്നും ലഭിക്കുന്ന വരുമാനത്തേക്കാൾ അധികരിച്ചുവരുന്ന ചെലവ് ഈ കൃഷിയുടെ പ്രാധാന്യം കുറയുന്നതിന് ഇടയാക്കി. ക്രമേണ കർഷകർ മറ്റുമേഖലയിലേക്ക് തിരിയുന്നതിനും കാരണമായി

### നെല്ല്

ഈ പഞ്ചായത്തിൽ നെൽകൃഷിചെയ്യുന്ന കർഷകർക്ക് സങ്കര ഇനം വിത്തുകളോടാണ് ആഭിമുഖ്യം. പവിഴം, ജ്യോതി എന്നീ വിത്തുകളാണ് കൃഷിഭവൻ വഴി വിതരണം ചെയ്യുന്നത്. സങ്കരഇനം വിത്തുകൾക്ക് ഉത്പാദനം ഹെക്ടറിന് പ്രതിവർഷം 3000കിലോ മുതൽ 3500കിലോ വരെ ലഭിക്കുന്നു. നാടൻ വിത്ത് ഇനങ്ങൾക്ക് ഉല്പാദനം പ്രതിവർഷം 2000കിലോ 2500കിലോ വരെ ലഭിക്കുന്നു. വിളപരിവർത്തന രീതികൾ മുൻകാലങ്ങളിൽ നിലനിന്നിരുന്നു. ഒന്നാം വിളക്കുശേഷം നിലങ്ങൾ ഏകദേശം അഞ്ചുമാസക്കാലത്തോളം തരിശ് ഇടാറുണ്ട്.

### തെങ്ങ്

നമ്മുടെ പഞ്ചായത്തിൽ 2,63,557 തെങ്ങുകൾ ഉണ്ട്. കേര കൃഷിക്കാർ 90% നാമമാത്ര കർഷകരാണ്. 50% തെങ്ങുകളും നാടൻ ഇനങ്ങളാണ്. TxD, DxT, WCT ഓർഡിനറി എന്നീ സങ്കരഇനങ്ങളും ഈ പഞ്ചായത്തിൽ പ്രചരിച്ചിട്ടുണ്ട്. ഈ പഞ്ചായത്തിലെ പ്രതിവർഷ ശരാശരി ഉല്പാദനക്ഷമത 18

ആണ്. ഇതു സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്.

### തെങ്ങുകൃഷിയെ സംബന്ധിച്ച വിവരങ്ങൾ

| ആകെ കൃഷിഭൂമി | കായ്ക്കാത്ത തെങ്ങുകൾ | കായ്ക്കുന്ന തെങ്ങുകൾ | രോഗം ബാധിച്ചവ |
|---|---|---|---|
| 116 ഹെക്ടർ | 25600 | 1,92,616 | 45,341 |

തെങ്ങുകളെ ബാധിക്കുന്ന പ്രധാനരോഗം കാറ്റുവീഴ്ച യാണ്. കൂടാതെ മണ്ടചീയൽ, വേരുചീയൽ, ഓലകുരുടൽ എന്നിവയും കാണപ്പെടുന്നു. ഈ രോഗങ്ങൾ, ജലസേചന കുറവ്, എന്നിവ ഉല്പാദനത്തെ സാരമായി ബാധിച്ചിരിക്കുന്നു. ഉല്പാദന കൂടുതൽ ഉണ്ടാവുന്ന സീസണിൽ വിപണിയിലെ വിലകുറവ് ഈ മേഖലയിലെ പ്രധാന പ്രശ്നമാണ്. ദീർഘ കാല യളവിൽ ഉല്പാദനം ലഭിക്കുന്നു എന്നതും കാലാവസ്ഥയെ ചെറുക്കാനും രോഗപ്രതിരോധശക്തി നിലനില്ക്കുന്നു എന്നതും നാടൻ ഇനങ്ങളുടെ പ്രത്യേകതയാണ്. തന്മൂലം കർഷകർക്ക് ഈ ഇനങ്ങളോടാണ് താല്പര്യം.

### റബർ

ഈ പഞ്ചായത്തിലെ കൃഷിഭൂമിയിടെ മൂന്നിലൊന്ന് ഭാഗത്തിലധികം റബർ കൃഷി ചെയ്യുന്നു. RRI 105 ആണ് പ്രധാന ഇനം. കൊട്ടാരക്കരയിൽ പ്രവർത്തിച്ചുവരുന്ന റബർ ബോർഡിന്റെ മേഖല ആഫീസു വഴിയാണ് ഈ പ്രദേശത്തുള്ള റബർ കർഷകർക്ക് സാങ്കേതിക സഹായം സബ്സിഡി തുടങ്ങിയ ആനുകൂല്യങ്ങളും ലഭിക്കുന്നത്. റബർ ബോർഡ് അംഗീകാരമുള്ള സ്വാകര്യ നഴ്സറികൾ വഴിയാണ് നല്ല ഇനം തൈകൾ ലഭിക്കുന്നത്. റബറിന്റെ പട്ടമരവിപ്പ്, പട്ടചീയൽ എന്നിവയാണ് പ്രധാനരോഗങ്ങൾ. തരംതിരിക്കാത്ത ഇനം ഷീറ്റുകളാണ് ഇപ്പോൾ ഉല്പാദിക്കുന്നവ. ഇവക്ക് വിപണിയിൽ വില കുറവാണ്. ഇവയെ ഗ്രേഡുഷീറ്റുകൾ ആക്കിയാൽ വിലകൂടുതൽ ലഭിക്കും. ഇതിനാവശ്യമായ ബോധവല്ക്കരണവും സാങ്കേതിക പരിജ്ഞാനവും കർഷകർക്ക് നല്കേണ്ടതാണ്.

### മരച്ചീനി

റബർ കൃഷി വ്യാപകമാക്കുന്നനിനു മുൻപ് മരച്ചീനി പ്രധാനമായും കൃഷി ചെയ്തിരുന്നു. ഇപ്പോൾ മരച്ചീനി കൃഷി നാമമാത്രമായിട്ടേ ഉള്ളു.

### പച്ചക്കറി കൃഷി

പയർ, പടവലം, വെണ്ട, പാവൽ, വെള്ളരി, ചീര തുടങ്ങിയ ഇനങ്ങൾ ഈ പഞ്ചായത്തിൽ കൃഷി ചെയ്തു വരുന്നു. വിപണന സൗകര്യക്കുറവ് ഈ മേഖലയിലേക്ക് സജീവമായി വരുന്ന കർഷകരെ വിമുഖരാക്കുന്നു. മണ്ണിന്റെയും ജലലഭ്യതയുടെയും അടിസ്ഥാനത്തിൽ ഏറ്റവും അനുയോജ്യമായ ഇനങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്. പച്ചക്കറി കിറ്റുകൾ കൃഷിഭവനുകൾ നല്കി ഈ കൃഷി പ്രോത്സാഹിപ്പിക്കാവുന്നതാണ്. വീട്ടുവളപ്പിലെ പച്ചക്കറികൃഷിക്കായി വനിതകളെ സജ്ജരാക്കണം.

### കുരുമുളക്.

പ്രധാന ഇനങ്ങൾ, കരിയിലാഞ്ചി, നാടൻ എന്നിവയാണ്. പിയന്നിയൂർ പ്രചരിച്ചുവരുന്നു. 70 ഹെക്ടറിൽ കൃഷിചെയ്യുന്ന കുരുമുളകിന്റെ ഉല്പാദനം പ്രതിവർഷം 28 ടൺ ആണ്. ആധുനിക കൃഷിസമ്പ്രദായം ഈ രംഗത്ത് വ്യാപിച്ചിട്ടില്ല. പാഴ്‌വൃക്ഷങ്ങളിലാണ് കുരുമുളക് കൃഷി നടത്തുന്നത്. പ്രധാന രോഗങ്ങൾ ദ്രുതവാട്ടം, തിരികൊഴിയൽ എന്നിവയാണ്. കാലവസ്ഥയിലെ മാറ്റം പൂർണ്ണമായ തോതിൽ വിളവെടുപ്പിന് തടസ്സമാണ്. ജൈവവള പ്രയോഗമാണ് ഇപ്പോൾ നിലവിലുളളത്. ശാസ്ത്രീയമായ കൃഷിരീതിയും വിളപരിപാലനവും അനുവർത്തിക്കേണ്ടതായിട്ടുണ്ട്. കർഷകർക്ക് മതിയായ വില ഈ ഉല്പന്നത്തിന് ലഭിക്കുന്നു. ആധുനിക രീതിയിലുള്ള സംസ്ക്കരണ രീതികൾ ഉപയോഗിച്ച് ഗുണമേന്മ നിലിർത്തിയാൽ വിദേശവിപണനവും ലഭിക്കുന്നു.

### പഴവർഗ്ഗം കൃഷി

സംഘടിത മേഖലയിൽ ഈ കൃഷി നടക്കുന്നില്ല. പ്രധാനമായും നടക്കുന്നത് വാഴകൃഷിയാണ്. 260 ഹെക്ടറിൽ നടത്തുന്ന വാഴകൃഷിയിൽ നിന്നും 26780ടൺ ഉല്പാദനം നടക്കുന്നു. പൂവൻ, ഏത്തൻ, (നേന്ത്രവാഴ) കപ്പ വാഴ എന്നിവയാണ് പ്രധാന വാഴ ഇനങ്ങൾ. കൈതച്ചക്ക കൃഷി നന്നേ കുറവാണ്. നാടൻ മാവിനങ്ങളാണ് കൂടുതൽ.സങ്കരഇനങ്ങൾ കാലാവസ്ഥക്കു അനുയോജ്യമായി കാണുന്നില്ല. തെങ്ങിന് ഇട വിളയായി കൈതകൃഷി വ്യാപിക്കാവുന്നതാണ്. പേര, നെല്ലി, പപ്പായ എന്നിവ ചെറിയ തോതിൽ ഉണ്ട്.

പഞ്ചായത്തിൽ ഇഞ്ചി, മഞ്ഞൾ, ചേന, ചേമ്പ്, കാച്ചിൽ, ചീവകിഴങ്ങ് തുടങ്ങിയവയുടെയും കൃഷി ചെയ്തുവരുന്നു.

## നൂതന കൃഷി സംരംഭങ്ങൾ

### തേനീച്ച വളർത്തൽ

ഈ പഞ്ചായത്തിൽ നാമമാത്രമായ തോതിൽ മാത്രമേ തേനീച്ചവളർത്തൽ നടക്കുന്നുള്ളു. വ്യക്തിഗതി സംരംഭങ്ങളാണ് ഇപ്പോൾ നടക്കുന്നത്. റബർ കൃഷി വ്യാപകമായുള്ള ഈ പഞ്ചായത്തിൽ റബർ തോട്ടങ്ങളിലും മറ്റും കൂടുകൾ സ്ഥായിച്ച് ഈ സംരംഭം വ്യാപിപ്പിക്കാവുന്നതാണ്. സഹകരണമേഖലയിൽ ഇത്തരം സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്. ഈ മേഖലയിൽ പരിചയ സമ്പന്നരായവരുടെ സേവനം ലഭ്യമാക്കി കർഷകർക്ക് പരിശീലനം കൊടുക്കണം.

### കൂൺകൃഷി

ഇപ്പോൾ ഈ പഞ്ചായത്തിൽ നിലവിലില്ല. സമീപ പഞ്ചായത്തുകളിൽ ഇപ്പോൾ വ്യാപകമായിട്ടുണ്ട്. ആവശ്യമായ പരിശീലനം നല്കി കർഷകരെ ഈ മേഖലയിലേക്ക് കൊണ്ടുവരാവുന്നതാണ്. അധികം മുതൽ മുടക്ക് ആവശ്യമില്ലാത്ത ഈ മേഖലക്ക് അനുയോജ്യമായ സാഹചര്യമാണ് ഈ പഞ്ചായത്തിലുള്ളത്.

## ഔഷധസസ്യ കൃഷി

തുളസി, അലോടകം, കരിംകുറിഞ്ഞി, കറ്റാർവാഴ, കീഴാർനെല്ലി, കുറുന്തോട്ടി, ആരോഗ്യപച്ച, രാമച്ചം എന്നീ ഔഷധ സസ്യങ്ങൾ വനനശീകരണം മൂലം അപൂർവ്വമായി കൊണ്ടിരിക്കുന്ന ഈ കാലത്ത് ഇവയുടെ ഉല്പാദനം വളരെ പ്രാധാന്യമർഹിക്കുന്നു. ഇതിൽ രാമച്ചം, തുളസി എന്നിവയുടെ കൃഷി ഇപ്പോൾ നടന്നുവരുന്നു. ആരോഗ്യ സംരക്ഷണത്തിനും സാമ്പത്തികലാഭം നേടുന്നതിനും ഇവ വളരെ സഹായകരമാണ്. ആവശ്യമായ തൈകൾ, കുളത്തൂപ്പുഴ സോഷ്യൽ ഫോറസ്റ്റി ഡിപ്പാർട്ട്മെന്റ് നഴ്സറിയിൽ നിന്നും ലഭ്യമാണ്. ഈ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനം നല്കി കർഷകരെ ഈ മേഖലയിലേക്ക് ആകർഷിക്കാവുന്നതാണ്.

## പുഷ്പകൃഷി

നമ്മുടെ പ്രദേശത്തിന് ആവശ്യമായ പുഷ്പങ്ങൾ ഇന്ന് മറ്റ് സംസ്ഥാനങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുകയാണ്. വീട്ടുവളപ്പിൽ ചെയ്യാവുന്നതും വൻതോതിലുള്ളതുമായ സംരംഭങ്ങൾ ആ കൃഷിയിൽ ഏറ്റെടുക്കാൻ കഴിയും. വീട്ടമ്മമാർക്ക് വരുമാനമാർഗം കൂടിയായ ഇത്തരം പരിപാടികൾക്ക് ആവശ്യമായ പ്രചരണം നല്കേണ്ടതാണ്. സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ ഈ മേഖലയിൽ കുറ്റിമുല്ല കൃഷി പരിശീലനവും തൈകളും നല്കിവരുന്നുണ്ട്. ചെടിച്ചട്ടികളിൽ വളരുന്ന പുഷ്പങ്ങളും ഈ മേഖലയിൽ പ്രോത്സാഹിപ്പിക്കാവുന്നതാണ്. പൂക്കളുടെ വിപണനത്തിനായി പഞ്ചായത്തടിസ്ഥാനത്തിലുള്ള സംരംഭങ്ങൾ ആരംഭിക്കേണ്ടതാണ്.

## പരാമ്പരാഗത ആഹാര സസ്യകൃഷി-വന്യ ഫല കൃഷി

ആരോഗ്യസംരക്ഷണ രംഗത്ത് ഇത്തരം സസ്യജാതികളുടെയും ഫലങ്ങളുടെയും ഉപയോഗം പ്രാധാന്യം അർഹിക്കുന്നു. വ്യാവസായികാടിസ്ഥാനത്തിൽ നട്ടുവളർത്താൻ പറ്റിയ പേര, കൊടംപുളി, പപ്പായ, നാട്ടുമാവ്, നെല്ലി, എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കാവുന്നതാണ്. കൃഷിഭവൻ വഴി ഇവയുടെ നല്ല ഇനം തൈകൾ വിതരണം ചെയ്യുകയും പരിപാലനത്തിന് ആവശ്യമായ പരിശീലനവും നല്കേണ്ടതാണ്. ഇവയുടെ ഉല്പന്നങ്ങൾ ശേഖരിച്ച് വിതരണം ചെയ്യുന്നതിനുള്ള സംവിധാനം പഞ്ചായത്തടിസ്ഥാനത്തിൽ ചെയ്യേണ്ടതാണ്. കശുമാവ് കൃഷി ഈ മേഖലയിൽ ഏറെ പ്രാധാന്യം അർഹിക്കുന്നു. പരമ്പരാഗത വ്യവസായമായ കശുവണ്ടി ഇറക്കുമതി ചെയ്തിട്ടും പ്രതിവർഷം 150 ദിവസം പോലും ഫാക്ടറികൾ പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല. കൂടാതെ നമ്മുടെ സംസ്ഥാനത്തിന് വിദേശനാണ്യം നേടിത്തരുന്നതിൽ ഒരു പ്രധാന പങ്ക് കശുവണ്ടിക്കുമുണ്ട്.

## ഈ പഞ്ചായത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ

നല്ല ഇനം തൈകൾ ലഭ്യമാകുന്നതിന് കാർഷിക സർവ്വകലാശാല ഗവേഷണ കേന്ദ്രത്തിന്റെ സേവനം ലഭ്യമാക്കാവുന്നതാണ്. പ്രത്യേകം നിഷ്കർഷിക്കപ്പെടുന്ന വളപ്രയോഗത്തിന്റെ ആവശ്യമില്ലായ്മ താരതമ്യേന കൃഷി ചെലവ് കുറവ് എന്നിവ ഈ മേഖലയിൽ കൂടുതൽ കർഷകരെ ആകർഷിക്കുന്നതിന് സഹായകരമാണ്.പഞ്ചായത്തടിസ്ഥാനത്തിൽ ഉല്പന്നങ്ങൾ ശേഖരിക്കുന്നതിന് സംവിധാനം ഉണ്ടാക്കണം

# നടീൽ വസ്തു വിതരണ പട്ടിക

## നടീൽ വസ്തുവിതരണം

| ഇനം | എണ്ണം | | |
|---|---|---|---|
| | 1993-94 | 1994-95 | 1995-96 |
| 1. തെങ്ങ് 1.DxT | 50 | - | 30 |
| 2.TxD | 100 | - | 50 |
| 3. BCT | - | 400 | 450 |
| 4.ചുവന്ന തെങ്ങ് | - | - | 25 |
| 2. കശുമാവ് | - | 320 | 20160 |
| 3. കുരുമുളക് | - | 12500 | 3000 |
| 4. കവുങ്ങ് (മംഗള) | - | - | 180 |

## വളം, കീടനാശിനി

വെട്ടിക്കവല സർവീസ് സഹകരണബാങ്ക് ചക്കുവരയ്ക്കൽ സർവ്വീസ് സഹകരണബാങ്ക് എന്നിവ വഴിയും 10 സ്വാകാര്യ വളവിതരണ കേന്ദ്രങ്ങൾ വഴിയും രാസവളം വിതരണം ചെയ്യുന്നു. 75% രാസവളമാണ് കൃഷിക്ക് ഉപയോഗിക്കുന്നത്. ശാസ്ത്രീയമായ വളക്രമം വേണ്ടത്ര ഫലപ്രദമായി നടക്കുന്നില്ല. ജൈവവളങ്ങളുടെ ഉപയോഗം നാമമാത്രമായിട്ടേ നടക്കുന്നുള്ളു. ജൈവ വളങ്ങളുടെ ലഭ്യത കുറവ് പ്രധാന പ്രശ്നമാണ്. നെല്ല്, പച്ചക്കറി, തെങ്ങ് എന്നിവക്ക് കീടനാശിനി പ്രയോഗിക്കുന്നുണ്ട്. കീടനാശിനികളുടെ ലഭ്യത ഉപയോഗക്രമം എന്നിവ ശാസ്ത്രീയമാക്കേണ്ടതുണ്ട്.

## കാർഷികോപകരണങ്ങൾ

കൃഷിഭവൻ വഴിയുള്ള കാർഷിക യന്ത്രോപകരണങ്ങൾ കുറച്ചു മാത്രമേ ലഭ്യമാക്കിയിട്ടുള്ളു. ഉഴവുകാളകളെ ഉപയോഗിക്കുന്ന രീതി വളരെ കുറഞ്ഞുവരുന്നു. നാടൻ കാർഷിക ഉപകരണങ്ങളായ കുന്താലി, മൺവെട്ടി എന്നിവയുടെ വില അമിതമായിരിക്കുന്നു. കലപ്പയുടെ ലഭ്യതയും ഉപയോഗവും കുറഞ്ഞുവരുന്നു.

## കൂലിനിരക്ക്

കാർഷിക മേഖലയിലെ തൊഴിലാളികളുടെ എണ്ണം കുറഞ്ഞുവരുന്നു. കർഷക തൊഴിലാളികൾ ഇതരമേഖലകളിലേക്ക് മാറി പോകുന്നത്, കൃഷിയോടുള്ള ആഭിമുഖ്യകുറവ് എന്നിവ ഇതിനു കാരണമാണ്. ഒരു ഏകീകൃത കൂലിനിരക്ക് ഈ പഞ്ചായത്തിൽ നിലവിലില്ല. പുരുഷതൊഴിലാളികൾക്ക 80 രൂപയും സ്ത്രീതൊഴിലാളികൾക്ക് 60 രൂപയും ശരാശരി നിലനില്ക്കുന്നു.

# തെങ്ങ് കൃഷി സംബന്ധിച്ച വിവരങ്ങൾ

| വാർഡ് | തെങ്ങുകളുടെ എണ്ണം | | | | രോഗം ബാധിച്ച തെങ്ങ് | | | | | |
|---|---|---|---|---|---|---|---|---|---|---|
| | തെങ്ങ് കൃഷി വിസ്തീർണ്ണം (ഹെക്ടർ) | കായ്ക്കുന്നത് | കായ്ക്കുന്നത് | ആകെ | റൂട്ട് വാലറ്റ് | ലീഫ്റോട്ട് | ബഡ് റൂട്ട് | സ്റ്റെം ബ്ലീഡിംഗ് | മറ്റുള്ളവ | ആകെ |
| ഉള്ളിയനാട് | 153 | 1500 | 29276 | 30776 | 1487 | 750 | 1600 | 100 | 15 | 4052 |
| സദാനന്ദപുരം | 126 | 1400 | 23903 | 25303 | 1279 | 500 | 1700 | 95 | 11 | 3585 |
| വെട്ടിക്കവല | 84 | 2000 | 14853 | 16853 | 1583 | 1999 | 1800 | 35 | 18 | 4436 |
| ഇരണൂർ | 56 | 2000 | 9304 | 11304 | 1360 | 1000 | 1700 | 40 | 14 | 4116 |
| കണ്ണംകോട് | 44 | 1300 | 7577 | 8877 | 696 | 600 | 700 | 40 | 14 | 2050 |
| പനവേലി | 71 | 2000 | 12174 | 14174 | 628 | 400 | 600 | 100 | 8 | 1736 |
| കമുകിൻകോട് | 100 | 3000 | 17025 | 20025 | 2253 | 2500 | 1000 | 134 | 15 | 5902 |
| തലച്ചിറ | 93 | 4000 | 14712 | 18712 | 1424 | 1700 | 700 | 121 | 14 | 3959 |
| കോക്കാട് | 85 | 1500 | 15541 | 17041 | 1314 | 1800 | 300 | 120 | 18 | 3552 |
| ചക്കുവരയ്ക്കൽ | 75 | 2000 | 13058 | 15058 | 673 | 1310 | 700 | 178 | 14 | 2875 |
| ഗാന്ധിഗ്രാം | 49 | 1900 | 8046 | 9946 | 824 | 1010 | 400 | 121 | 13 | 2368 |
| കോട്ടവട്ടം | 80 | 1000 | 149373 | 15973 | 2866 | 370 | 900 | 101 | 19 | 4256 |
| ആകെ | 1116 | 25600 | 192616 | 218216 | 18092 | 13940 | 12200 | 1221 | 188 | 45341 |

# കാർഷിക ഉപരണങ്ങളുടെ വിതരണം

| ക്രമ നമ്പർ | വാർഡ് | ഉഴവുപകരണങ്ങൾ | | | മരുന്നുതളി ഉപകരണങ്ങൾ | | |
|---|---|---|---|---|---|---|---|
| | | ട്രാക്റ്റർ | ട്രില്ലർ | നാടൻ കലപ്പ | റോക്കർ സ്പ്രയറുകൾ | നാപ്സ്സാക്ക് സ്പ്രെയർ | മറ്റുള്ളവ |
| 1. | ഉളിയനാട് | ഇല്ല | ഇല്ല | ഇല്ല | 1 | 2 | 48 |
| 2. | സദാനന്ദപുരം | ഇല്ല | 1 | ഇല്ല | 1 | 2 | 18 |
| 3. | വെട്ടിക്കവല | ഇല്ല | ഇല്ല | ഇല്ല | 1 | 2 | 18 |
| 4. | ഇരണൂർ | ഇല്ല | ഇല്ല | ഇല്ല | 1 | 2 | 18 |
| 5. | കണ്ണംകോട് | ഇല്ല | ഇല്ല | ഇല്ല | 1 | 2 | 18 |
| 6. | പനവേലി | ഇല്ല | ഇല്ല | ഇല്ല | 1 | 1 | 18 |
| 7. | ചിരട്ടക്കോണം | ഇല്ല | ഇല്ല | ഇല്ല | 1 | 1 | 18 |
| 8. | കമുകിൻകോട് | ഇല്ല | ഇല്ല | ഇല്ല | 1 | 1 | 18 |
| 9. | തലച്ചിറ | ഇല്ല | ഇല്ല | ഇല്ല | 3 | 1 | 18 |
| 10. | കോക്കാട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1 | 18 |
| 11. | ചക്കുവരയ്ക്കൽ | ഇല്ല | ഇല്ല | ഇല്ല | 3 | 1 | 18 |
| 12. | ഗാന്ധിഗ്രാം | 1 | ഇല്ല | ഇല്ല | 2 | 1 | 18 |
| 13. | കോട്ടവട്ടം | ഇല്ല | ഇല്ല | ഇല്ല | 2 | 1 | 18 |
| | ആകെ | 1 | 1 | ഇല്ല | 18 | 18 | 264 |

## ജലസേചനം

ഈ പഞ്ചായത്തിലെ കൃഷി പ്രധാനമായും മഴയെ ആശ്രയിച്ചാണ്. തുലാവർഷവും ഇടവപ്പാതിയും ആണ് പ്രധാന മഴക്കാലങ്ങൾ. ശരാശരി ഒരുവർഷം 300സെമി മഴയാണ് ലഭിക്കുന്നത്.

| ക്രമ നമ്പർ | വാർഡ് | പൊതു ജലസേചന കിണർ | കുഴൽ കിണർ | കുളങ്ങൾ | ക്രോസ് ബാർ |
|---|---|---|---|---|---|
| 1 | ഉളിയനാട് | 7 | 1 | 1 | 1 |
| 2 | സദാനന്ദപുരം | 4 | 2 | 1 | 2 |
| 3 | വെട്ടിക്കവല | 5 | 1 | 1 | - |
| 4 | എരണ്ണൂർ | 5 | 1 | 2 | - |
| 5 | കണ്ണംകോട് | 4 | 2 | | |
| 6 | പനവേലി | 9 | 3 | 2 | 2 |
| 7 | ചിരട്ടകോണം | 3 | 3 | 1 | |
| 8. | കമുകിൻകോട് | 6 | 2 | 1 | 3 |
| 9 | തലച്ചിറ | 4 | 1 | | |
| 10 | കോക്കാട് | 7 | 3 | | |
| 11 | ചക്കുവരയ്ക്കൽ | 11 | 1 | 1 | |
| 12 | ഗാന്ധിഗ്രാം | 8 | 1 | - | 5 |
| 13 | കോട്ടവട്ടം | 7 | 2 | 1 | |
| | ആകെ | 80 | 23 | 11 | 13 |

കല്ലട ജലസേചന പദ്ധതിയുടെ ഇടതുകര മെയിൻ കനാൽ ഈ പഞ്ചായത്തിലെ കോട്ടവട്ടം വാർഡിൽ തുടങ്ങി 10 വാർഡുകളിലൂടെ കടന്ന് ഉളിയനാടു വാർഡിൽ കൂടെയാണ് കടന്നുപോകുന്നത്. ഏകദേശം 12 കി.മി. നീളത്തിൽ ഈ പഞ്ചായത്തിൽ കൂടെ കടന്നുപോകുന്നതാണ് ഈ കനാൽ. കനാലിന്റെ 200 മീറ്റർ അധികമ ദൈർഘ്യമുള്ള അക്വാഡറ്റ് തലച്ചിറ വാർഡിൽ സ്ഥിതിചെയ്യുന്നു. സദാനന്ദപുരം വാർഡിലെ ചില ഏലകളിലും പനവേലി വാർഡിന്റെ ചില ഭാഗങ്ങളിലും മാത്രമേ സ്വാഭാവിക ഒഴുക്കുമൂലം ഈ കനാലിന്റെ സഹായത്താൽ കൃഷി നടക്കുന്നുള്ളൂ. ഈ കനാലിൽ നിന്ന് വെള്ളം, പമ്പു ചെയ്തോ ഓപ്പൺ കനാലിൽ നിന്നോ ലഭ്യമാക്കിയാൽ നെല്ല്, പച്ചക്കറി കൃഷി എന്നിവയുടെ ഉല്പാദനവർദ്ധനവിന് സഹായകമാണ്.

ജലസേചന സംവിധാനം നടപ്പിലാക്കുന്നതിനുള്ള വിവിധ ഏജൻസികളുടെ പ്രവർത്തനം ഏകോപ്പിക്കേണ്ടത് അനിവാര്യമാണ്.

## കാർഷികസർവകലാശാല-കൃഷി വിജ്ഞാന കേന്ദ്രം സദാനന്ദപുരം

കേരള കാർഷിക സർവ്വകാലശാലയുടെ റിസർച്ച് സ്റ്റേഷനും കൊല്ലം ജില്ലയിലെ കൃഷി വിജ്ഞാന കേന്ദ്രവും നമ്മുടെ പഞ്ചായത്തിലെ സദാനന്ദപുരം വാർഡിൽ 1986 മുതൽ പ്രവർത്തിച്ചുവരുന്നു. ഉളിയനാട് സദാനന്ദപുരം വാർഡുകളിലായി 25 ഏക്കർ സ്ഥലത്ത് ഈ സ്ഥാപനത്തിന്റെ ആധുനിക കൃഷി സമ്പ്രദായങ്ങൾ പരീക്ഷിച്ചുവരുന്നു. കശുമാവ്, റബർ, വാഴ, തെങ്ങ്, കുരുമുളക് എന്നിവയുടെ കൃഷിയും അലങ്കാര ചെടികളുടെ നഴ്സറിയും ഇവിടെയുണ്ട്. അത്യുല്പാദനശേഷിയുള്ള തെങ്ങ്, പ്ലാവ്, മാവ്, കശുമാവ്., എന്നിവയുടെ തൈകളും ഓർക്കിഡ്, ആന്തൂറിയം എന്നിചെടികളും കർഷകർക്ക് മിതമാ.യ നിരക്കിൽ സെയിൽസ് കൗണ്ടർ വഴി ലഭ്യമാക്കുന്നുണ്ട്. നമ്മുടെ കാലാവസ്ഥക്ക് അനുയോജ്യമായ പച്ചക്കറി വിത്തുകൾ ഈ കേന്ദ്രത്തിൽ നിന്നും ലഭിക്കുന്നുണ്ട്. പഴവർഗസംസ്ക്കരണം, കൂൺകൃഷി, ഭക്ഷ്യസംസ്ക്കരണം, ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, നഴ്സറി എവന്നിവക്ക് ഈ സ്ഥാപനം പരിശീലനം നല്കുന്നുണ്ട്. കർഷക സെമിനാറുകളും ബോധവല്ക്കരണ ക്ലാസ്സുകളും നടത്തുന്നുണ്ട്. കൂടാതെ അന്തരീക്ഷതാപനില അളക്കുന്നതിനുള്ള സംവിധാനം ഈ സ്ഥാപനത്തിനുണ്ട്.

## പ്രശ്നങ്ങൾ

1. നെല്ല് കൃഷി താരതമ്യേന നഷ്ടമാണ്.
2. നാളികേരത്തിന് വേണ്ടത്ര വില കിട്ടുന്നില്ല.
3. കാറ്റുവീഴ്ച തെങ്ങുകൃഷിയെ സാരമായി ബാധിച്ചിട്ടുണ്ട്.
4. തെങ്ങുകളുടെ ഇടയകലം കുറവാണ്.
5. നല്ലയിനം നടീൽവസ്തുക്കളുടെ ലഭ്യത കുറവാണ്.
6. കർഷതൊഴിലാളികളെ വേണ്ടത്ര കിട്ടാനില്ല. സേവന നിലവാരം കുറയുന്നു.
7. മണ്ണുപരിശോധന സംവിധാനം കാര്യക്ഷമമല്ല.
8. ജൈവവളങ്ങളുടെ ഉപയോഗം, ലഭ്യത ഇവ കുറവാണ്.
9. കാർഷിക യന്ത്രോപകരണങ്ങൾ ആവശ്യത്തിന് ലഭിക്കുന്നില്ല.
10. മഴയെ മാത്രം ആശ്രയിച്ചുള്ള കൃഷിയാണ്. ജലസേചന സംവിധാനം അപര്യാപ്തമാണ്.
11. കാർഷികോല്പന്നങ്ങൾക്ക് പ്രാദേശിക വിപണന സൗകര്യം കുറവാണ്.
12. കാർഷിക ഉല്പന്നങ്ങളുടെ വിപണനത്തിലെ ഇടത്തട്ടുകാരുടെ ഇടപെടൽ നിലനില്ക്കുന്നു.
13. രാസവളങ്ങളുടെയും കീടനാശിനികളുടെയും അമിതമായ വില
14. കാർഷിക വായ്പകൾ ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങളുടെ കാലതാമസം
15. കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി ലഭിക്കുന്നതിനുള്ള കാലതാമസം

## നിർദ്ദേശങ്ങൾ

1. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് ഗ്രൂപ്പ്ഫാമിംഗ്, പാടശേഖരകമ്മിറ്റികൾ ഇവയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം.
2. രോഗം ബാധിച്ച തെങ്ങുകൾ വെട്ടിമാറ്റി പുതിയവ വെച്ചുപിടിപ്പിക്കുന്നതിനുള്ള പ്രവർത്തനം ഫലപ്രദമാക്കണം
3. നല്ലയിനം നടീൽവസ്തുക്കൾ ലഭ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തണം.
4. വിള ഇൻഷ്വറൻസ് പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമാക്കണം.
5. ഏലകളിൽ താലകുളങ്ങൾ സ്ഥാപിക്കണം. പ്രധാന വരമ്പുകൾ ബലപ്പെടുക്കി മടവീഴ്ച തടയണം.
6. കാർഷിക ആവശ്യത്തിന് വൈദ്യുതി സൗജന്യമായി നൽകണം
7. ജനസംഖ്യാടിസ്ഥാനത്തിൽ (വില്ലേജ് അടിസ്ഥാനത്തിൽ കൃഷിഭവനുകൾ പുനഃസംഘടിപ്പിക്കണം.
8. കൃഷി ഭവനുകളിലെ ഉദ്യോഗസ്ഥ സംവിധാനം മെച്ചപ്പെടുത്തി, കർഷകരുടെ പ്രശ്നങ്ങൾക്കു പരിഹാരം കാണണം.
9. കാർഷിക സർവ്വകലാശാല വിജ്ഞാന കേന്ദ്രത്തിലെ പ്രവർത്തനങ്ങൾ ജനങ്ങൾക്ക് അറിയുന്നതിനും കൂടുതൽ പ്രയോജനപ്പെടുന്നതിനും ഉള്ള പ്രവർത്തനങ്ങൾ നടത്തുക.
10. വാർഡുകൾ കേന്ദ്രീകരിച്ച് റബർ മാർക്കറ്റിംഗിനുള്ള സംവിധാനം ഉണ്ടാക്കുക.
11. മരച്ചീനികൃഷി വ്യാപകമാക്കുക.
12. കൃഷിഭവൻ, കാർഷിക വിജ്ഞാന കേന്ദ്രം എന്നിവയുടെ പ്രവർത്തനങ്ങൾ കൂടുതൽ ജനകീയമാക്കണം.

# മൃഗസംരക്ഷണവും ക്ഷീരവികസനവും

## മൃഗസംരക്ഷണം

മുൻകാലങ്ങളിൽ കൃഷിയുടെ അവിഭാജ്യ ഘടകമായിരുന്നു കന്നുകാലി വളർത്തൽ കാർഷിക മേഖലക്ക് ആവശ്യമായ ജൈവവളം ലഭ്യമാക്കുന്നതിനുള്ള പ്രധാനശ്രോതസ്സ് കന്നുകാലികളായിരുന്നു. നിലം ഒരുക്കുന്നതിനും ഭാരം വലിക്കുന്നതിനുള്ള മൃഗശക്തി ഈ മേഖലയിൽ നിന്ന് ലഭിച്ചിരുന്നു. പോഷക പ്രധാനമായ പാൽ, മാംസം എന്നിവയുടെ ഉല്പാദനം നടത്താൻ ഈ മേഖലക്കു കഴിയുന്നു. വ്യവസായ ആവശ്യത്തിനുള്ള തുകൽ, എല്ല്, കൊഴുപ്പ് തുടങ്ങിയവ ലഭ്യമാക്കിയിരുന്നു. ഭക്ഷണം പാകം ചെയ്യുന്നതിനും വിളക്കുകൾ കത്തിക്കുന്നതിനും ഉള്ള ബയോഗ്യാസ് ഈ മേഖലയിൽ ഉല്പാദിപ്പിക്കാൻ കഴിയുന്നു. ഒന്നാം വിള കൃഷിക്കുശേഷം പാടശേഖരങ്ങളിൽ കാലികളെ മേയ്ക്കുന്നതിനുള്ള സംവിധാനം നിലനിന്നിരുന്നു. കന്നുകാലി സമ്പത്തിന്റെ 94 ശതമാനവും ഗ്രാമീണ മേഖലയിൽ ആയതിനാൽ ഗ്രാമീണ സമ്പദ്‌വ്യവസ്ഥ ശക്തമാക്കുന്നതിന് ഈ മേഖലയുടെ വികസനം അനിവാര്യമാണ്.

ഈ പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ പശു, എരുമ, ആട്, മുയൽ എന്നിവയാണ്. ഈ പഞ്ചായത്തിലെ മൃഗസംരക്ഷണ സ്ഥാപനങ്ങൾ പനവേലി മൃഗാശുപത്രിയുമെ ചക്കുവരയ്ക്കൽ, കരിക്കം എന്നിവടങ്ങളിൽ പ്രവർത്തിക്കുന്ന ICDP സബ് സെന്ററുകളുമാണ്. സർക്കാർ വക കെട്ടിടത്തിലാണ് മൃഗാശുപത്രി പ്രവർത്തിക്കുന്നത്. ആശുപത്രിയിലെ സൗകര്യങ്ങൾ പരിമിതമാണ്. ICDP സബ് സെന്ററുകൾ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്.

പേവിഷബാധയ്ക്കെതിരെയുള്ള കുത്തിവെയ്പ്പും ബോധവൽക്കരണവും, കന്നുകാലികളുടെ വന്ധ്യതാപരിശോധന, ചികിത്സാപ്രതിരോധ കുത്തിവെയ്പ്പുകൾ എന്നിവ നടത്തിയിട്ടുണ്ട്. പച്ചൂർ ഹരിജൻ കോളനിയിലെ 90 ഗുണഭോക്താക്കൾക്ക് പ്രത്യേക ഘടക പദ്ധതിപ്രകാരം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു. ഈ കോളനിയിൽതന്നെ 40 ഗുണഭോക്താക്കൾക്ക് ഇതേ പദ്ധതിപ്രകാരം ആടുവളർത്തൽ സഹായവും RAIC വഴി വിതരണം ചെയ്തു. ഈ പദ്ധതിയിൽ 2 ഡയറി യൂണിറ്റുകളും ആരംഭിച്ചു.

## പ്രശ്നങ്ങൾ

1. ഗുണനിലവാരമുള്ള തീറ്റയുടെ ദൗർലഭ്യവും അനിയന്ത്രിതമായ വിലയും.
2. മൃഗാശുപത്രികളിൽ ലബോറട്ടറികൾ, ഓപ്പറേഷൻ തിയേറ്റർ, കർഷകപരിശീലന ഹാൾ, സ്റ്റെറിലൈസർ, മൈക്രോസ്കോപ്പ് എന്നിവയുടെ അഭാവം.
3. ഭാരിച്ച ചികിത്സാ ചിലവ്.
4. വായ്പ നല്കുന്നതിനുള്ള ധനകാര്യസ്ഥാപനങ്ങളുടെ വിമുഖത
5. ഇൻഷ്വറൻസ് പരിരക്ഷയുടെ അപര്യാപ്തത.
6. അശാസ്ത്രീയമായ മാംസോല്പാദന വിപണന രീതികൾ
7. സാങ്കേതിക പരിജ്ഞനാമില്ലാത്തവരുടെ മൃഗചികിത്സ
8. സമഗ്ര പേവിഷ നിയന്ത്രണത്തിന്റെ തുടർപരിപാടിയുടെ അഭാവം.
9. കുറഞ്ഞ വനിതാ പങ്കാളിത്തം

## നിർദ്ദേശങ്ങൾ

1. മൃഗാശുപത്രികളും വെറ്ററിനറി സബ്സെന്ററുകളും വില്ലേജ് ടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കൽ.
2. മഗാശുപത്രിക്ക് സ്വന്തമായി വാഹനം നൽകുക.
3. കൃത്രിമ ബീജദാനവും രോഗചികിത്സയും കർഷകരുടെ വീട്ടുപടിക്കൽ എത്തിക്കുക.
3. പേവിഷ നിർമ്മാർജ്ജന പ്രവർത്തനത്തിനായി ആവശ്യമുള്ള വാക്സിൻ ലഭ്യമാക്കുക.
4. അലഞ്ഞു തിരിയുന്ന നായ്ക്കളെ നശിപ്പിക്കുവാനുള്ള പരിപാടി സമഗ്രമായി നടപ്പിലാക്കുക. സംസ്ഥാന പേവിഷ നിയന്ത്രണ സെല്ലിന്റെ പ്രവർത്തനം ഈ പഞ്ചായത്തിൽ വിപുലീകരിച്ചു നടപ്പിലാക്കുക.
5. വളർത്തു നായ്ക്കൾക്ക് ലൈസൻസിംഗ് നിർബന്ധിതമാക്കുക.
6. ആടുവളർത്തൽ ലാഭകരമായി ഈ പഞ്ചായത്തിൽ നട

ത്താൻ കഴിയും സഹകരണമേഖലയിലും വ്യക്തികൾക്കും ഈ യൂണിറ്റുകൾ തുടങ്ങാവുന്നതാണ്. കോഴിവളർത്തൽ ഈ പഞ്ചായത്തിൽ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയും. കോഴികുഞ്ഞുങ്ങളുടെ ദൗർലഭ്യം പരിഹരിക്കേണ്ടതുണ്ട്. കൂടുതൽ ഹാച്ചറികൾ സ്ഥാപിാൻ കഴിയും. ഇറച്ചിക്കാ കോഴിവളർത്തൽ മേഖലയിൽ പ്രദേശിക സഹകരണസംഘങ്ങൾ രൂപീകരിച്ചു ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കാൻ കഴിയും.

### ക്ഷീരവികസനം

ഈ പഞ്ചായത്തിലെ ക്ഷീരവികസന മേഖലയിലെ പ്രധാന സ്രോതസ്സ് പശുക്കളാണ്. ക്ഷീരവിപണന രംഗത്ത് 6 ക്ഷീരസംഘങ്ങൾ പ്രവർത്തിക്കുന്നു.

| ക്ഷീരോല്പാദക സൊസൈറ്റികൾ | ഏതുവിഭാഗത്തിൽ ഉൾപ്പെടുന്നു |
|---|---|
| 1. കോട്ടവട്ടം | Apcos |
| 2. കോക്കാട് | Apcos |
| 3. പനവേലി | Apcos |
| 4. ചക്കുവരയ്ക്കൽ | വ്യവസായ സഹഃ സംഘം |
| 5. വെട്ടിക്കവല | Apcos |
| 6. സദാനന്ദപുരം | വ്യവസായ സഹകരണസംഘം |

ക്ഷീര വിപണന രംഗത്ത് സംഘടിതമായ ശ്രമങ്ങൾ ഇനിയും വേണ്ടിയിരിക്കുന്നു. ശാസ്ത്രീയ കന്നുകാലി തൊഴുത്ത്, മാതൃകാ ഡയറിഫാം പദ്ധതി, മിനെണ്ണംധാതുമിശ്രിത വിതരണം, പട്ടികജാതി കുടുംബങ്ങൾക്കുള്ള പശുവളർത്തർ പദ്ധതി, കർഷക സമ്പർക്ക പരിപാടി, വിജ്ഞാന വ്യാപക പ്രവർത്തനങ്ങൾ തുടങ്ങിയവ ക്ഷീരവികസന ഓഫീസ് വഴി നടത്തിവരുന്നു.

### പാലിന്റെ ശേഖരണവും വിപണനവും സംബന്ധിച്ച പട്ടിക

| വർഷം | ശേഖരിച്ച പാൽ ലിറ്റർ | പ്രാദേശിക വിപണനം നടത്തിയ പാൽ | മിൽമക്ക് നല്കിയ പാൽ ലിറ്റർ |
|---|---|---|---|
| 1992.93 | 2,18,965 | 82,125 | 1,36,840 |
| 1993.94 | 2,81,050 | 98,436 | 1,82,614 |
| 1994.95 | 2,66,366 | 90,952 | 175,414 |
| 1995.96 | 2,44,373 | 1,10,416 | 1,33,957 |

### പ്രധാന പ്രശ്നങ്ങൾ

1. കച്ചിയുടെ ഉല്പാദനകുറവ് കന്നുകാലിതീറ്റയുടെ വിലവർദ്ധനവ്, പാലിന്റെ വിലക്കുറവ്.
2. ക്ഷീരവിപണന സൗകര്യങ്ങൾ അപര്യാപ്തമാണ്.
3. ക്ഷീരകർഷകർക്കുള്ള ശാസ്ത്രീയമായി പരിജ്ഞാന കുറവ്.
4. ഉല്പാദന ശേഷിയുള്ള ഇനങ്ങളുടെ ലഭ്യത കുറവ്.
5. തീറ്റ പുല്ല് കൃഷി വളരെ കുറച്ചു പ്രദേശത്തു മാത്രമേ ചെയ്യുന്നുള്ളു.
6. ക്ഷീര വികസന മേഖലയിലെ സ്ത്രീകളുടെ പങ്കാളിത്തം കുറവ്.
7. ക്ഷീരവികസന ഓഫീസിന്റെ പ്രവർത്തനം ബ്ലോക്കടിസ്ഥാനത്തിലായതിനാൽ കൂടുതൽ ശ്രദ്ധ ഈ പഞ്ചായത്തിൽ ലഭിക്കുന്നില്ല.

### സാദ്ധ്യതകൾ

1. വെട്ടിക്കവല പഞ്ചായത്തിന്റെ വിഭിന്ന സ്വഭാവത്തിലുള്ള ക്ഷീരസംഘങ്ങളെ ഏകോപിച്ച് ഒരു APEX സംഘം രൂപീകരിക്കുക. അതിന്റെ ചുമതലയിൽ സംഭരണം, വിതരണം എന്നിവ കാര്യക്ഷമമായി നടത്തുക. പുല്ല് കൃഷി വികസനത്തിനും, കാലിതീറ്റഉല്പാദനത്തിനും ആയി ഒരു യൂണിറ്റ് ഈ സംഘത്തിന്റെ നേതൃത്വത്തിൽ ആരംഭിക്കുക.
2. മകരക്കൊയ്ത്ത് കഴിഞ്ഞ പാടങ്ങളിൽ ഹ്രസ്വകാല വിളകളായ മഞ്ഞച്ചോളം, പയർ എന്നിവ കാലിത്തീറ്റയ്ക്കായി കൃഷി ചെയ്യുക. തീറ്റപ്പുൽകൃഷി വികസിപ്പിക്കുക.
3. ക്ഷീര കർഷകർക്ക് മതിയായ പരിശീലനം നൽകുക.
4. ഊർജ്ജിത ഉല്പാദനശേഷിയുള്ള കന്നുകാലി ഇനങ്ങളുടെ വിതരണം കാര്യക്ഷമമാക്കുക.
5. വനിതകളെ ഗ്രൂപ്പടിസ്ഥാനത്തിൽ സംഘടിപ്പിച്ച് പാലുല്പന്നങ്ങളുടെ വിപണനത്തിനായി യൂണിറ്റ് ആരംഭിക്കുക.
6. ക്ഷീര വികസന ഓഫീസിന്റെ പ്രവർത്തനം പഞ്ചായത്തടിസ്ഥാനത്തിൽ പുനർ നിർണ്ണയിക്കുക. ടി ഓഫീസിൽ ക്ലാർക്ക്, പ്യൂൺ, തസ്തികകളിൽ നിയമനം നടത്തി സാങ്കേതിക ഉദ്യോഗസ്ഥൻമാരുടെ സേവനം ഫീൽഡിൽ ലഭ്യമാക്കുക.
7. ബാങ്കുകളിലെ വായ്പ സൗകര്യം ഈ മേഖലയിൽ മെച്ചപ്പെടുത്തുക.

### മത്സ്യകൃഷി

ഈ പഞ്ചായത്തിൽ മത്സ്യകൃഷി ആരംഭിക്കുന്നതിന് സാദ്ധ്യതയുണ്ട്. നിലവിലുള്ള കുളങ്ങളിലും വെള്ളക്കെട്ടുകളിലും മത്സ്യകൃഷി നടത്തുവാൻ കഴിയും. ആവശ്യമായ മത്സ്യകുഞ്ഞുങ്ങളെ ലഭ്യമാക്കുകയും വേണ്ട ശാസ്ത്രീയ പരിജ്ഞാനവും നല്കിയാൽ ഈ കൃഷി വ്യാപകമാക്കാവുന്നതാണ്.

### ദേശീയ വാട്ടർ ഷെഡ്ഡ്പദ്ധതി

ചക്കുവരയ്ക്കൽ വാട്ടർ ഷെഡ് പദ്ധതി 1991ൽ ആരംഭിച്ചു. കൃഷിയും അതിനോട് ബന്ധപ്പെട്ട കന്നുകാലിവളർത്തൽ, തീറ്റപുൽകൃഷി, വനവല്ക്കരണം, മണ്ണുസംരക്ഷണം, മൃഗസംരക്ഷണം എന്നീ മേഖലകളുടെ വികസനവും ഈ പദ്ധതി വിഭാവനം ചെയ്തിരിക്കുന്നു. പ്രകൃതിദത്തമായ വിഭവങ്ങളായ ഭൂമി, ജലം സസ്യങ്ങൾ മനുഷ്യപ്രയത്നം എന്നിവയെ ശാസ്ത്രീയമായി കൈകാര്യം ചെയ്ത് സ്ഥായിയായ ഉല്പാദനക്ഷമതയുള്ള ഒരു ജൈവസമൂഹം ഉറപ്പുവരുത്തുകയും പ്രകൃതിയുടെ സം

തുലിതാവസ്ഥ നിലനിർത്തുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ. വെട്ടിക്കവല മേലില, ഇടമുളയ്ക്കൽ എന്നീ പഞ്ചായത്തുകളുടെ ഭാഗങ്ങൾ ഉൾപ്പെട്ട 1100 ഹെക്ടർ സ്ഥലമാണ് ഈ പദ്ധതിപ്രദേശം. "ചക്കുവരയ്ക്കൽ തോട്"ആണ് വാട്ടർഷെഡിന്റെ നീർതോട് (Drainage Pond). വെട്ടിക്കവല കൃഷിഓഫീസറുടെ നേതൃത്വത്തിൽ വിവിധ വകുപ്പുകളിലെ വിദഗ്ദ്ധർ അടങ്ങുന്ന ഒരു വാട്ടർഷെഡ് ടീമും, വെട്ടിക്കവല ഗ്രാമപഞ്ചായത്തു പ്രസിഡന്റ് അദ്ധ്യക്ഷനും മിത്ര കർഷകരും, വിവിധ സമിതി പ്രസിഡണ്ടുമാരും ഗ്രാമപഞ്ചായത്തംഗങ്ങളും അടങ്ങുന്ന ഒരു പ്രോജക്ട് കമ്മിറ്റിയും, ബ്ലോക്കുതല കമ്മിറ്റിയും ഈ പദ്ധതി തുടങ്ങിയതുമുതൽ രൂപീകരിച്ചിട്ടുണ്ട്. പദ്ധതികൾ ആവിഷ്കരിക്കുന്നതും അവലോകനം നടത്തുന്നതും ഈ കമ്മിറ്റികളാണ്.

ഈ പദ്ധതിയുടെ അടങ്കൽ തുക 50 ലക്ഷം രൂപ ആണ്. 1991 മുതൽ ആകെ 28.07 ലക്ഷം രൂപ ചിലവായിട്ടുണ്ട്.

### പട്ടിക

**BASIC ACTIVITIES അടങ്കൽതുകയുടെ 40% ചെലവായത്**

| | |
|---|---|
| പ്രാഥമിക സർവ്വേപ്രവർത്തനങ്ങൾ, പ്രാഥമിക സംവിധാനങ്ങൾ, ഫർണിച്ചറുകൾ, തെങ്ങ് കശുമാവ് നഴ്സറികൾ തയ്യാറാക്കുന്നതിനും ട്രെയിനിംഗിനും കിസാൻമേളകൾ എന്നിവ നടത്തിയതിനും. | 2.93ലക്ഷം |

**PROJECT ACTIVITIES 60%**

**ചിലവായത്**

**1. കൃഷി വകുപ്പു വഴി**

| | |
|---|---|
| Crop demostration-490Nos<br>Sericulture 4 Units<br>Bee Keeping 9 Nos<br>Dryland Horticulture 8800 Nos<br>അടുക്കളത്തോട്ടം 200 Nos<br>മരപ്പണിക്കാർക്ക് 20 പേർക്ക്<br>ഇരുമ്പു പണിക്കാർക്ക് 20 പേർക്ക് പണിയായുധം നല്കി<br>തയ്യൽമെഷീൻ 250 സ്ത്രീകൾക്ക് വിതരണം ചെയ്തു. | 5.89 ലക്ഷം |

**2. (Dairy Development Dept) ക്ഷീരവികസന വകുപ്പ്**

| | |
|---|---|
| മാതൃകാ കന്നുകാലി തൊഴുത്തു നിർമ്മാണം 150 പേർക്ക്<br>പുല്ലുവളർത്തൽ പ്ളോട്ട് 80 യൂണിറ്റ്<br>പശുക്കൾക്കുള്ള ധാതുലവണ മിശ്രിതം 330 | 2.18 |

**3. മൃഗസംരക്ഷണ വകുപ്പ് വഴി ചെലവായത്.**

| | |
|---|---|
| കോഴി യൂണിറ്റ് 330 എണ്ണം<br>മുയൽ യൂണിറ്റ് 50 എണ്ണം<br>ആട് യൂണിറ്റ് 20 എണ്ണം | 1 ലക്ഷം |

**4. വനംവകുപ്പ്**

7000 തേക്ക് സ്റ്റമ്പുകൾ .07 ലക്ഷം

**5. മണ്ണുസംരക്ഷണ വകുപ്പ്**

| | |
|---|---|
| Veg: hedges<br>Stream Bank Stabilization<br>Brush wood check Dam<br>Loose bouldne check Dam<br>Small Dugoue Ponds<br>Side wall Ptotection<br>Retaining wall etc. | 16 ലക്ഷം |

**ആകെ 28.07 ലക്ഷം.**

ബാക്കിയുള്ള തുക ഉപയോഗിച്ച് തയ്യൽ മെഷീൻ Crop demonstration, Bookeeping, Seri culture, Basket making, Pickle making, Fruit processing, Poultry unit, Cattle shed renovation എന്നിവ ഉടനെ നടപ്പിലാക്കേണ്ടതുണ്ട്.

കൂടാതെ 9ാം പഞ്ചവത്സരപദ്ധതി കാലത്തേക്ക് വെട്ടിക്കവല കൃഷിഭവന്റെ കീഴിൽ രണ്ടു വാട്ടർ ഷെഡുകൾ തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. വെട്ടിക്കവല കൃഷി ഓഫീസർ ടീം ലീഡറായുള്ള നെടുമൺകാവ് വാട്ടർ ഷെഡും മേലില കൃഷി ഓഫീസർ ടീം ലീഡറായുള്ള മേലില വാട്ടർ ഷെഡും വെട്ടിക്കവല പഞ്ചായത്തിലെ, കണ്ണംകോട് ചിരട്ടകോണം വാർഡുകൾക്കും ഉമ്മന്നൂർ പഞ്ചായത്തിന്റെ ഭാഗങ്ങളും ഉൾപ്പെടുന്ന നെടുമൺകാവ് വാട്ടർഷെഡിനെ ആകെ വിസ്തീർണ്ണം 1250 ഹെക്ടർ ആണ്. ഈ പഞ്ചായത്തിലെ ഉളിയനാട്, വെട്ടിക്കവല, സദാനന്ദപുരം വാർഡുകളുടെ ഭാഗങ്ങളും മേലില പഞ്ചായത്തിന്റെ ഭാഗങ്ങളും ഉൾപ്പെടുന്നതാണ് മേലില വാട്ടർഷെഡ്. ഇവയുടെ സർവ്വേ പ്രവർത്തനങ്ങൾ ഉടനെതന്നെ ആരംഭിക്കുന്നതാണ്.

അധികാരം ജനങ്ങളിലേക്ക്

# ദ്വിതീയ മേഖല

## വ്യവസായം

കേരളത്തിലെ ഉയർന്ന ജനസാന്ദ്രതയുടേയും കാർഷികമേഖലയിലെ തൊഴിൽ സാദ്ധ്യതയുടെയും പരിമിതിയുടെയും പശ്ചാത്തലത്തിൽ വ്യവസായവല്ക്കരണം പരമപ്രധാനം ആയി തീരുന്നു. എന്നാൽ നമ്മുടെ സംസ്ഥാനം വ്യവസായ വളർച്ചയിൽ വളരെ പിന്നോക്കം നില്ക്കുന്നു. നരമ്പരാഗത വ്യവസായങ്ങൾ ആകെ തകർച്ചയിലാണ്. ആധുനിക വ്യവസായങ്ങളുടെ വളർച്ചയും മന്ദഗതിയിലാണ്. 60 കളുടെ മധ്യം മുതൽ ഇന്ത്യയിൽ മൊത്തത്തിൽ അനുഭവവേദ്യമായ വ്യവസായ മാന്ദ്യത്തിന്റെ തിക്തഫലങ്ങൾ ഏറ്റവും രൂക്ഷമായി അനുഭവിച്ച സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. ഈ പ്രതിസന്ധിയെ മുറിച്ചു കടക്കുക എന്നത് കേരളത്തിന്റെ വികസനത്തിന് പരമപ്രധാനമായിരിക്കുന്നു.

കാർഷിക മേഖലയിലെ ഉല്പന്നങ്ങളെ അസംസ്കൃത വസ്തുക്കളാക്കി സ്വീകരിച്ചുകൊണ്ടുള്ള വ്യവസായവല്ക്കരണമാണ് നമ്മുടെ പഞ്ചായത്തിനാവശ്യം. ഒരു പരമ്പരാഗത വ്യവസായ മേഖലയെ ചലനാത്മകമാക്കുകയും അതുവഴി നമ്മുടെ വ്യാവസായിക പിന്നോക്കാവസ്ഥ മെച്ചപ്പെടുത്തുവാനും കഴിയും.

### കശുവണ്ടി വ്യവസായ മേഖല

ഈ പഞ്ചായത്തിൽ സ്വകാര്യമേഖലയിൽ അലൈഡ് കാഷ്യൂഫാക്ടറി കരിയ്ക്കം, വിജയ കാഷ്യൂ ഫാക്ടറി കരിക്കം, സെൻ്റ്ഗ്രിഗോറിയസ് കാഷ്യൂ ഫാക്ടറി സദാനന്ദപുരം, LTR കാഷ്യൂഫാക്ടറി വെട്ടിക്കവല, എലൈറ്റ് കാഷ്യൂ ഫാക്ടറി കണ്ണംകോട്, സരസ്വതി കാഷ്യൂ ഇൻഡസ്ട്രീസ് പനവേലി, പ്രീമിയർ കാഷ്യൂ ഇൻഡസ്ട്രീസ് ചക്കുവരയ്ക്കൽ, അബൽ സ്റ്റാൻ സിലാസ് കാഷ്യൂ ചിരട്ടക്കോണം, യൂനസ് കാഷ്യൂ ഇൻഡസ്ട്രീസ് തലച്ചിറ, ലിയോ കാഷ്യൂ ഫാക്ടറി കോക്കാട് എന്നിവ ഉണ്ട്. ഇവയിൽ യൂനസ് കാഷ്യൂ ഇൻഡസ്ട്രീസ് വിജയ കാഷ്യൂ എന്നിവ അടഞ്ഞു കിടക്കുകയാണ്. ഈ മേഖലയിൽ സ്ത്രീ തൊഴിലാളികളാണ് 95% പണി എടുക്കുന്നത്.

### ചെറുകിട വ്യവസായ യൂണിറ്റുകൾ-സ്ഥലങ്ങൾ

1. ഇഷ്ടികനിർമ്മാണം-സദാനന്ദപുരം,3 കോട്ടവട്ടം, തലച്ചിറ (4എണ്ണം)
2. ഹോളോബ്രിക്സ് നിർമ്മാണം ഇരണൂർ, കണ്ണംകോട്, പനവേലി (3 എണ്ണം)
3. മെറ്റൽ ക്രഷർ സദാനന്ദപുരം, ഗാന്ധിഗ്രാം (2 എണ്ണം)
4. കറിപൗഡർ വെട്ടിക്കവല, കോട്ടവട്ടം (2 എണ്ണം)
5. തടിമിൽ സദാനന്ദപുരം, കക്കാട്, കോട്ടവട്ടം, ചിരട്ടക്കോണം, കണ്ണംകോട്, വെട്ടിക്കവല, കോക്കാട് എന്നീ വാർഡുകളിലായി (10 എണ്ണം)
6. വെൽഡിംഗ് സദാനന്ദപുരം, പനവേലി, കരിക്കം, വെട്ടിക്കവല, ചിരട്ടക്കോണം (5 എണ്ണം)
7. ലതർവർക്സ് പനവേലി
8. കയർമാറ്റ് നിർമ്മാണം സദാനന്ദപുരം
9. ഖാദി പനവേലി
10. ക്ഷീരോല്പാദന യൂണിറ്റ് വെട്ടിക്കവല, ചക്കുവരയ്ക്കൽ, പനവേലി
11. തീപ്പെട്ടി കോൽ നിർമ്മാണം കണ്ണംകോട്
12. വുഡ് കാർ വിംഗ് പനവേലി, കക്കാട്, ചിരട്ടകോണം
13. പ്രിന്റിംഗ് പ്രസ്സ് വെട്ടിക്കവല, പനവേലി, സദാനന്ദപുരം, കരിക്കം, തലച്ചിറ, (8 എണ്ണം)

### തൊഴിലാളികളെ സംബന്ധിച്ച വിവരങ്ങൾ

| ഇനം | പുരുഷ തൊഴിലാളി | സ്ത്രീ തൊഴിലാളി | ആകെ |
|---|---|---|---|
| 1. കശുവണ്ടി വ്യവസായം | 250 | 5087 | 5337 |
| 2. റൈസ്, ഫ്ലവർ മിൽ | 14 | | 14 |
| 3. തടിമിൽ | 20 | | 20 |
| 4. ഇഷ്ടികനിർമ്മാണം | 40 | 16 | 56 |
| 5. സിമന്റ് ബ്ലോക്ക് നിർമ്മാണം | 3 | 2 | 5 |
| 6 കറിപൗഡർ നിർമ്മാണം | 3 | 7 | 10 |
| 7. മെറ്റൽ ക്രഷിംഗ് | 10 | 4 | 14 |
| 8. ലെൻസ് ഉരയ്ക്കൽ ഗ്ലാസ്സ് നിർമ്മാണം | 10 | 2 | 12 |
| 9. പ്രസ്സ് | 10 | 10 | 20 |

| Item | Column 1 | Column 2 | Total |
|---|---|---|---|
| 10. റിഫിൽ നിർമ്മാണം | 2 | 2 | 4 |
| 11. വുഡ്കാർവിംഗ് | 8 | | 8 |
| 12. വെൽഡിംഗ് വർക്ക് | 8 | | ~~8~~ |
| 13. പെരിഷ്ണനിർമ്മാണം | 3 | | 3 |
| 14. ആയുർവേദ ഔഷധ നിർമ്മണം | 15 | | 15 |
| 15. തഴപ്പായ, ഈറ്റ | 45 | 65 | 110 |
| 16. തീപ്പെട്ടിവ്യവസായം | 3 | 6 | 9 |
| 17. കയർമാറ്റ് നിർമ്മാണം | 10 | 10 | 20 |
| 18. ഖാദി നൂൽപ്പ് | 30 | | 30 |
| 19. ക്ഷീരോല്പാദ യൂണിറ്റ് | | 15 | 15 |
| 20. ലതർ വർക്ക് | | 10 | 10 |
| | 484 | 5236 | 5720 |

പരമ്പരാഗത വ്യവസായം ആയ കശുവണ്ടി മേഖലേയിൽ വയർഷത്തിൽ 3 മാസത്തിലധികം തൊഴിൽ ഇപ്പോൾ ലഭിക്കുന്നില്ലാ. ഇതു മൂലം ആ മേഖലയിൽ തൊഴിലെടുക്കുന്ന കുടുംബങ്ങളിൽ സാമ്പത്തിക തകർച്ചക്ക് കാരണമായിട്ടുണ്ട്.

## ഈ മേഖലയിലെ പ്രധാന പ്രശ്നങ്ങൾ

1. അസംസ്കൃതവസ്തുക്കളായ കശുവണ്ടി, തടി എന്നിവയുടെ ലഭ്യതകുറവ്.
2. വ്യവസായങ്ങൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥലം കുറവ്.
3. വൈദ്യുതിയുടെ ലഭ്യതകുറവ്.
4. സാങ്കേതിക പരിജ്ഞാനം ലഭിച്ച വിദഗ്ദ്ധ തൊഴിലാളികളുടെ കുറവ്.
5. മുഖ്യ കാർഷികോല്പന്നങ്ങളായ റബർ, നെല്ല്, നാളികേരം എന്നിവ അസംസ്കൃത വസ്തുക്കളായി ഉപയോഗിക്കുന്ന വ്യവസായങ്ങളുടെ കുറവ്.
6. കശുവണ്ടി മേഖലയിലെ കൂലികുറവ്, തൊഴിൽ ദിനങ്ങളുടെ കുറവ്.
7. വ്യാവസായിക സംരംഭകർക്ക്ധനസഹായം നല്കുന്നതിനുള്ള ധനകാര്യ സ്ഥാപനങ്ങളുടെ വിമുഖത
8. വ്യാവസായിക സംരംഭങ്ങൾക്ക് ലൈസൻസ് ലഭിക്കുന്നതിനുള്ള കാലതാമസം.
9. കശുവണ്ടി വ്യവസായം ഒഴികെ മറ്റുമെഖലകളിലെ സ്ത്രീ തൊഴിലാളികളുടെ കുറവ്.
10. സാങ്കേതിക പരിജ്ഞാനം സ്വായത്തമാക്കിയ തൊഴിൽ രഹിതർക്ക് അതാതു മേഖലളകളിൽ തൊഴിൽ നല്കുന്നതിനുള്ള സംവിധാനത്തിന്റെ കുറവ്.
11. തൊഴിൽ രഹിതരായ യുവതീയുവാക്കൾക്ക് വ്യാവസായിക മേഖലയിലേക്ക് കടന്നുവരുന്നതിനുള്ള താല്പര്യക്കുറവ്.

## സാദ്ധ്യതകൾ

1. ഭൂമി, വൈദ്യുതി, തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കൽ.
2. പരമ്പരാഗത വ്യവസായമായ കശുവണ്ടിയുടെ കൃഷി വ്യാപകമാക്കൽ
3. ഈറ്റ തൊഴിലാളികൾക്ക് ആവശ്യമായ ഈറ്റ എത്തിച്ചുകൊടുക്കൽ
4. സംരഭകത്വ പരിശീലനം ഏർപ്പെടുത്തുക.
5. കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണ യൂണിറ്റ് ആരംഭിക്കുക.
6. റബർ, നെല്ല്, നാളികേരം അടിസ്ഥാനമാക്കിയുള്ള വ്യവസായം വ്യക്തിഗതമായും സഹകരണമേഖലയിലും ആരംഭിക്കൽ
7. വ്യവസായ എസ്റ്റേറ്റുകൾ ആരംഭിക്കൽ
8. വൈഡൂര്യഖനനം വ്യാവസായികമായി ആരംഭിക്കുക.
9. ഗൾഫിൽ നിന്നും മടങ്ങിയെത്തിവരെ വ്യവസായ മേഖലയിൽ കൂടുതൽ മുതൽമുടക്കിന് പ്രോത്സാഹിപ്പിക്കുക.
10. മരച്ചീനി അസംസ്കൃത വസ്തുവായി ഉപയോഗിക്കാവുന്ന ബിസ്ക്കറ്റ്,കേക്ക് എന്നീ സ്റ്റാർച്ച് ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റ് ആരംഭിക്കുക.
11. വനിതകളുടെ ഗ്രൂപ്പുകൾക്ക് ഏറ്റെടുക്കാവുന്ന
    1. റെഡിമെയ്ഡ് ഗാർമെന്റ്സ് നിർമ്മാണം.
    2. മാങ്ങ, വാഴപ്പഴം, പറങ്കിമങ്ങ മുതലായവയുടെ ജ്യൂസുകൾ നിർമ്മിക്കൽ
    3. പാലുല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റ്
    4. ഇറച്ചികോഴി വളർത്തൽ
    5. ആടുവളർത്തൽ യൂണിറ്റ്
    6. ഇലക്ട്രോണിക്സ് ഉല്പന്ന യൂണിറ്റ്
    7. ചിരട്ട ഉപയോഗിച്ചു ഫാൻസി ഉല്പന്നങ്ങൾ
    8. തേനീച്ച വളർത്തൽ
    9. അരിപ്പൊടി, കറിപൗഡർ എന്നിവയുടെ യൂണിറ്റുകൾ
    10. മെറ്റൽ നിർമ്മാണ യൂണിറ്റുകൾ എന്നിവ ആരംഭിക്കാവുന്നതാണ്.
12. വിവിധ ഡിപ്പാർട്ടുമെന്റുകളേയും ധനകാര്യസ്ഥാപന പ്രതിനിധികളെയും വ്യവസായ സമരംഭകരേയും ഉൾപ്പെടുത്തി പഞ്ചായത്തു തല വ്യവസായ വികസന സമിതികൾ രൂപീകരിക്കുക. വ്യവസായ സ്കീമുകളുടെ നടത്തിപ്പ് അവലോകനം ചെയ്യുക.

# ഊർജ്ജം

ഗാർഹിക ഊർജ്ജ സ്രോതസ്സുകളായി വിറക്, തെങ്ങിന്റെ ഉല്പന്നങ്ങൾ, റബർ തോട് എന്നിവയെയാണ് ഈ പഞ്ചായത്തിലെ വീടുകളിൽ ഏറിയ പങ്കും ആശ്രയിക്കുന്നത്. പാചകവാതകത്തിന്റെ ഉപയോഗം 80 കളിലാണ് വ്യാപകമായത്. വെളിച്ചത്തിനുള്ള ഊർജ്ജസ്രോതസ് വൈദ്യുതിയാണ്. കൊട്ടാരക്കര 66 KV സ്റ്റേഷനിൽ നിന്നാണ് ഈ പഞ്ചായത്തിന് ആവശ്യമായ വൈദ്യുതി ലഭിക്കുന്നത്. ഈ പഞ്ചായത്തിൽ ഉൾപ്പെട്ട പ്രദേശങ്ങൾ വാളകം, ചെങ്ങമനാട്, വിളക്കുടി എന്നീ മൂന്ന് ഇലക്ട്രിക്കൽ സെക്ഷനുകളുടെ പരിധിയിലാണ് ഉൾപ്പെടുന്നത്. വെളിച്ചത്തിനായി മണ്ണെണ്ണ വിളക്കുകൾ വളരെ കുറച്ചു മാത്രമേ ഉപയോഗിക്കുന്നുള്ളു.

### വൈദ്യുതി ഉപഭോക്താക്കളെ സംബന്ധിച്ച വിവരം

| ഇനം | എണ്ണം |
|---|---|
| 1. ഗാർഹികം | 5630 |
| 2. വ്യാപാരം | 410 |
| 3. വ്യാവസായികം | 73 |
| 4. കാർഷികം | 41 |
| ആകെ | 6154 |

### കണക്ഷൻ ലഭിക്കാൻ ബാക്കിയുള്ള അപേക്ഷകളെ സംബന്ധിച്ച്

| നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1. | Ordinary | 398 |
| 2. | OTP | 44 |
| 3. | OYEC | 45 |
| | ആകെ | 487 |

### ഈ പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം

| നമ്പർ | തരം | എണ്ണം |
|---|---|---|
| 1. | ബൾബ് | 1231 |
| 2. | ട്യൂബ് | 96 |
| 3. | മെർക്കുറി വേപ്പർ | |
| 4. | സോഡിയം വേപ്പർ | 1 |

സ്ട്രീറ്റ് ലൈറ്റുകളുടെ കറന്റ് ചാർജ്ജിനായി പ്രതിമാസം 12000രൂപ പഞ്ചായത്തിൽ നിന്നും അടക്കുന്നുണ്ട്.

## പഞ്ചായത്ത് പരിധിയിൽ വൈദ്യുതി വിതരണം

### ചെയ്യുന്ന LT ട്രാൻസ്ഫോർമറുകളുടെ പേര്

1. ഉളിയനാട്
2. കരിയ്ക്കം
3. ചിരട്ടക്കോണം I
4. ചിരട്ടക്കോണം II
5. ചിരട്ടക്കോണം III
6. കണ്ണൻകോട്
7. വെട്ടിക്കവല
8. തലച്ചിറ
9. പച്ചൂർ
10. നീലാംവയൽ
11. അമ്പിലറ
12. ചക്കുവരയ്ക്കൽ
13. അഞ്ചാനംകുഴി

14. കോക്കാട്
15. ആയിരവല്ലി
16. പ്ലാപ്പള്ളി
17. സദാനന്ദപുരം
18. ഉഗ്രൻമുക്ക്
19. കത്തനാക്കൽ
20. പനവേലി
21. ബ്ലാക്കോണം
22. പാലസ് I
23. പാലസ് II
24. മലവിള
25. കോട്ടവട്ടം I
26. കോട്ടവട്ടം II
27. അമ്പികുഴി
28. ചേന്നൻകുഴി
29. നരിക്കൽ
30. മുട്ടുകോണം
31. അമ്പലത്തുംവിള

---

സ്ട്രീറ്റ്ലൈറ്റിനുവേണ്ടി പ്രതിമാസം 12010 രൂപ അടയ്ക്കുന്നു.

## പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളുടെ ഉപയോഗം

സോളാർ ഗ്യാസ്, ബയോഗ്യാസ് അടുപ്പുകളും വിളക്കുകളും, ഫ്ലൂറസെന്റ് വിളക്കുകൾ, ഇലക്ട്രോണിക് ലാമ്പുകൾ എന്നിവ ഈ പഞ്ചായത്തിൽ വ്യാപകമായിട്ടില്ല. അഭഫഷനര ബസഴ ങസഷനസഷൽഫഷർയസഷദവ Agency for Non Conventional Energy and Rural Technology (ANERT)ന്റെ IREP ഓഫീസ് സദാനന്ദപുരത്ത് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഈ ആഫീസ് വഴിയുള്ള ഉപകരണങ്ങളുടെ ഉപയോഗം സബന്ധിച്ച പ്രചർണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

### പ്രശ്നങ്ങൾ

വോൾട്ടേജ് കുറവ്, അപ്രഖ്യാപിത പവ്വർകട്ടുകൾ

വിറകിന്റെ ലഭ്യത കുറവും, വില വർദ്ധനവും

3. സ്റ്റെബിലൈസറുകൾ, സ്റ്റൌപ്പുകൾ എന്നിവയുടെ ഉപയോഗം മൂലമുള്ള വോൾട്ടേജ് പ്രശ്നം.

4. വൈദ്യുതി എത്താത്ത ചില പ്രദേശങ്ങൾ

5. ട്രാൻസ്ഫോർമറുകളുടെ ശേഷിക്ക് ഉപരിയായി കണക്ഷനുകൾ നൽകുന്നത്.

6. നിർദ്ദിഷ്ട സ്ലാബ് അനുവദിച്ചിട്ടുള്ള വൈദ്യുതിയ്ക്ക് ഉപരിയായുള്ള ഉപയോഗം

7. വൃക്ഷശിഖരങ്ങൾ വൈദ്യുതലൈനുകളിൽ തട്ടി ഉണ്ടാകുന്ന ട്രാൻസ്മിഷൻ സ്.

8. മൂന്ന് വ്യസ്യസ്ഥ സെക്ഷനുകളുമായി ബന്ധപ്പെടുന്നതിന് ഉപഭോക്താക്കൾക്ക് അസൗകര്യം.

### സാദ്ധ്യതകൾ

1. മെച്ചപ്പെട്ട വിറക് അടുപ്പുകൾ പ്രചരിപ്പിക്കുക.

2. വിറക് ഉല്പാദനത്തിന് ആവശ്യമായ വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുക.

3. വൈദ്യുത ലൈനിൽ തട്ടുന്ന വൃക്ഷശിഖരങ്ങൾ മുറിച്ചുമാറ്റുക. ഇതിനായി ജനകീയ സമിതികൾക്ക് രൂപം നൽകുക.

4. ഊർജ്ജലാഭമുള്ള ദീപങ്ങൾ പ്രചരിപ്പിക്കുക.

5. ജൈവവാതക പ്ലാന്റുകൾ, പുകയില്ലാത്ത അടുപ്പുകൾ ഇവ പ്രചരിപ്പിക്കുക.

6. സൗരോർജ്ജ വിളക്കുകൾ പ്രചരിപ്പിക്കുക.

7. ഈ പഞ്ചായത്തിലെ ഉപഭോക്താക്കളെ പൂർണ്ണമായും ഉൾക്കൊള്ളുന്ന ഇലക്ട്രിക് സെക്ഷൻ സ്ഥാപിക്കുക.

8. തെരുവ് വിളക്കുകളുടെ നിയന്ത്രണം ഗ്രാമപഞ്ചായത്തിന് കൈമാറുക.

9. വൈദ്യുതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് പഞ്ചായത്തുതലത്തിൽ ജനകീയ സമിതികൾ രൂപീകരിക്കുക.

# വെട്ടിക്കവല ഗ്രാമപഞ്ചായത്ത്
## ഹരിജൻ കോളനി വൈദ്യുതീകരണം സംബന്ധിച്ച വിവരങ്ങൾ

| നമ്പർ | ഹരിജൻ കോളനികളുടെ പേര് | വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | സൗജന്യ സ്ലാബിൽ വൈദ്യുതി ഉപ: എണ്ണം | പണം നൽ വൈദ്യുതിക ണക്ഷൻ ല ക്കുന്ന കുടു എണ്ണം |
|---|---|---|---|---|
| 1. | ഞാറംമൂട്ടിൽക്കോണം | 25 | 7 | |
| 2. | ആണ്ടുപൊയ്ക | 18 | 5 | |
| 3. | ഐ.എച്ച്.ഡി.പി.കോളനി പാലമുക്ക്, പച്ചൂർ | 12 | 2 | |
| 4. | പച്ചൂർ | 43 | 23 | |
| 5. | മൂടക്കുഴി | 20 | 5 | 15 |
| 6. | ചോന്നാംകുഴി | 50 | 10 | 40 |
| 7. | മടന്തക്കുഴി | 20 | 5 | 15 |
| 8. | നിരപ്പിൽ | 20 | 2 | 18 |
| 9. | കോട്ടവട്ടം | 40 | 14 | 26 |
| 10. | ആയിരവല്ലി | 10 | 4 | 6 |
| 11. | നിരപ്പുവിള | 5 | 2 | |
| 12. | ബ്ലാക്കോണം | 12 | 5 | |
| 13. | കുട്ടപ്പാറ | 5 | 2 | |
| 14. | കാവുങ്കൽ | 12 | 1 | |
| 15. | കാത്തനാക്കൽ | 27 | 18 | |
| 16. | കോട്ടവട്ടം ചക്കുവരയ്ക്കൽ ഐ.എച്ച്.ഡി.പി.കോളനി | 25 | 8 | 17 |

## വൈദ്യുതിയെ സംബന്ധിച്ച വിവരം

| ക്രമനമ്പർ | വാർഡ് | ഇനി വൈദ്യുതീകരിക്കാത്തവ |
|---|---|---|
| 1. | ഉളിയനാട് | 229 |
| 2. | സദാനന്ദപുരം | 153 |
| 3. | വെട്ടിക്കവല | 281 |
| 4. | ഇരണ്ണൂർ | 216 |
| 5. | കണ്ണംകോട് | 129 |
| 6. | പനവേലി | 121 |
| 7. | ചിരട്ടക്കോണം | 121 |
| 8. | കമുകിൻകോട് | 235 |
| 9. | തലച്ചിറ | 233 |
| 10. | കോക്കാട് | 249 |
| 11. | ചക്കുവരയ്ക്കൽ | 85 |
| 12. | ഗാന്ധിഗ്രാം | 244 |
| 13. | കോട്ടവട്ടം | 178 |
| | ആകെ | 2494 |

# ഗതാഗതം

ഈ പഞ്ചായത്തിലെ പ്രധാന ഗതാഗതമാർഗം റോഡുകൾ ആണ്. കനാൽ അപ്രോച്ച് റോഡുകൾ 1.09 കിലോമീറ്റർ നീളത്തിലും, പഞ്ചായത്തിന്റെയും PWD യുടെയും ഉടമസ്ഥതയിലുള്ള ടാർ റോഡുകൾ 22.5 കി:മി: നീളത്തിലും മെറ്റൽ റോഡുകൾ 34 കി:മി നീളത്തിലും ഉണ്ട്. കെ.എസ്.ആർ.ടി.സി. ബസ്സുകളും പ്രൈവറ്റു ബസ്സുകളും ഈ പഞ്ചായത്തിൽ ഗതാഗത സൗകര്യം നടത്തുന്നുണ്ട്. എസ്.എച്ച് 1 ആയി പ്രഖ്യാപിച്ചിട്ടുള്ള എം.സി. റോഡ് ഉളിയനാട് വാർഡിലെ ലോവർ കരിക്കത്തിൽ വെച്ച് ഈ പഞ്ചായത്തിൽ പ്രവേശിക്കുകയും സദാനന്ദപുരം ഇരണൂർ, പനവേലി എന്നിവാർഡുകളിലൂടെ ഏകദേശം 3 കി:മി കടന്നുപോകുകയും ചെയ്യുന്നു. കൊട്ടാരക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിന്നാണ് കൂടുതൽ ബസ്സുകളും സർവീസ് നടത്തുന്നത്. കൂടാതെ പുനലൂർ, കൊല്ലം, തിരുവനന്തപുരം എന്നിവിടങ്ങളിൽ നിന്നും ബസ്സ് സർവീസ് ഈ പഞ്ചായത്തിൽ കൂടി കടന്നുപോകുന്നുണ്ട്.

## കൊട്ടാരക്കരയിൽ നിന്നുള്ളവയും അതുവഴി കടന്നുപോകുന്നതുമായ സർവീസുകൾ

1. കൊട്ടാരക്കര കോക്കാട് (ചെങ്ങമനാട്-വെട്ടിക്കവല)
2. കൊട്ടാരക്കര-കോക്കാട് പുനലൂർ (പ്രൈവറ്റ്)
3. കൊട്ടാരക്കര-തലച്ചിറ (സദാനന്ദപുരം വെട്ടിക്കവല, കണ്ണംകോട്)
4. കൊട്ടാരക്കര തലച്ചിറ ക്ഷേത്രം (സദാനന്ദപുരം, വെട്ടിക്കവല കണ്ണംകോട് വഴി)
5. പാരിപ്പള്ളി പച്ചൂർ (കൊട്ടാരക്കര, ചെങ്ങമനാട്, വെട്ടിക്കവല)
6. കൊല്ലം തലച്ചിറ (") പ്രൈവറ്റ്
7. കൊട്ടാരക്കര കടമാൻകോട് (") പ്രൈവറ്റ്
8. കൊട്ടാരക്കര ചക്കുവരയ്ക്കൽ (")
9. കൊട്ടാരക്കര ചക്കുവരയ്ക്കൽ പുനലൂർ (പ്രൈവറ്റ്)
10. കൊല്ലം കൊട്ടാരക്കര വെട്ടിക്കവല പുനലൂർ
11. കൊട്ടാരക്കര കിഴക്കേതെരുവ്, വെട്ടിക്കവല, ആയൂർ
12. കൊട്ടാരക്കര സദാനന്ദപുരം, കണ്ണംകോട്, ചിട്ടക്കോണം, കരവാളൂർ-മാത്ര അഞ്ചൽ പട്ടാഴി
13. കൊട്ടാരക്കര ചെങ്ങമനാട് വെട്ടിക്കവല ചിരട്ടക്കോണം അഞ്ചൽ

## പുനലൂരിൽ നിന്നുള്ള ബസ് സർവീസ്

1. പുനലൂർ കോക്കാട് ചിരട്ടക്കോണം വഴിയുള്ള ആയൂർ കൊല്ലം (പ്രൈവറ്റ്)
2. പുനലൂർ കോക്കോട് വാളകം
3. പുനലൂർ കോക്കാട് ചിരട്ടക്കോണം തടിക്കാട് അഞ്ചൽ ആയൂർ വഴി കൊല്ലം (പ്രൈവറ്റ്)

## ഫാസ്റ്റ് പാസഞ്ചർ സർവീസ്

1. പത്തനം തിട്ട, വെട്ടിക്കവല വാളകം വഴി തിരുവനന്തപുരം
2. പട്ടാഴി തലവൂർ വെട്ടിക്കവല വാളകം വഴി തിരുവനന്തപുരം
3. പുനലൂർ ചിരട്ടക്കോണം വാളകം വഴി തിരുവനന്തപുരം

എം.സി.റോഡിലെ ബസ് ഗതാഗതം ഈ പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിലെ ജനങ്ങൾക്ക് സഹായകരമാണ്. ഇവയെകൂടാതെ വെട്ടിക്കവല, സദാനന്ദപുരം, ചിരട്ടക്കോണം എന്നീ ജംഗ്ഷനുകൾ കേന്ദ്രികരിച്ച് ആട്ടോറിക്ഷകൾ, ടാക്സികൾ, ജീപ്പുകൾ എന്നിവയ്ക്ക് സ്റ്റാന്റ് ഉണ്ട്. ഇവയും ഈ പഞ്ചായത്തിലെ ഗതാഗത സൗകര്യങ്ങൾ ഒരുക്കുന്നതിൽ ഒരു നല്ല പങ്കുവഹിക്കുന്നു.

റോഡുകളുടെ സ്ഥിതി പൊതുവെ മോശമാണ്. മിക്ക റോഡുകൾക്കും നടപ്പാത, ഓവു ചാലുകൾ, കലങ്കുകൾ എന്നിവ കുറവാണ്. മഴക്കാലത്ത് റോഡുകൾ ഗതാഗത യോഗ്യമല്ലാതാവുന്നു. പഞ്ചായത്തിന്റെ സാമ്പത്തിക പരാധീനത റോഡുകളുടെ അറ്റകുറ്റപ്പണിയെ സാരമായി ബാധിചിട്ടുണ്ട്.

## ഗ്രാമസഭയിൽ ഉയർന്നുവന്ന റോഡുകളെ സംബന്ധിച്ച വിവരം

| | | റോഡുകളുടെ എണ്ണം | | |
|---|---|---|---|---|
| വാർഡ് നമ്പർ | വാർഡിന്റെ പേര് | പുനരുദ്ധാരണം ആവശ്യമുളള പ്രധാന റോഡുകൾ | പുതിയതായി നിർമിക്കേണ്ടത് | ആകെ |
| I | ഉളിയനാട് | 8 | 3 | 11 |
| II | സദാനന്ദപുരം | 6 | 2 | 8 |
| III | വെട്ടിക്കവല | 8 | 3 | 11 |
| IV | ഇരണൂർ | 7 | 3 | 10 |
| V | കണ്ണംകോട് | 7 | 2 | 9 |
| VI | പനവേലി | 9 | 3 | 12 |
| VII | ചിരട്ടക്കോണം | 7 | 3 | 10 |
| VIII | കമുകിൻകോട് | 8 | 2 | 10 |
| IX | തലച്ചിറ | 8 | 2 | 10 |
| X | കോക്കാട് | 8 | 3 | 11 |
| XI | ചക്കുവരയ്ക്കൽ | 7 | 2 | 9 |
| XII | ഗാന്ധിഗ്രാം | 7 | 2 | 9 |
| XIII | കോട്ടവട്ടം | 8 | 3 | 11 |
| | ആകെ | 98 | 33 | 131 |

# മാർക്കറ്റ്

ഈ പഞ്ചായത്തിലെ കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി ആകെ നാലു മാർക്കറ്റുകളാണ് ഉള്ളത്. അവയിൽ ചിരട്ടക്കോണം, പനവേലി, കോക്കാട് എന്നി പഞ്ചായത്തു മാർക്കറ്റുകളും, വെട്ടിക്കവല, കരിക്കം എന്നിവടങ്ങളിലേത് സ്വകാര്യമാർക്കറ്റുകളും ആണ്. ഇവ ചെറുകിട മാർക്കറ്റുകളാണ്. ഇവയെ കൂടാതെ അഞ്ചൽ, പുനലൂർ, പത്തനാപുരം എന്നിവിടങ്ങളിലെ വൻകിട മാർക്കറ്റുകളെയാണ് കർഷകർ ആശ്രയിക്കുന്നത്.

നിലവിലുള്ള മാർക്കറ്റ് സ്റ്റാളുകൾ ഉപയോഗിക്കുന്നതിന് ജനങ്ങൾ വിമുഖത കാണിക്കുന്നു. അവയുടെ സൗകര്യകുറവാണ് പ്രധാനപ്രശ്നം. കാർഷിക ഉല്പന്നങ്ങളുടെ വിപണനത്തിനായി സഹകരണ മേഖലയിൽ ഒരു സ്ഥിരം വിപണനകേന്ദ്രം ആരംഭിക്കാവുന്നതാണ്. 'മാർക്കറ്റ് വികസനസമിതികൾ വാർഡുതലത്തിൽ രൂപീകരിച്ച് പ്രവർത്തനം കാര്യക്ഷമമാക്കണം. മാർക്കറ്റുകളിൽ ലഭിക്കുന്ന ഉല്പന്നങ്ങളുടെ പ്രത്യേകിച്ച് മത്സ്യം, മാംസം എന്നിവയുടെ ഗുണമേന്മ ഉറപ്പുവരുത്തണം. മാർക്കറ്റുകളിലെ ശുചീകരണ പ്രവർത്തനം കാര്യക്ഷമമാക്കണം. ഇറച്ചി സ്റ്റാളുകളുടെ പ്രവർത്തനം പഞ്ചായത്തു തലത്തിൽ സൂക്ഷ്മമായി പരിശോധനയ്ക്കു വിധേയമാക്കണം.

## പാർപ്പിടം

പഞ്ചായത്തിന്റെ പാർപ്പിട സ്ഥിതി താരതമ്യേന മെച്ചമാണ്. 836 കുടുംബങ്ങൾക്ക് കോൺക്രീറ്റു വീടുകളും 4211 കുടുംബങ്ങൾക്ക് ഓടിട്ട വീടും 2784 കുടുംബങ്ങൾക്ക് ഓലമേഞ്ഞ വീടുമാണുള്ളത്. ബ്ലോക്ക് ഗ്രാമപഞ്ചായത്ത് എന്നിവ വഴി നടപ്പിലാക്കുന്ന ജെ.ആർ.വൈ. ഭവന നിർമ്മാണ പദ്ധതികൾ, രാജീവ് ദശലക്ഷം പാർപ്പിട പദ്ധതി, കൈരളി ഭവന നിർമ്മാണ പദ്ധതി, പട്ടികജാതി വികസന കോർപ്പറേഷൻ വഴിക്കുള്ള ഭവന നിർമ്മാണ പദ്ധതി എന്നിവ വഴിയാണ് വീടുകൾ നിർമ്മിച്ചു നല്കിക്കൊണ്ടിരിക്കുന്നത്. വെട്ടിക്കവല, ഇരണ്ണൂർ, കണ്ണംകോട്, കമുകിൻകോട്, ചക്കുവരയ്ക്കൽ എന്നീവ വാർഡുകളിലുള്ള ലക്ഷംവീടു കോളനികൾ പലതും അറ്റകുറ്റപ്പണികൾ ആശ്യമുള്ളവയാണ്. ജെ.ആർ.വൈ, മില്യൻവെൽ എന്നീ ഭവന നിർമാണ പദ്ധതികളിൽ ഉൾപ്പെടുത്തി 150 വീടുകൾ പണിതിട്ടുണ്ട്.

പട്ടികജാതി സങ്കേതങ്ങൾ കേന്ദ്രീകരിച്ചാണ് ഭവന നിർമ്മാണ പദ്ധതികൾ കൂടുതലും നടപ്പിലാക്കിയിട്ടുള്ളത്. വെട്ടുകല്ല്, ഇഷ്ടിക എന്നിവയാണ് പ്രധാനമായും നിർമ്മാണ സാമഗ്രികളായി ഉപയോഗിക്കുന്നത്. വിവിധ ഏജൻസികൾ ഈ ആവശ്യത്തിനായി അനുവദിക്കുന്ന തുക അപര്യാപ്തമാണ്. ഭവന നിർമ്മാണ വായ്പകൾ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ ലഘൂകരിക്കേണ്ടതായിട്ടുണ്ട്. ഭവന നിർമ്മാണ രംഗത്ത് വിദഗ്ദ്ധ തൊഴിലാളികളുടെ അഭാവം അനുഭവപ്പെടുന്നുണ്ട്. ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ചുള്ള നടപടികൾ പൂർണ്ണമായും ജനകീയ സമിതികളുടെ നിയന്ത്രണത്തിലാവണം.

## വീടുകളെ സംബന്ധിച്ച വിവരം

| വാർഡ് നമ്പർ | വാർഡിന്റെ പേര് | ഇനം | | | |
|---|---|---|---|---|---|
| | | ഓല | ഓട് | കോൺക്രീറ്റ് | ആകെ |
| I | ഉളിയനാട് | 186 | 317 | 74 | 577 |
| II | സദാനന്ദപുരം | 107 | 281 | 76 | 464 |
| III | വെട്ടിക്കവല | 401 | 237 | 80 | 718 |
| IV | ഇരണൂർ | 208 | 316 | 65 | 589 |
| V | കണ്ണംകോട് | 175 | 211 | 57 | 443 |
| VI | പനവേലി | 270 | 305 | 75 | 550 |
| VII | ചിരട്ടകോണം | 270 | 295 | 65 | 630 |
| VIII | കമുകിൻകോട് | 327 | 307 | 56 | 690 |
| IX | തലച്ചിറ | 212 | 314 | 72 | 598 |
| X | കോക്കാട് | 273 | 322 | 69 | 654 |
| XI | ചക്കുവരയ്ക്കൽ | 74 | 518 | 38 | 630 |
| XII | ഗാന്ധിഗ്രാം | 177 | 394 | 47 | 618 |
| XIII | കോട്ടവട്ടം | 104 | 394 | 62 | 560 |
| | ആകെ | 2784 | 4211 | 836 | 7831 |

| വാർഡ് നമ്പർ | വാർഡിന്റെ പേര് | ഇനി ആവശ്യമുള്ള വീടുകൾ |
|---|---|---|
| I | ഉളിയനാട് | 64 |
| II | സദാനന്ദപുരം | 70 |
| III | വെട്ടിക്കവല | 94 |
| IV | ഇരണൂർ | 127 |
| V | കണ്ണംകോട് | 83 |
| VI | പനവേലി | 72 |
| VII | ചിരട്ടകോണം | 65 |
| VIII | കമുകിൻകോട് | 102 |
| IX | തലച്ചിറ | 78 |
| X | കോക്കാട് | 54 |
| XI | ചക്കുവരയ്ക്കൽ | 73 |
| XII | ഗാന്ധിഗ്രാം | 107 |
| XIII | കോട്ടവട്ടം | 96 |
| | ആകെ | 1085 |

# സാമൂഹ്യക്ഷേമം

## സാമൂഹ്യക്ഷേമ വകുപ്പുവഴിയുള്ള പ്രവർത്തനങ്ങൾ

വെട്ടിക്കവല ബ്ലോക്കു തലത്തിലുള്ള സംയോജിത ശിശുവികസന സേവന പദ്ധതിയുടെ പ്രോജക്ട് ആഫീസ് (ICDS) ഈ പഞ്ചായത്തിലെ പനവേലി വാർഡിൽ സ്ഥിതി ചെയ്യുന്നു. ഈ പഞ്ചായത്തിൽ ആകെ 33 അംഗൻവാടി കേന്ദ്രങ്ങൾ ഉണ്ട്. ഇവയിൽ 19 എണ്ണത്തിനു മാത്രമേ സ്വന്തമായി കെട്ടിടങ്ങൾ ഉള്ളു.

| പദ്ധതിയുടെ പേര് | നിർമ്മിച്ച കെട്ടിടങ്ങളുടെ എണ്ണം |
|---|---|
| 1. പ്രത്യേകഘടക പദ്ധതി (SCP) | 9 |
| 2. ജനറൽസെക്ടർ | 6 |
| 3. ജവഹർ തൊഴിൽ ദാന പദ്ധതി (JRY) | 2 |
| 4. സംയോജിത മാതൃശിശു സംരക്ഷണ പദ്ധതി (CPWP) | 2 |
| ആകെ | 19 |

സ്വന്തമായി കെട്ടിടം ഇല്ലാത്ത
അംഗൻവാടികൾ 14

| ക്രമനമ്പർ | അംഗൻവാടി നമ്പർ | സ്ഥലം |
|---|---|---|
| 1. | 19 | ചക്കുവരയ്ക്കൽ |
| 2. | 21 | സദാനന്ദപുരം |
| 3. | 23 | പനവേലി |
| 4. | 24 | പനവേലി |
| 5. | 25 | മൊട്ടവിള |
| 6. | 30 | തലച്ചിറ |
| 7. | 33 | കോട്ടവട്ടം |
| 8. | 34 | കോട്ടവട്ടം |
| 9. | 114 | കമുകിൻ കോട് |
| 10. | 116 | ചക്കുവരയ്ക്കൽ |
| 11. | 166 | ഉളിയനാട് |
| 12. | 167 | മാക്കനൂർ |
| 13. | 168 | വെട്ടിക്കവല |
| 14. | 169 | വേലൻകോണം. |

## അംഗൻവാടിയിലെ അടിസ്ഥാനസൗകര്യങ്ങൾ

| ഇനം | എണ്ണം |
|---|---|
| 1. കക്കൂസ് അനുവദിച്ച് നിർമ്മിച്ചിട്ടുള്ളവ | 7 |
| 2. കിണർ അനുവദിച്ച് നിർമ്മിച്ചിട്ടുള്ളവ | 1 |
| 3. ചുറ്റുമതിൽ അനുവദിച്ച് നിർമ്മിച്ചിട്ടുള്ളവ | 2 |
| 4. ഫർണിച്ചറുകളും. പാത്രങ്ങളും അനുവദിച്ചിട്ടുള്ളവ | 4 |
| 5. കളിക്കോപ്പുകൾ നല്കിയിട്ടുള്ളവ | 9 |

## അംഗൻവാടികളെ സംബന്ധിച്ച ചെലവ്

| വർഷം | Hon: TA വാടക തുടങ്ങിയ ചെലവ് | ഫീഡിംഗ് ചെലവ് | ആകെ ചെലവ് |
|---|---|---|---|
| 1992-93 | 2,30,439 | 1,06,293 | 3,36,732 |
| 1993-94 | 2,71,161 | 92,895 | 3,64,056 |
| 1994-95 | 2,89,344 | 1,01,772 | 3,91,116 |
| 199596 | 2,83,767 | 96,591 | 3,80,358 |
| | 10,74,711 | 3,97,551 | 14,72,262 |

## കുട്ടികളുടെ എണ്ണം (1995-96 സർവ്വേ അടിസ്ഥാനം)

| കുട്ടികളുടെ പ്രായം | എണ്ണം |
|---|---|
| 1 വയസ്സിനുതാഴെ | 440 |
| 1 മുതൽ 2 വരെ | 387 |
| 2 മുതൽ 3 വരെ | 461 |
| 3 മുതൽ 5 വരെ | 1082 |
| ആകെ | 2370 |

## പോഷകാഹാരം ലഭിക്കുന്നവരുടെ എണ്ണം

| ഇനം | എണ്ണം |
|---|---|
| 1. അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികൾ | 1082 |
| 2. അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം | 133 |
| 3. അനുപൂരക പോഷകാഹാരം ലഭിക്കുന്നമുലയൂട്ടുന്ന അമ്മമാരുടെ എണ്ണം | 158 |

## പ്രശ്നങ്ങളും സാധ്യതകളും

1. കെട്ടിടവും ശുദ്ധജലവും സിനിറ്റേഷൻ സൗകര്യവും എല്ലാം അംഗൻവാടികൾക്കും ഉറപ്പാക്കുക.
2. അംഗൻവാടികളിൽ കുട്ടികൾക്ക് outdoor gamrs-നുള്ള സൗകര്യം ഉണ്ടാക്കുക.
3. പോഷകാഹാര വിതണം കാര്യക്ഷമമാക്കുക
4. "ഹെൽത്ത് ചെക്ക് അപ്പ് പ്രോഗ്രാം" കാര്യക്ഷമമാക്കുക
5. പ്രീ സ്ക്കൂൾ വിദ്യാഭ്യാസം അംഗൻവാടിതലത്തിൽ മാത്രം നടത്തുക.
6. അംഗൻവാടികളോടനുബന്ധിച്ചുള്ള തെരഞ്ഞെടുക്കപ്പെട്ട മഹിളാസമാജങ്ങൾക്ക് തൊഴിൽ സംരംഭങ്ങൾ നടത്തുന്നതിനാവശ്യമായ സഹായം നല്കുക.
7. സ്ത്രീകളുടെ അവകാശങ്ങളെപ്പറ്റിയും സ്ത്രീക്ഷേമത്തിനു നടപ്പിലാക്കുന്ന പദ്ധതികളെപ്പറ്റി അറിവ് ലഭ്യമാക്കുന്ന ഇൻഫൊർമേഷൻ സെന്ററുകളായി അംഗൻവാടികളെ മാറ്റി എടുക്കുക.

## പെൻഷനുകൾ സംബന്ധിച്ച വിവരം

| നമ്പർ | പെൻഷനുകൾ | ലഭിച്ചവരുടെ എണ്ണം. |
|---|---|---|
| 1. | അഗതിപെൻഷൻ | 30 |
| 2. | വിധവാ പെൻഷൻ | 158 |
| 3. | വികലാംഗ പെൻഷൻ | 93 |
| 4. | വാർദ്ധക്യകാല പെൻഷൻ | 60 |
| 5. | അവശകലാകാര പെൻഷൻ | ഇല്ല |
| 6. | അവശകായികതാര പെൻഷൻ | ഇല്ല |
| 7. | ക്ഷയരോരിപെൻഷൻ | 67 |
| 8. | കുഷ്ഠരോഗി പെൻഷൻ | ഇല്ല |
| 9. | ക്യാൻസർ രോഗിപെൻഷൻ | 27 |
| 10. | കർഷകതൊഴിലാളി പെൻഷൻ | ലഭ്യമല്ല |
| 11. | തൊഴിലില്ലായ്മ വേതനം | ലഭ്യമല്ല |

## കുട്ടികളുടെ ആരോഗ്യ പോഷണ നിലവാരം

| പ്രായം | നോർമൽ | | 1ാം ഗ്രേഡ് | | 2ാം ഗ്രേഡ് | | 3ാം ഗ്രേഡ് | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസ്സിൽ താഴെ | 147 | 106 | 55 | 52 | - | - | - | - |
| 1-3 വയസ്സ് | 188 | 159 | 123 | 118 | 28 | 29 | - | - |
| 3-6 വയസ്സ് | 214 | 197 | 137 | 125 | 31 | 27 | 2 | - |
| | 549 | 462 | 315 | 295 | 59 | 56 | 2 | |

## വികലാംഗരെ സംബന്ധിച്ച പട്ടിക

(വികലാംഗ സർവ്വേ 96 അടിസ്ഥാനമാക്കി)

| വികലാംഗത്വം സംബന്ധിച്ച | എണ്ണം |
|---|---|
| 1. പൂർണ്ണമായോ ഭാഗികമായോ അന്ധത ബാധിച്ചവർ (60 വയസ്സു വരെയുള്ളവർക്ക്) | 35 |
| 2. മൂക/ബധിരർ | 64 |
| 3. അസ്ഥിവൈകല്യം ബാധിച്ചവർ | 175 |
| 4. മന്ദബുദ്ധികൾ | 44 |
| 5. മാനസികരോഗം. തുടങ്ങിയവർ | 6 |
| ആകെ | 224 |

# ദാരിദ്ര നിർമ്മാർജ്ജന പ്രവർത്തനങ്ങൾ

1992 ഒക്ടോബർ. 1995 ഒക്ടോബർ എന്നീ കാലങ്ങളിൽ നടന്ന കുടുംബ സർവ്വേയിലൂടെ ആകെ 3639 കുടുംബങ്ങൾ ദരിദ്രരേഖക്കു താഴെ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇതിനു 749 പേർ പട്ടികജാതിക്കാരാണ്. സ്വയം തൊഴിൽ സംരംഭങ്ങളിലൂടെ ഈ കുടുംബങ്ങൾക്ക് വരുമാനക്ഷമമായ ആസ്തിയും പിക്ഷേപവും നലസ്സ്കി വരുമാനം വർദ്ധിപ്പിക്കുന്ന IRDP പദ്ധതിപ്രകാരം 231 കുടുംബങ്ങൾക്ക് സഹായം നല്കി വരുന്നു. ഇതിൽ 153 പേർ പട്ടികജാതിക്കാരും 5 പേർ വികലാംഗരും ആണ്.

വി.ഈ.ഓ.സർക്കിൾ. സർവീസ് ഏരിയ എന്നിവ തിരിച്ചുള്ള ധനകാര്യസ്ഥാപനങ്ങളെ സംബന്ധിച്ച വിവരം

ഗ്രാമീണ യുവജനങ്ങൾക്ക് ചെറുകിട കുടിൽ വ്യവസായ സർവീസ് മേഖലകളിൽ സ്വയം തൊഴിൽ പരിശീലനം നല്കി അവർക്ക് IRDP യുടെ പ്രയോജനം പൂർണ്ണമായും നല്കുന്ന പദ്ധതിയാണ് TRYSEM (ട്രൈസം) ഈ പദ്ധതിപ്രകാരം 33 പേർക്ക് പരിശീലനം നല്കിയതിൽ 13 പേർ സ്വയം തൊഴിൽ കണ്ടെത്തിയിട്ടുണ്ട്.

DWCRA വനിതകളുടെ സ്വാശ്രയത്തം മുൻനിർത്തി അവരുടെ കുടുംബവരുമാനം വർദ്ധിപ്പിക്കുന്നതനാവശ്യമായ സാമ്പത്തിക പദ്ധതികൾക്ക് വായ്പയും സഹായധനവും നൽകുന്ന ഈ പദ്ധതി IRDP യുടെ അനുബന്ധപരിപാടിയാണ് ഇത്. ഇപ്രകാരം 2 യൂണിറ്റുകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കു

| വി.ഈ.ഒ. സർക്കിൾ | വാർഡുനമ്പരും പേരും | ധനകാര്യസ്ഥാപനങ്ങൾ | |
|---|---|---|---|
| | | ബാങ്ക് | സഹകരണബാങ്ക് |
| സദാനന്ദപുരം | 1. ഉളിയനാട്<br>2. സദാനന്ദപുരം<br>3. ഇരണൂർ<br>5. കണ്ണംകോട് (ഭാഗികം)<br>6. പനവേലി | സിൻഡിക്കേറ്റ് ബാങ്ക് പനവേലി | സർവീസ് സഹകരണ ബാങ്ക് വെട്ടിക്കവല |
| വെട്ടിക്കവല | 3. വെട്ടിക്കവല<br>5. കണ്ണംകോട് (ഭാഗികം)<br>7. ചിരട്ടക്കോണം<br>9. തലച്ചിറ<br>8 കമുകിൻ കോട് | ഇൻഡ്യൻ ഓവർസീസ് ബാങ്ക്, വെട്ടിക്കവല<br>സിൻഡിക്കേറ്റ് ബാങ്ക് പനവേലി | |
| ചക്കുവരയ്ക്കൽ | 10 കോക്കാട്<br>11 ചക്കുവരയ്ക്കൽ<br>12 ഗാന്ധിഗ്രാം<br>13 കോട്ടവട്ടം | ഫെഡറൽ ബാങ്ക് കോക്കാട് | സർവ്വീസ് സഹകരണ ബാങ്ക് ചക്കുവരയ്ക്കൽ |

| വാർഡ് | പേര് | വർഷം | അംഗങ്ങൾ | | ധനകാര്യസ്ഥാപനം |
|---|---|---|---|---|---|
| | | | ആകെ | SC | |
| കണ്ണംകോട് | ഭുവനേശ്വരി മെറ്റൽ നിർമ്മാണ യൂണിറ്റ് | 1994-95 | 10 | 5 | ഇൻഡ്യൻ ഓവർസീസ് ബാങ്ക്, വെട്ടിക്കവല |
| പനവേലി | ഫ്രണ്ടസ് ലതർ വർക്സ് | 1995-96 | 10 | 3 | സിൻഡിക്കേറ്റ് ബാങ്ക് പനവേലി |

ഗ്രാമീണകൈതൊഴിൽ ഉപകരണ വിതരണ പരിപാടി പ്രകാരം 5 പേർക്ക് സഹായം നല്കിയിട്ടുണ്ട്

### ജെ.ആർ.വൈ 1992-93

1. സ:പുരം G.U.P.S. കിച്ചൺ 15000
2. വെട്ടിക്കവല സാംസ്ക്കാരിക നിലയം മതിൽ 40500
3. "അംഗൻവാടി കെട്ടിടം 25000
4. കോക്കാട് G.L.P.S. കെട്ടിടം 182000
5. കരിക്കം G.L.P.S. സ്റ്റേജ് 57000
6. തലച്ചിറ G.U.P.S. സ്റ്റേജ് 56500
7. ചക്കുവരയ്ക്കൽ വെയിറ്റിംഗ് ഷെഡ് 14000
8. വെട്ടിക്കവല കുറ്റിക്കോണം മക്കാട്ടിൽ പടിയർ നടപ്പാലം 14000
9. ഗാന്ധിഗ്രാം S/C T.V. ക്യോസ്ക്ക് 34500
10. കോക്കാട് മാർക്കറ്റിൽ കിണർ 10500

കോക്കാട് ആലുവിളതോട്ടിന്റെ സംരക്ഷണം 25000

12. കോട്ടവട്ടം G.L.P.S. കിച്ചൺ 18600
13. 21 S/C വീടുകൾ 234000

### ജെ.ആർ.വൈ. 199394

1. 20 S/C വീടുകൾ 227500
2. കോക്കാട് കുരിശിറോഡ് ടാറിംഗ് 202300
3. വെട്ടിക്കവല G.L.P.S. ലാട്രിൻ 7200
4. വെട്ടിക്കവല GHS-ൽ ലാട്രിൻ 7400
3. വെട്ടിക്കവല Jn. ഏലാ തോപ്പിൽ ഓട 39000
4. തലച്ചിറ കല്ലടഭാഗത്ത് കലുങ്ക് 30000
5. ചിരട്ടക്കോണം അംഗൻവാടി സംരക്ഷണം 9800
6. തലച്ചിറ ചാക്കാലക്കുന്ന് നടപ്പാലം 9000
7. ചിരട്ടക്കോണം W.L.P.S. ഗ്രൗണ്ട് സംരക്ഷണം 45000
8. പനവേലി അന്തർദ്ദേശീയ പഠനകേന്ദ്രം റോഡ് 74000

### ജെ.ആർ.വൈ. 1994-95 1995-96

1. 10 S/C വീടുകൾ
2. മാകോട് ഏലാതോട് സംരക്ഷണം 4000
3. ദാരിദ്ര്യരേഖകൾക്കു താഴെ ജീവക്കുന്നവർക്ക് 4000
   കക്കൂസ് നിർമ്മാണം 90 എണ്ണം 135000

### പതിനൊന്നിന പരിപാടി

1. വെട്ടിക്കവല സാംസ്കാരിക നിലയം നിർമിച്ചു 98000
2. തലച്ചിറ ശിശുമന്ദിരം 294000
3. കോക്കാട് കളിസ്ഥലം 204000

അധികാരം ജനങ്ങളിലേക്ക്

# കുടിവെള്ളവും പൊതുജനാരോഗ്യവും

## കുടിവെള്ളം

ഈ പഞ്ചായത്തിലെ മുഖ്യകുടിവെള്ള സ്രോതസ്സ് കിണറുകളാണ്. 4951 കിണറുകൾ ഉള്ളതിൽ 877 കിണറുകളും ഏപ്രിൽമെയ് മാസങ്ങളിൽ വറ്റുന്നവയാണ്. കിണറുകൾ ഇല്ലാത്ത കുടുംബങ്ങൾ അയൽപക്കകിണറുകളെയാണ് ആശ്രയിക്കുന്നത്. ഈ പഞ്ചായത്തിൽ കുടിവെള്ളവിതരണത്തിനായി വാട്ടർസപ്ളൈ സ്കീമുകൾ നടപ്പിലാക്കിയിട്ടില്ല. ഗാന്ധിഗ്രാം, കമുകിൻകോട്, കോട്ടവട്ടം വാർഡിന്റെ കിഴക്ക് വടക്ക് ഭാഗങ്ങൾ കണ്ണംകോട് വാർഡിലെ വേവട്ടൂർ ഭാഗം, എന്നിവ ജലദൗർലഭ്യം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ്. 20 കുഴൽക്കിണറുകൾ ഈ പഞ്ചായത്തിലുണ്ട്. എങ്കിലും അവയിലെ വെള്ളം കുടിക്കുന്നതിന് യോജിച്ചതല്ല.

### വാട്ടർ അതോറിറ്റിയുടെ പ്രവർത്തനങ്ങൾ

എസ്. ഇ. പി യിൽ ഉൾപ്പെടുത്തി പാലമുക്ക് വാട്ടർ സപ്ളൈ സ്കീമിൽ 6 കി.മി. പൈപ്പ്ലൈൻ സ്ഥാപിച്ചിട്ടുണ്ട്. ഈ ലൈനിൽ 30 ടാപ്പുകൾ പിടിപ്പിച്ചിട്ടുണ്ട്. ഈ വാട്ടർ സപ്ളൈ സ്കീമിന്റെ പ്രയോജനം, പ്രധാനമായി വെട്ടിക്കവല ചിരട്ടക്കോണം വാർഡുകളിലും പാലമുക്ക് പട്ടികജാതി സങ്കേതത്തിലും ലഭിക്കുന്നു.

### വാട്ടർഅതോറിറ്റി പ്രശ്നങ്ങൾ

1. ചില പ്രദേശങ്ങളിൽ രൂക്ഷമായ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു.
2. കുഴൽ കിണറുകളിലെ വെള്ളത്തിൽ തുരുമ്പ്, ഓര് ഇവ കലരുന്നു.
3. മണ്ണിനടിയിലെ കരിങ്കൽപാറകൾ കിണറു കുഴിക്കുന്നതിന് തടസമാകുന്നു.

**സാധ്യതകൾ**

1. പഞ്ചായത്തു തലത്തിൽ നിലവിലുള്ള പൊതുകിണറുകൾ ഉപയോഗയോഗ്യമാക്കുക.
2. പൊതുജലവിതരണ സമ്പ്രദായം ഏർപ്പെടുത്തുക.
3. ജലമലിനീകരണം തടയാൻ പ്രായോഗിക സംവിധാനങ്ങൾ ഏർപ്പെടുത്തുക.
4. വിവിധ ഏജൻസികളുടെ കുടിവെള്ള വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക.
5. കിണറുകൾ ആഴം കൂട്ടുന്നതിനുള്ള പ്രവർത്തനങ്ങൾ മുൻകൂട്ടി ആരംഭിക്കുക;കുഴൽ കിണറുകൾ സ്ഥാപിക്കുക.

### റൂറൽ വാട്ടർ സപ്ളൈ സ്കീം

കല്ലടയാറ്റിൽ പുനലൂർനിന്നുള്ള ഈ സ്കീം വെട്ടിക്കവല ഗ്രാമപഞ്ചായത്തിൽ അതുകമാനം പ്രയോജനപ്പെടത്തക്ക വിധത്തിൽ 65 കിലോമീടർ നീളത്തിൽ പൈപ്പുലൈൻ സ്ഥാപിച്ചു കഴിഞ്ഞു. 260 ടാപ്പുകൾ പിടിപ്പിക്കുന്നതിന് ഈ ലൈൻ പര്യാപ്തമാണ്.

എന്നാൽ വീടുകൾക്ക് കുടിവെള്ളം എത്തിക്കുന്ന പദ്ധതികൂടി ആവിഷ്ക്കരിക്കേണ്ടതാണ്.

### കിണറുകളെ സംബന്ധിച്ച വിവരം

| വാർഡ് നമ്പർ | വാർഡ് | നിലവിലുള്ള കിണറുകളുടെ എണ്ണം | ഈ ആവശ്യമുള്ള കിണറുകളുടെ എണ്ണം |
|---|---|---|---|
| I | ഉളിയനാട് | 445 | 132 |
| II | സദാനന്ദപുരം | 359 | 31 |
| III | വെട്ടിക്കവല | 486 | 125 |
| IV | ഇരണൂർ | 353 | 19 |
| V | കണ്ണംകോട് | 265 | 57 |
| VI | പനവേലി | 332 | 37 |
| VII | ചിരട്ടകോണം | 378 | 35 |
| VIII | കമുകിൻകോട് | 414 | 46 |
| IX | തലച്ചിറ | 356 | 39 |
| X | കോക്കാട് | 382 | 42 |
| XI | ചക്കുവരയ്ക്കൽ | 464 | 66 |
| XII | ഗാന്ധിഗ്രാം | 407 | 118 |
| XIII | കോട്ടവട്ടം | 310 | 108 |
| | ആകെ | 4951 | 795 |

# പൊതുജനാരോഗ്യം

ഈ പഞ്ചായത്തിലെ പൊതുജനാരോഗ്യകേന്ദ്രം തലച്ചിറ വാർഡിൽ സ്ഥിതിചെയ്യുന്ന പ്രാഥമികാരോഗ്യ കേന്ദ്രമാണ്. കൂടാതെ 6 സബ്സെന്ററുകൾ, ഉളിയനാട്, പനവേലി, ചക്കുവരയ്ക്കൽ, കോട്ടവട്ടം, വെട്ടിക്കവല, തലച്ചിറ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്നു. ഇതുകൂടാതെ വെട്ടിക്കവല പഞ്ചായത്ത് സഹകരണാശുപത്രി ചക്കുവരയ്ക്കലിൽ വാടകകെട്ടിടത്തിൽ പ്രവൃത്തിക്കുന്നു. സ്വന്തമായി സ്ഥലമുള്ള ഈ സ്ഥാപനത്തിന്റെ കെട്ടിടനിർമ്മാണത്തിന്റെ പ്രാരംഭപ്രവർത്തനം മാത്രമേ നടന്നിട്ടുള്ളൂ.

**സ്വകാര്യമേഖലയിലെ ആരോഗ്യസംവിധാനങ്ങൾ**

| ഇനം | എണ്ണം | കിടത്തിചികിത്സ സൗകര്യം ഉള്ളത്. |
|---|---|---|
| അലോപ്പതി | 5 | 1 |
| ആയുർവേദം | 8 | 1 |
| ഹോമിയോപ്പതി | 2 | |

സ്വന്തമായി ഔഷധത്തോട്ടവും മരുന്നുനിർമ്മാണ സൗകര്യങ്ങളുമുള്ള സദാനന്ദാ ആയുർവേദ വൈദ്യശാല സദാനന്ദപുരം ആശ്രമത്തിന്റെ ചുമതലയിലുള്ളതാണ്. തലച്ചിറ പ്രാഥമിക ആരോഗ്യകേന്ദ്രത്തിന് രോഗികളെ കിടത്തിചികിത്സിക്കുന്നതിനുള്ള കിടക്കകളും, ചുറ്റുമതിലും ആവശ്യമാണ്.

**പ്രായാടിസ്ഥാനത്തിലുള്ള ദമ്പതികൾ (Eligible couples)**

| ക്രമനമ്പർ | പ്രായഗ്രൂപ്പ് | എണ്ണം |
|---|---|---|
| 1. | 15നും 19നും ഇടക്ക് | 90 |
| 2. | 20നും 24നും ഇടക്ക് | 956 |
| 3. | 25നും 29നും ഇടക്ക് | 1329 |
| 4. | 30നും 34നും ഇടക്ക് | 1145 |
| 5. | 35നും 39നും ഇടക്ക് | 754 |
| 6. | 40നും 44നും ഇടക്ക് | 314 |
| | ആകെ | 4582 |

**അമ്മമാരുടെ എണ്ണം ജീവിച്ചിരിക്കുന്ന കുട്ടികളുടെ അടിസ്ഥാനത്തിൽ**

| ക്രമനമ്പർ | ഇനം | എണ്ണം |
|---|---|---|
| 1. | കുട്ടികൾ ഇല്ലാത്ത അമ്മമാർ | 130 |
| 2. | 1 കുട്ടിയുള്ള അമ്മമാർ | 698 |
| 3. | 2 കുട്ടികൾ ഉള്ള അമ്മമാർ | 2676 |
| 4. | 2ൽ കൂടുതൽ കുട്ടികൾ ഉള്ള അമ്മമാർ | 1078 |
| | ആകെ | 4582 |

**കുടുംബാസൂത്രണ മാർഗം സ്വീകരിച്ച അമ്മമാർ**
(കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ )

| നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | 1 കുട്ടിയുള്ള അമ്മമാർ | 9 |
| 2 | 2 കുട്ടികൾ ഉള്ള അമ്മമാർ | 2548 |
| 3 | 2 ൽ കൂടുതൽ കുട്ടികൾ ഉള്ള അമ്മമാർ | 775 |
| | ആകെ | 3332 |

**വെട്ടിക്കവല ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത ജനനമരണങ്ങളെ സംബന്ധിച്ച പട്ടിക.**

| വർഷം | ജനനം | മരണം |
|---|---|---|
| 92-93 | 19 | 105 |
| 93-94 | 24 | 140 |
| 94-95 | 13 | 154 |
| 95-96 | 11 | 126 |

### മലേറിയ രോഗികളുടെ വിവരം

| നമ്പർ | വർഷം | എണ്ണം |
|---|---|---|
| 1. | 1993 94 | 5 |
| 2. | 1994 95 | 8 |
| 3. | 1995 96 | 12 |
| | ആകെ | 25 |

### രോഗികൾ, രോഗങ്ങൾ ഇവ സംബന്ധിച്ച വിവരങ്ങൾ

| വർഷം | I.P | O.P | ത്വക്ക് രോഗം വന്നവർ | വാത രോഗം വന്നവർ | പകർച്ചവ്യാധി | മറ്റു രോഗങ്ങൾ |
|---|---|---|---|---|---|---|
| 1992 93 | ഇല്ല | 22500 | 150 | 650 | | 21700 |
| 1993 94 | ഇല്ല | 23000 | 135 | 625 | 367 | 21873 |
| 1994 95 | ഇല്ല | 23650 | 130 | 535 | 351 | 22634 |
| 1995 96 | ഇല്ല | 19082 | 115 | 525 | 340 | 18102 |
| ആകെ | ഇല്ല | 88,232 | 530 | 2335 | 1058 | 84319 |

### പകർച്ച വ്യാധി വിവരങ്ങൾ

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ | ആകെ |
|---|---|---|---|---|---|
| 1993 94 | 302 | 65 | ഇല്ല | ഇല്ല | 367 |
| 1994 95 | 292 | 59 | ഇല്ല | ഇല്ല | 351 |
| 1995 96 | 286 | 54 | ഇല്ല | ഇല്ല | 340 |

പൾസ് പോളിയോയജ്ഞത്തിന്റെ ഒന്നാംഘട്ടം 1995 ഡിസംബർ 9, ജനുവരി 20 എന്നീതീയതികളില്ൽ 33 കേന്ദ്രങ്ങളിലായി നടന്നു. ഇതിൽ 1780, 2140 എന്നീക്രമത്തിൽ കുട്ടികൾക്ക് പോളിയോവാക്സിൻവിതരണം നടത്തി.

### പ്രശ്നങ്ങൾ

1. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ കിടത്തിചികിത്സ സൗകര്യം ഇല്ല.
2. ജനസംഖ്യാനുപാതികമായി സബ്സെന്ററുകൾ വേണ്ടത്ര ഇല്ല.
3. സ്ക്കൂൾ ആരോഗ്യ പരിപാടി കാര്യക്ഷമമല്ല.
4. ചക്കുവരക്കൽ സഹകരണ ആശുപത്രി കെട്ടിടം പണി പെട്ടന്ന് പൂർത്തീകരിയ്ക്കണം.

### സാദ്ധ്യതകൾ

1. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ കൂടുതൽ വാർഡുകൾ സ്ഥാപിക്കണം. ENT, ഗൈനക്കോളജി ശിശുരോഗ ചികിത്സ വിഭാഗങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കണം.
2. സബ്സെന്ററുകളുടെ പ്രവർത്തനം, ഭവനസന്ദർശന പരിപാടി ഇവ കാര്യക്ഷമമാക്കണം. ഇതിനായി ജനസംഖ്യാനുപാതികമായി Jr.PHN മാരെ നിയമിക്കണം.
3. ശുചീകരണ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജസ്വലമാക്കണം.
4. ഹോമിയോ, ആയുർവേദ മേഖലകളിൽ സർക്കാർ ആശുപത്രികൾ സ്ഥാപിക്കണം
5. പകർച്ചവ്യാധികൾക്കെതിരെയുള്ള ബോധവല്ക്കരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കണം.
6. വിവിധോദ്ദേശ്യ ആരോഗ്യപദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള മാതൃകയിൽ Jr.HI മാരുടെ തസ്തികസൃഷ്ടിക്കണം. Jr.HI-മാർക്ക് സ്വന്തമായി ഓഫീസുകൾ സ്ഥാപിക്കണം.
7. പൊതുജനാരോഗ്യപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് ഒരു ഏകീകൃത പൊതുജന ആരോഗ്യ ആക്ട് നടപ്പിലാക്കണം.

# ശുചിത്വം

വ്യക്തിശുചിത്വവും പരിസരശുചിത്വവുമാണ് പ്രധാനമായും ശ്രദ്ധിക്കപ്പെടേണ്ടത്. ഈ പഞ്ചായത്തിലെ 50% കുടുംബങ്ങൾക്കും സ്വന്തമായി കക്കൂസ് ഇല്ല. വിവിധ ഭവന നിർമ്മാണ പദ്ധതിയിൽ വീടിനോട് അനുബന്ധിച്ച കക്കൂസുകൾ നിർമ്മിച്ചു നല്കിയിട്ടുണ്ട്. കൂടാതെ വെട്ടിക്കവല ബ്ലോക്കിൽനിന്നും കേന്ദ്രസംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന CRSP പ്രകാരം 70 കക്കൂസുകളും CD സ്കീം പ്രകാരം 15 കക്കൂസുകളും നിർമ്മിക്കുന്നതിന് ദാരിദ്ര്യരേഖക്കു താഴെയുള്ള കുടുംബങ്ങൾക്ക് സഹായം നല്കിയിട്ടുണ്ട്.

പഞ്ചായത്ത് ആൺടൈഡ് ഫണ്ടു വഴി നിർമ്മിച്ചു നല്കിയ കക്കൂസുകളുടെ എണ്ണം സംബന്ധിച്ച പിട്ടിക.

| വർഷം | SCP | ജനറൽ | ആകെ |
|---|---|---|---|
| 1992 93 | 54 | | 54 |
| 1993 94 | 48 | 75 | 123 |
| 1994 95 | 38 | 148 | 186 |
| 1995 96 | 112 | 62 | 174 |
| ആകെ | 252 | 285 | 537 |

ആവശ്യമായ കുടുംബങ്ങൾക്ക് കക്കൂസ് നിർമ്മിക്കുന്നതിന് സന്നദ്ധസംഘടനകൾ ഉൾപ്പടെയുള്ളവരുടെ സഹായം ആവശ്യമാണ്. നമ്മുടെ പരിസ്ഥിതിയ്ക്ക് അനുയോജ്യമായ മാതൃകയിലുള്ള ഇരുകുഴികക്കൂസ് പ്രചരിപ്പിക്കേണ്ടതുണ്ട്. ഇത്തരം കക്കൂസുകളുടെ നിർമ്മാണവും ഉപയോഗവും സംബന്ധിച്ച് ബോധവല്ക്കരണ പരിപാടികൾ ആവശ്യമാണ്.

വീടും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിൽ ഏറ്റവും അധികം പങ്ക് വഹിക്കാൻ കഴിയുന്നത് വനിതകൾക്കാണ്. അംഗൻവാടികൾ, മഹിളാസമാജങ്ങൾ എന്നിവയുടെ പ്രവർത്തനം ഈ മേഖലയിലെ ബോധവല്ക്കരണ പരിപാടികൾ സഹായകമാവണം. പകരച്ചവ്യാധികളുടെ വരവു തടയുന്നതിനും അതുവഴി ആരോഗ്യമുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കുന്നതിനും ഇത് ആവശ്യമാണ്.

## പരസിരശുചിത്വം

തിങ്ങിനിറഞ്ഞ കെട്ടിടങ്ങളുടെ നിർമ്മാണം ഓടകൾ നികത്തൽ, നിലംനികത്തൽ എന്നിവമൂലം വെള്ളം കെട്ടിക്കിടക്കുന്നതുവഴി, പകർച്ചവ്യാധിപരത്തുന്ന പ്രാണികൾ പെരുകാനിടയുണ്ട്. ഇതിനെതിരെ ശക്തമായ ജനകീയ പ്രസ്ഥാനത്തിന്റെ പ്രവർത്തനം ആവശ്യമാണ്.

**കക്കൂസുകളെ സംബന്ധിച്ച പട്ടിക**

| വാർഡ് നമ്പർ | പേര് | കക്കൂസുകളുടെ എണ്ണം നിലവിലുള്ളവ | ഇനി ആവശ്യമുള്ളവ |
|---|---|---|---|
| I | ഉളിയനാട് | 376 | 201 |
| II | സദാനന്ദപുരം | 272 | 192 |
| III | വെട്ടിക്കവല | 370 | 348 |
| IV | ഇരണൂർ | 272 | 317 |
| V | കണ്ണംകോട് | 203 | 240 |
| VI | പനവേലി | 216 | 234 |
| VII | ചിരട്ടകോണം | 384 | 246 |
| VIII | കമുകിൻകോട് | 363 | 327 |
| IX | തലച്ചിറ | 284 | 314 |
| X | കോക്കാട് | 304 | 350 |
| XI | ചക്കുവരയ്ക്കൽ | 455 | 175 |
| XII | ഗാന്ധിഗ്രാം | 383 | 235 |
| XIII | കോട്ടവട്ടം | 328 | 232 |
| | ആകെ | 4210 | 3411 |

## നിർദ്ദേശങ്ങൾ

1. വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവ സംബന്ധിച്ച ബോധവല്ക്കരണ പരിപാടികൾക്ക് ആരോഗ്യപ്രവർത്തകരും ജനപ്രതിനിധികളും സംയുക്തമായി നേതൃത്വം നല്കുക.
2. അശാസ്ത്രീയമായ കശാപ്പു സമ്പ്രദായം, മലിനജലം റോഡുകളിലേക്ക് തുറന്നുവിടൽ, ഹോട്ടലുകളിലേയും ഭക്ഷണശാലകളിലേയും ശുചിത്വരഹിതമായ അന്തരീക്ഷം ഇവ സംബന്ധിച്ച നടപടികൾ ജനകീയ സഹകരണത്തോടെ കർശനമായി നടപ്പിലാക്കുക.
3. ദ്രവിക്കുന്ന രൂപത്തിലുള്ള ഖരമാലിന്യങ്ങൾ കമ്പോസ്റ്റ്കുഴികളിലേക്കും അല്ലാത്തവയെ പുനഃചംക്രമണത്തിനും വിധേയമാക്കുക.
4. മലിനജലം കുഴികളിൽ ശേഖരിച്ച് Bio gas നിർമ്മാണത്തിന് ഉപയുക്തമാക്കുക.
5. ആശുപത്രി മാലിന്യങ്ങൾ കൃത്യമായി കത്തിച്ചുകളയുക.
6. ശുചിത്വപരിപാലന പ്രവർത്തനങ്ങൾ അവലോകനം ചെയ്യുന്നതിനായി വാർഡുതലത്തിലും പഞ്ചായത്തു തലത്തിലും ജനകീയ സമിതികൾ രൂപീകരിക്കുക.ഇവയിൽ ആരോഗ്യപ്രവർത്തകർ, അംഗൻവാടി പ്രവർത്തകർ, സാമൂഹ്യ സന്നദ്ധ സംഘടനകൾ എന്നിവരെ ഉൾപ്പെടുത്തുക.



# വിദ്യാഭ്യാസം

സ്വാതന്ത്ര്യ സമ്പാദനത്തിനുമുമ്പ് വെട്ടിക്കവല പഞ്ചായത്തിൽ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. സെക്കണ്ടറി തലവിദ്യാഭ്യാസത്തിനായി ഈ പഞ്ചായത്തിലെ ജനങ്ങൾ കൊട്ടാരക്കര, പുനലൂർ തുടങ്ങിയ പ്രദേശങ്ങളെ ആശ്രയിച്ചിരുന്നു. അതിനാൽ ഉപരിവർഗത്തിൽ പെട്ട ചുരുക്കം ചിലർക്കു മാത്രമേ അക്കാലങ്ങളിൽ ഉയർന്ന വിദ്യാഭ്യാസം നേടാൻ കഴിഞ്ഞിരുന്നുള്ളൂ.

കേരള സംസ്ഥാന സർക്കാർ പൊതുവിദ്യാഭ്യാസം ഒരു സാമൂഹ്യ ബാദ്ധ്യതയായി ഏറ്റെടുത്തതിന്റെ ഫലമായി ഈ പഞ്ചായത്തിൽ പ്രൈമറി, അപ്പർ പ്രൈമറി, ഹൈസ്ക്കൂൾ വിഭാഗങ്ങളിൽ കൂടുതൽ വിദ്യാലയങ്ങൾ സ്ഥാപിക്കപ്പെട്ടു. സമീപസ്ഥമായ വിദ്യാലയ സൗകര്യം, ഫീസിളവ്, യാത്രാസൗജന്യം, സാമൂഹ്യ സാംസ്കാരിക രംഗങ്ങളിൽ ഉണ്ടായമാറ്റങ്ങൾ എന്നിവ വിദ്യാഭ്യാസ കാര്യങ്ങളിൽ ജനങ്ങൾക്ക് കൂടുതൽ താല്പര്യവും പ്രേരണയും നല്കി. ആദ്യകാലങ്ങളിൽ സ്ത്രീകൾ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം വിദ്യാഭ്യാസം അവസാനിപ്പിച്ചിരുന്നു. എന്നാൽ ഇപ്പോൾ പെൺകുട്ടികൾ ആൺകുട്ടികളുടെ തുല്യനിലവാരത്തിൽ എത്തിയിരിക്കുന്നു. ഈ പഞ്ചായത്തിലെ പ്രഥമ ഹൈസ്ക്കൂൾ വെട്ടിക്കവല ഗവ:മോഡൽ ഹൈസ്ക്കൂളാണ്. ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ കാലത്ത് ശ്രീമാൻ ശങ്കരമംഗലം ശങ്കരൻ തമ്പിയുടെ മേൽനോട്ടത്തിൽ നിർമ്മിച്ചതാണ് ഈ വിദ്യാലയം. തുടക്കത്തിൽ മലയാളം ഏഴാം ക്ലാസ്സ് വരെയായിരുന്നു. പിന്നീട് 6,7 എന്നീ കളാസ്സുകൾ ഒഴിവാക്കി പകരം ഫസ്റ്റ്, സെക്കന്റ്, തേർഡ് ഫോമുകൾ തുടങ്ങി. 1953ൽ പൂർണ്ണ ഹൈസ്ക്കൂളായി. ഇതിനോടനുബന്ധിച്ചുള്ള പ്രൈമറി ക്ലാസ്സ് 1961ൽ വേർപെടുത്തി പ്രത്യേക വിഭാഗമാക്കി. അവിടുത്തെ ഒന്നും രണ്ടും ക്ലാസ്സുകൾ സ്ഥലപരിമിതി മൂലം ഇന്നും ഷിഫ്റ്റ് രീതിയിലാണ് പ്രവർത്തിക്കുന്നത്.

പാഠ്യപാഠ്യേതര മേഖലകളിൽ വെട്ടിക്കവല പഞ്ചായത്തിൽ ഉന്നതമായ നിലവാരം പുലർത്തിയ ഹൈസ്ക്കൂളാണ് വെട്ടിക്കവല ഗവ:ഹൈസ്ക്കൂൾ. 1972 മുതൽ തുടർച്ചയായി നാലുവർഷം ദേശീയശാസ്ത്ര പ്രദർശനങ്ങളിൽ ഈ വിദ്യാലയം കേരളത്തെ പ്രതിനിധീകരിച്ച് മികച്ച നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്. 1975ൽ സ്കൂളിന്റെ ഈദൃശ പ്രവർത്തനങ്ങളുടെ അംഗീകാരമെന്നോണം വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റ് ഈ വിദ്യാലയത്തിന് മോഡൽ ഹൈസ്ക്കൂൾ പദവി നല്കുകയുണ്ടായി. പ്രശസ്തസേവനത്തിന് ദേശീയഅവാർഡും സ്റ്റേറ്റ് അവാർഡും രണ്ടു പ്രഥമാദ്ധ്യാപകർ നേടിയിട്ടുണ്ട്.

ഈ പഞ്ചായത്തിൽ രണ്ടാമതായി സ്ഥാപിക്കപ്പെട്ട ഹൈസ്ക്കൂളാണ് കോട്ടവട്ടം എച്ച്.എസ്. സ്വകാര്യ മേഖലയിൽ കോട്ടവട്ടം മഠത്തിൽ ശ്രീമാൻ കൃഷ്ണൻ പോറ്റിയുടെ മാനേജ്മെന്റിലാണ് ഈ സ്ഥാപനം ആരംഭിച്ചത്. ഇപ്പോൾ മാനേജർ മുൻസ്പീക്കർ ശ്രീ. ഡി.ദാമോദരൻ പോറ്റിയാണ്. ഒരു മിഡിൽ സ്കൂളായി പ്രവർത്തനം ആരംഭിച്ച പ്രസ്തുതസ്ക്കൂൾ പിന്നീട് ഹൈസ്ക്കൂളായി അപ്ഗ്രേഡ് ചെയ്യപ്പെടുകയാണുണ്ടായത്. ഈ പഞ്ചായത്തിലെ കിഴക്കൻ മേഖലയിൽ വിദ്യാഭ്യാസ സൗകര്യം നല്കുന്നതിന് പ്രധാനപങ്ക് വഹിച്ച സ്ഥാപനമാണ് കോട്ടവട്ടം ഹൈസ്ക്കൂൾ.

സർക്കാർ ഉടമയിൽ മൂന്നാമതായി സ്ഥാപിക്കപ്പെട്ട ഹൈസ്ക്കൂളാണ് സദാനന്ദപുരം എച്ച്.എസ്. ആദ്യം മിഡിൽ സ്ക്കൂൾ അയിരുന്ന ഈ സ്ഥാപനം പില്ക്കാലത്ത് എച്ച്.എസ് ആയി അപ്ഗ്രേഡ് ചെയ്യപ്പെട്ടതാണ്. ഒന്നുമുതൽ പത്തുവരെയുള്ള ക്ലാസ്സുകൾ ഇവിടെ പ്രവർത്തിക്കുന്നു.

ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് അംഗീകൃത വിദ്യാലയമാണ് കരിക്കം എസ്.ഡി.എ.ഹൈസ്ക്കൂൾ. എല്ലാ വിധആധുനിക സൗകര്യങ്ങളുമുള്ള ഈ സ്ക്കൂൾ ഇംഗ്ലീഷ് മീഡിയം സ്കൂളാണ്.

ഈ പഞ്ചായത്തിൽ നാല് ഗവ:യു.പി സ്കൂളുകളും എട്ട് എൽ.പി.സ്ക്കൂളുകളും ഉണ്ട്. ചിരട്ടക്കോണം വാർഡിൽ പാലമുക്കിൽ പട്ടികജാതി/പട്ടികവർഗ വിദ്യാർത്ഥികൾക്കും വേണ്ടി ഒരു ഐ.റ്റി.സി. പ്രവർത്തിക്കുന്നു. സമാന്തര വിദ്യാഭ്യാസം നല്കുന്ന സ്ഥാപനങ്ങൾ എന്നനിലയിലും കുട്ടികളെ പരീക്ഷയ്ക്ക് സജ്ജരാക്കുന്ന നിലയിലും 9 ട്യൂട്ടോറിയൽ സ്ഥാപനങ്ങൾ ഈ പഞ്ചായത്തിൽ ഉണ്ട്. 33 അംഗൻ വാടികളും ഒരു അംഗീകൃത പ്രീപ്രൈമറി വിദ്യാലയവും ഉണ്ട്. ഇതിനുപുറമേ സ്വകാര്യ നഴ്സറി വിദ്യാലയങ്ങളും പ്രവർത്തിച്ചുവരുന്ന തൊഴിലധിഷ്ഠിത പരിശീലനം നൽകുന്ന 7 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ഉണ്ട്. സമഗ്രമായ പ്രീ പ്രൈമറി വിദ്യാഭ്യാസത്തിന്റെ അപര്യാപ്തത ഈ പഞ്ചായത്തിൽ പൊതുവെ അനുഭവപ്പെടുന്നുണ്ട്.

സാക്ഷരത പ്രവർത്തനത്തിൽ മുൻപന്തിയിൽ നിന്ന പഞ്ചായത്താണ് വെട്ടിക്കവല. നമ്മുടെ പഞ്ചായത്ത് സമ്പൂർണ്ണ സാക്ഷരതയിലേക്ക് ഉയർന്നു. പഞ്ചായത്ത് ഭരണസമിതിയുടെയും പഞ്ചായത്ത് സാക്ഷരതാ സമിതിയുടെയും നിസ്വാർത്ഥരും സന്നദ്ധസേവകരുമായ ഒരു യുവജനതയുടെയും ആത്മാർത്ഥമായ സഹകരണം ഇതിന്റെ പിന്നിൽ ഉണ്ടായിരുന്നു. ഇപ്പോൾ പഞ്ചായത്തിലെ സാക്ഷരാതാ കോഓർഡിനേറ്ററുടെ പ്രവർത്തനഫലമായി സ്കൂളുകളിൽ നിന്നും കൊഴിഞ്ഞുപോയ വിദ്യാർത്ഥികളെ കണ്ടെത്തി അവരെ വീണ്ടും സ്കൂളിൽ ചേർന്നു പഠിപ്പിക്കു

വാൻ വേണ്ട പ്രവർത്തനം നടത്തിവരുന്നു.

പനവേലി വാർഡിൽ സ്ഥിതി ചെയ്യുന്ന അന്തർദ്ദേശീയ പഠനകേന്ദ്രം (I.C.S.D.)...

വിദ്യാഭ്യാസം, തൊഴിൽ പരിശീലനം, മദ്യത്തിനും, മയക്കുമരുന്നിനും എതിരെയുള്ള ബോധവൽക്കരണം, പരിസര ശുചീകരണം, ഇത്യാദി രംഗങ്ങളിൽ നിസ്തുല സേവനം നടത്തിവരുന്ന ഒരു സ്ഥാപനമാണ്.

ഇതോടനുബന്ധിച്ച് അന്ധർ, ബധിരർ എന്നിവർക്ക് തൊഴിൽ പരിശീലനകേന്ദ്രവും ഒരു കൗൺസിലിംഗ് സെന്ററും പ്രവർത്തിച്ചുവരുന്നു.

ഈ പഞ്ചായത്തിലെ പൊതുവിദ്യാലയങ്ങളിൽ ഓരോ വർഷവും കുട്ടികളുടെ എണ്ണം തുടർച്ചയായി കുറഞ്ഞുവരുന്നു. പൊതുവിദ്യാലയങ്ങളുടെ പഠനനിലവാരം മോശമാണ് എന്ന ധാരണ പൊതുജനങ്ങളിൽ ബലപ്പെട്ടു വരുന്നതാണ് പ്രധാന കാരണം. ഒരു നേരിയ ശതമാനം കൊഴിഞ്ഞു പോകുന്നതും കാരണമാകുന്നു. കഴിഞ്ഞ കുറേ കാലങ്ങളിലെ കണക്കുകൾ പരിശോധിക്കുമ്പോൾ എസ്.എസ്.എൽ.സി വിജയശതമാനം കുറഞ്ഞുവരുന്നതായി കാണാം. പഞ്ചായത്തിലെ വിദ്യാലയങ്ങൾ ഒരേ പ്രവണതയാണ് ഇക്കാര്യത്തിൽ പുലർത്തുന്നുത്. പ്രൈമറി തലം മുതൽ തന്നെ വിദ്യാർത്ഥികളിൽ 30% അക്ഷരാഭ്യാസമില്ലാത്തവരാണ്. 30% നിലവാരം പൊതുവേ പിന്നോക്കം നിൽക്കുന്നു. മറ്റൊരു 30% മാത്രമാണ് ഭാഗികമായ ധാരണയുള്ളവർ. 10% വിദ്യാർത്ഥികൾ മാത്രമേ സാമാന്യ നിലവാരം പുലർത്തുന്നവരായുള്ളൂ. 85% കുട്ടികളും എസ്.എസ്.എൽ.സി. പരീക്ഷക്ക് പാസ്സ് മാർക്ക് വാങ്ങുന്നില്ല. നിലവാരത്തകർച്ചയ്ക്കുള്ള കാരണങ്ങൾ നിരവധിയാണ്. അവയിൽ ഏതാനും കാരണം ചുവടെ ചേർക്കുന്നു.

1. അധ്യയന പരിശീലനത്തിലെ ഗുണനിലവാരമില്ലായ്മ.
2. പഴഞ്ചൻ ബോധനരീതി
3. മോണിറ്ററിംഗിന്റെ അപര്യാപ്തത.
4. പാഠ്യാനുബന്ധ പ്രവർത്തനങ്ങളുടെ അലംഭാവം.
5. വീടുകളിൽ പഠനസാഹചര്യങ്ങളുടെ കുറവ്.
6. സാമൂഹ്യ പിന്നോക്കവസ്ഥ.
7. വിദ്യാഭ്യാസവും ജീവിതവും തമ്മിൽ ബന്ധമില്ലായ്മ.
8. മത്സരപരീക്ഷകളെ മാത്രം ലക്ഷ്യം വച്ചുകൊണ്ടുള്ള വിദ്യാഭ്യാസം
9. വിദ്യാഭ്യാസത്തെ സംബന്ധിച്ച് രക്ഷകർത്താക്കൾക്കിടയിലും സമൂഹത്തിൽ പൊതുവെയും വ്യാപിച്ചിട്ടുള്ള തെറ്റായ ധാരണകൾ.
10. കേന്ദ്രീകൃത ആസൂത്രണ സംവിധാനങ്ങൾ
11. പ്രാദേശിക സമൂഹത്തിന് വിദ്യാഭ്യാസ കാര്യങ്ങളിൽ ഇടപെടാനുള്ള അവസരമില്ലായ്മ.

സ്കൂൾ കെട്ടിടങ്ങൾ അധികവും വലിയ ഹാൾ മുറികളാണ്. ഇടയ്ക്കു ഭിത്തിയോ സ്ക്രീനോ ഇല്ലാത്തതുകൊണ്ട് ക്ലാസ്സിലെ വിദ്യാർത്ഥികളുടെ ശ്രദ്ധ അവിടെമാത്രം കേന്ദ്രീകരിക്കാൻ സാധിക്കുന്നില്ല. പ്രൈമറി വിദ്യാലയങ്ങളിൽ ഗണിതശാസ്ത്രം, സയൻസ് ഇവ പഠിപ്പിക്കുന്നതിന് ആവശ്യമായ ഉപകരണങ്ങൾ ഗവഃനിന്നും ലഭിച്ചിട്ടുണ്ട്. എന്നാൽ ഇവ ഫലപ്രദമായി ഉപയോഗിക്കുന്നില്ല. മിക്ക വിദ്യാലയങ്ങളിലും ആവശ്യത്തിനുള്ള ഉപകരണങ്ങൾ ഇല്ല. വാർഷിക അറ്റകുറ്റപണികൾ വർഷങ്ങളായി നടക്കുന്നില്ല. കമുകിൻകോട് LPSൽ കിണറില്ല. പാചകപ്പുരയില്ലാത്ത സ്കൂളുകളും ഉണ്ട്. എല്ലാ സർക്കാർ വിദ്യാലയങ്ങളിലും അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രാഥമികാവശ്യങ്ങൾ നിറവേറ്റുന്നതിന് മൂത്രപ്പുര, കക്കൂസ് എന്നിവ അടിയന്തിരമായി നിർമ്മിക്കണം.

വിദ്യാലയങ്ങളിൽ ധാരാളം ലൈബ്രറി പുസ്തകങ്ങൾ പ്രൈമറി ക്ലാസ്സുമുതൽ ഉണ്ട്. അവ കുട്ടികൾക്ക് വിതരണം ചെയ്ത് വായനശീലം വളർത്തുന്നത് നല്ലതാണ്. മിക്ക വിദ്യാലയങ്ങളിലെയും സ്പെഷ്യൽ ഫീസ് വർഷം തോറും കുട്ടികളുടെ ആവശ്യത്തിന് ഉപയോഗിക്കുന്നതായി കാണുന്നില്ല. ഒരു പ്രദേശത്തെ വിദ്യാലയം നിലനിർത്തണമെങ്കിൽ ആ പ്രദേശത്തെ സമൂഹം തന്നെ മുൻകൈയെടുക്കണം. അതിനായി പഞ്ചായത്തു തലത്തിൽ സമഗ്രമായ വിദ്യാഭ്യാസ പദ്ധതി ആവിഷ്ക്കരിക്കണം. ഇതിന് നാലുഘടകങ്ങൾ ആകാം.

1. അക്കാദമിക് പ്രവർത്തനങ്ങൾ
2. പാഠ്യാനുബന്ധ പ്രവർത്തനങ്ങൾ
3. ഭൗതിക സാഹചര്യം മെച്ചപ്പെടുത്തൽ
4. ജനകീയ പങ്കാളിത്തം.

പഞ്ചായത്തു സമിതിയുടെ നേതൃത്വത്തിൽ ഏറ്റെടുക്കാവുന്ന ചില പ്രവർത്തനങ്ങൾ

1. അനുപൂരക വിദ്യാഭ്യാസം. സ്കൂളുകളിൽ രണ്ടാം ക്ലാസ്സ് മുതൽ എത്രപേർക്ക് അക്ഷരബോധം, അക്കബോധം എന്നിവയില്ലെന്ന് കണ്ട് അവർക്ക് പരിഹാരബോധനം നടത്തുക.
2. അദ്ധ്യാപകസംഗമം. ഒരു പഞ്ചായത്തിലുള്ള അദ്ധ്യാപകരെല്ലാം മാസത്തിൽ ഒരുദിവസം ഒരു ലീഡിംഗ് സ്കൂൾ കേന്ദ്രീകരിച്ച് പുതിയ ബോധനരീതികളെപ്പറ്റിയും അദ്ധ്യാപക പരിശീലനത്തെപ്പറ്റിയും ചർച്ച ചെയ്യുക.
3. മൂല്യനിർണ്ണയം. ഇന്നത്തെ മൂല്യ നിർണ്ണയം അശാസ്ത്രീയവും യാന്ത്രികവുമാണ്. ലിഖിതം 50%, വാചാപരീക്ഷ 20% പ്രായോഗിക പരീക്ഷ 20% പാഠ്യാനുബന്ധപ്രവർത്തനങ്ങൾ 10% ഈ രീതിയിൽ പുതിയ ധാരണ വികസിപ്പിക്കാൻ ശ്രമിക്കുക. S.S.L.C. പരീക്ഷാഫലത്തിന്റെ ഗ്രേഡ് സിസ്റ്റവും പരീക്ഷിക്കാം.
4. പാഠ്യാനുബന്ധ പ്രവർത്തനം. U.P., H.S. എന്നിവയ്ക്ക് പ്രതിവാര ക്ലാസ്സ്, സാഹിത്യസമാജം. എൽ.പിക്ക് ബാലസഭ എന്നിവക്ക് ഒന്നോ രണ്ടോ പീരിയഡ് എടുക്കാവുന്നതാണ്. സയൻസ് ക്ലബ്, സയൻസ് കോർണർ ഇവയുടെ പ്രവർത്തനം മാസ് ഡ്രിൽ, പരിസര ശുചീകരണം ഇവ നടത്താം. സ്കൂൾ അസംബ്ലിയിൽ പ്രധാന വാർത്തകൾ വായിക്കുന്ന ശീലം, ദേശീയ ദിനാചരണങ്ങളെപ്പറ്റി കുട്ടികൾക്ക് അറിവ് പകരുക, സ്കൂൾ തല കലോത്സവങ്ങളും വാർഷികവും നടത്തുക. പഠനയാത്രാ സൗകര്യം ഉണ്ടാക്കുക. വായനാ കോർണറുകൾ സംഘടിപ്പിക്കുക.
5. സ്കൂളും പരിസരവും ആകർഷകമാക്കുക. പൂന്തോട്ട നിർമ്മാണം, പച്ചകറി കൃഷി, ഫലവൃക്ഷ തൈ നടീൽ മുതലായവ നിർബന്ധമായും നടപ്പാക്കേണ്ടതാണ്.

# വെട്ടിക്കവല ഗ്രാമപഞ്ചായത്ത് വിദ്യാലയവിവരങ്ങൾ

| ക്രമനമ്പർ | സ്കൂളിന്റെ പേര് | മാനേജ്മെന്റ് | കുട്ടികളുടെ എണ്ണം 1995–96 | | | അദ്ധ്യാപകരുടെ എണ്ണം | | | അദ്ധ്യാപക പരിശീലന യോഗ്യത | | S. S. L. C. വിജയശതമാനം | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | B | G | Total | M | F | Total | B Ed. | TTC | 91-92 | 92-93 | 93-94 | 94-95 | 95-96 |
| 1 | H.S വെട്ടിക്കവല | Govt. | 772 | 829 | 1601 | 23 | 34 | 57 | 38 | 19 | 43.5 | 52 | 49 | 49 | 30 |
| 2 | H.S സദാനന്ദപുരം | Govt. | 630 | 612 | 1242 | 20 | 31 | 51 | 21 | 15 | | | | | |
| 3 | H.S കോട്ടവട്ടം | Aided | 534 | 484 | 1018 | 17 | 22 | 39 | 23 | 16 | 51 | 51 | 52 | 51 | 49 |
| 4 | S.D.A.H.S കരിക്കം | Unaided | 485 | 416 | 901 | 4 | 11 | 15 | 10 | 2 | 98% | 100 | 98 | 94 | 96 |
| 5 | UPS തലച്ചിറ | Govt. | 268 | 224 | 482 | 8 | 13 | 21 | 3 | 14 | | | | | |
| 6 | UPS ചക്കുവരയ്ക്കൽ | Govt. | 227 | 233 | 460 | 6 | 13 | 19 | - | 17 | | | | | |
| 7 | UPS കോക്കാട് | Govt. | 76 | 72 | 148 | 1 | 4 | 5 | 3 | - | | | | | |
| 8 | MTSS UPS നരിയ്ക്കൽ | Aided | 99 | 102 | 201 | 1 | 6 | 7 | 1 | 6 | | | | | |
| 9 | LPS വെട്ടിക്കവല | Govt. | 250 | 236 | 486 | - | 11 | 11 | - | 10 | | | | | |
| 10 | WLPS വെട്ടിക്കവല | Govt. | 53 | 53 | 106 | 1 | 3 | 4 | - | 4 | | | | | |
| 11 | WLPS കമുകിൻകോട് ഭാഗം | Govt. | 46 | 59 | 105 | 3 | 1 | 4 | 1 | 3 | | | | | |
| 12 | LPS കോക്കാട് | Govt. | 115 | 123 | 238 | 2 | 5 | 7 | - | 7 | | | | | |
| 13 | LPS കോട്ടവട്ടം | Govt. | 92 | 83 | 175 | 2 | 4 | 6 | - | 6 | | | | | |
| 14 | LPS കരിക്കം | Govt. | 57 | 63 | 120 | 2 | 2 | 4 | 1 | 3 | | | | | |
| 15 | LPS പനവേലി | Govt. | 61 | 72 | 133 | 1 | 3 | 4 | - | 4 | | | | | |
| 16 | MTSSLPS കോട്ടവട്ടം | Govt. | 47 | 39 | 86 | 1 | 2 | 3 | - | 3 | | | | | |
| | **ആകെ** | | **3812** | **3700** | **7512** | **92** | **165** | **257** | **101** | **127** | | | | | |

# വെട്ടിക്കവല ഗ്രാമപഞ്ചായത്ത് വിദ്യാലയ സൗകര്യങ്ങൾ

| ക്രമ നമ്പർ | സ്കൂളിന്റെ പേര് | വിസ്തീർണ്ണം ഏക്കർ | ഓഫീസ് മുറി | സ്റ്റാഫ് മുറി | ലബോറട്ടറി | ലൈബ്രറി പുസ്തകങ്ങളുടെ എണ്ണം | മൂത്രപ്പുര | കക്കൂസ് | പാചകമുറി | വൈദ്യുതി | കളിസ്ഥലം | കിണർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. | H. S. വെട്ടിക്കവല Govt. | 5.07 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 2. | Govt. H.S. സദാനന്ദപുരം | 4.6 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 3. | HS കോട്ടവട്ടം | 3.15 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 4. | SDA HS കരിക്കം | 10 | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 5. | GOVT. UPS തലച്ചിറ | 1.5 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 6. | GOVT. UPS ചക്കുവരയ്ക്കൽ | 1.5 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 7. | GOVT. UPS കോക്കാട് | 1 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 8. | MTSS UPS—നമിക്കൽ | 1.07 | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 9. | GOVT. LPS വെട്ടിക്കവല | 1.07 | ഉണ്ട് | ഇല്ല | ഇല്ല | 200 | ഇല്ല | ഉണ്ട് | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 10. | GOVT. WLPS വെട്ടിക്കവല | 0.50 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 11. | GOVT. WLPS K.K ഭാഗം | 0.17 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല |
| 12. | GOVT. LPS കോക്കാട് | 0.50 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 13. | GOVT. LPS കോട്ടവട്ടം | 1 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഉണ്ട് |
| 14. | GOVT. LPS കരിക്കം | 1 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| 15. | GOVT. LPS പനവേലി | 10 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് |
| 16. | MTSS LPS കോട്ടവട്ടം | 0.54 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് |

6. മാതൃസംഗമം. സ്കൂൾ പി.റ്റി.എ, ക്ലാസ്സ് പി.റ്റി.എ ഇവയുടെ രൂപീകരണത്തോടെ ഓരോ കുട്ടിയുടെയും പഠനനിലവാരവും സാഹചര്യവും രക്ഷിതാക്കളെ ബോധ്യപ്പെടുത്താൻ കഴിയുന്നു.

7. വിദ്യാലയത്തിന്റെ പഠനനിലവാരം ഉയർത്തുന്നതിനും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുതതുന്നതിനും പഞ്ചായത്തുതലത്തിൽ ഒരു നിർവാഹക സമിതി രൂപീകരിക്കാം.

**രക്ഷാധികാരി എം.എൽ.എ.**

ചെയർമാൻ, പഞ്ചായത്തു പ്രസിഡണ്ട്, വൈ: പ്ര. ഡി.ഇ.ഒ, കൺവീനർ, ലീഡിംഗ് സ്കൂൾ എച്ച്.എം., മെമ്പർമാർ

എല്ലാ ഹെഡ്മാസ്റ്റർമാരും ഡയറ്റിലെ ഒരദ്ധ്യാപകൻ, പി.റ്റി.എ. പ്രസിഡണ്ടുമാർ, സംഘടനാ പ്രതിനിധികൾ, വിദ്യാഭ്യാസ വിദഗ്ദ്ധർ ആരെങ്കിലും. സന്നദ്ധസംഘടനാ ഭാരവാഹികളിൽ ആരെങ്കിലും. ഈ ക്രമത്തിലാകാം ഈ പഞ്ചായത്തിൽ സർവീസിൽ നിന്നും വിരമിച്ച പല ഹെഡ്മാസ്റ്റർമാരുടെയും അദ്ധ്യാപകരുടെയും സേവനം ഈ രംഗത്ത് പ്രയോജനപ്പെടുത്താവുന്നതാണ്.

**നിർദ്ദേശങ്ങൾ**

1. എല്ലാസ്കൂളുകൾക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുക.
2. ഹൈസ്കൂളുകളിൽ ഹയർ സെക്കണ്ടറി, പ്ലസ്സു കോഴ്സുകൾ ആരംഭിക്കുക.
3. പഞ്ചായത്തിൽ പട്ടികജാതി വിദ്യാർത്ഥികളുടെ പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി ഒരു പ്രീമെട്രിക് ഹോസ്റ്റൽ ആരംഭിക്കുക.
4. പഞ്ചായത്തു പ്രദേശത്തു ഒരു മിനി ഐ.ടി.ഐ/ഐ.റ്റി.സി സ്ഥാപിക്കുക.
5. പഞ്ചായത്തുതല സ്കൂൾ കോംപ്ലക്സ് ആരംഭിക്കുക.
6. പി.ടി.എ. കളുടെ പ്രവർത്തനം ശക്തമാക്കുക.

**ജനസംഖ്യയും സാക്ഷരതയും**

| സ്ത്രീകൾ | പുരുഷൻമാർ | ആകെ |
|---|---|---|
| 17466 | 16712 | 34178 |

**പട്ടികജാതി**

| സ്ത്രീകൾ | പുരുഷൻമാർ | ആകെ |
|---|---|---|
| 2836 | 2745 | 5581 |

**പട്ടികവർഗ്ഗം**

| സ്ത്രീകൾ | പുരുഷൻമാർ | ആകെ |
|---|---|---|
| | 5 | 5 |

**സാക്ഷരത നിരക്ക്**

| സ്ത്രീകൾ | പുരുഷൻമാർ |
|---|---|
| 77.8% | 82.5% |

അവലംബം: കനേഷുമാരി - 1991



# സംസ്ക്കാരം

സംസ്ക്കാരികമായ ഒരു തനതു പാരമ്പര്യമുള്ള പഞ്ചായത്താണ് വെട്ടിക്കവല. പ്രമുഖ സാഹിത്യകാരിയായ ശ്രീമതി ലളിതാംബിക അന്തർജ്ജനം ഈ പഞ്ചായത്തിന്റെ സംഭാവനയാണ്. കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് വയലാർ രാമവർമ്മാ അവാർഡ് എന്നിവ നേടിയ ശ്രീമതി അന്തർജ്ജനത്തിന്റെ രചനകൾ എക്കാലവും സ്മരിക്കപ്പെടുന്നു. കാക്കാരിശ്ശി നാടകം എന്ന നാടൻ കലാരൂപം ഈ പഞ്ചായത്തിൽ ഏറെ പ്രചാരമുള്ള ഒന്നാണ്. വെളിയം ഗോപിക്കുട്ടൻ ഭാഗവതർ സംഗീതരംഗത്ത് അറിയപ്പെടുന്ന പ്രമുഖനാണ്. തുളസീവന പുരസ്ക്കാരം ജേതാവായ ശ്രീ.വെട്ടിക്കവല കെ.എൻ.ശശികുമാർ ഇന്ത്യ മുഴുവൻ ശ്രദ്ധിക്കപ്പെടുന്ന നാദസ്വര വിദ്വാനാണ്. വിദ്യാഭ്യാസരംഗത്ത് നിസ്തുലമായ സേവനം നടത്തി അവാർഡുനേടിയിട്ടുള്ള അദ്ധ്യാപക ശ്രേഷ്ഠരാണ് ശ്രീ.റ്റി.ജോർജ്ജ്, ശ്രീ.കെ.കെ.ബാലകൃഷ്ണപിള്ള, ശ്രീ.റ്റി.കെ.ശ്രീധരൻ, ശ്രീ.കെ.സി.മാത്യൂ എന്നിവർ.

ഈ പഞ്ചായത്തിന്റെ സാംസ്കാരിക രംഗത്ത് കൃത്യമായ സംഭാവനകൾ നല്കിയിട്ടുള്ള ആദ്യകാല ഗ്രന്ഥശാലകളാണ് വെട്ടിക്കവല, കോട്ടവട്ടം എന്നിവിടങ്ങളിലുള്ളത്. ഇതിൽ കോട്ടവട്ടം വായനശാലക്ക് സ്വന്തമായ സ്ഥലവും ജീർണാവസ്ഥയിലായ ഒരു കെട്ടിടവുമുണ്ട്. ചക്കുവരയ്ക്കൽ, കോക്കാട്, സദാനന്ദപുരം, കണ്ണംകോട് എന്നിവിടങ്ങളിൽ വായനശാല പിന്നീട് നിലവിൽ വന്നു. ഇവ കേരളാ ഗ്രന്ഥശാലാ സംഘത്തിന്റെ സഹായത്തോടെ പ്രവർത്തിക്കുന്നവയാണ്.ഈ പഞ്ചായത്തിന്റെ മിക്ക പ്രദേശങ്ങളിലും നിരവധി ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബുകൾ പ്രവർത്തിക്കുന്നുണ്ട്. അവയുടെ പ്രവർത്തനം മിക്കപ്പോഴും ഓണാഘോഷം പോലുള്ള പരിപാ.ടികളിൽ ഒതുങ്ങുകയാണ് പതിവ്. ചിരട്ടക്കോണം ആസ്ഥാനമാക്കി 'മേധ' എന്ന ഒരു പ്രൊഫഷണൽ നാടകസംഘം പ്രവർത്തിക്കുന്നു. കരിക്കം ടെമ്പസ്റ്റ് ആർട്ട്സ്&സ്പോർട്ട്സ് ക്ലബ്, Y.M.C.A. എന്നിവയ്ക്ക് സ്വന്തമായി കെട്ടിടം ഉള്ളവയാണ്. പഞ്ചായത്ത് പതിനൊന്നിന പരിപാടികളിൽ ഉൾപ്പെടുത്തി നിർമിച്ച വെട്ടിക്കവല സാംസ്കാരിക നിലയം, സദാനന്ദപുരം ലൈബ്രറി എന്നിവ പഞ്ചായത്തിന്റെ അധിനതയിൽ നടന്നുവരുന്നു.

ദിനപ്പത്രങ്ങൾ, വാരികകൾ, മാസികകൾ എന്നിവ വേണ്ടത്ര പ്രചരിച്ചിട്ടുണ്ട്. എന്നാൽ ടെലിവിഷന്റെ കടന്നു വരവ് വായനയെ സാരമായി ബാധിച്ചിട്ടുണ്ട്. വാർത്താ മാധ്യമം എന്ന നിലയിൽ റേഡിയോ, ടെലിവിഷൻ എന്നിവ നൽകുന്ന സംഭവനകളെ അംഗീകരിച്ചുകൊണ്ടുതന്നെ അവയെ കൂടുതൽ അടുത്തറിയാനും പ്രചരണ മാധ്യമം എന്ന നിലയിലുള്ള പ്രവർത്തനം വിമർശനാത്മകം ആയി പരിശോധിക്കേണ്ടതുണ്ട്.

**നിർദ്ദേശങ്ങൾ**

1. പഞ്ചായത്തു വക സാംസ്കാരിക സ്ഥാപനങ്ങളായ സദാനന്ദപുരം പബ്ലിക് ലൈബ്രറി, വെട്ടിക്കവല സാംസ്കാരിക നിലയം എന്നിവയുടെ പ്രവർത്തനങ്ങൾ കൂടുതൽവിപുലീകരിക്കണം.
2. കോട്ടവട്ടം വായനശാലയുടെ കെട്ടിടം ജീർണ്ണാവസ്ഥയിലായതിനാൽ ആ സ്ഥലത്ത് ഒരു പുതിയ കെട്ടിടം പണിത് അതിനെ ഒരു ഗ്രന്ഥശാല-ഇൻഫർമേഷൻ സെന്റർ ആക്കി മാറ്റണം.
3. വായനശാലകൾ കേന്ദ്രീകരിച്ച് തിരഞ്ഞെടുക്കപ്പെടുന്ന ഗ്രന്ഥങ്ങളെ ആസ്പദമാക്കി സാഹിത്യ സാംസ്കാരികനായകന്മാരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ചർച്ചാ ക്ലാസ്സുകൾ നടത്തണം.
4. വായനശാലകൾ, ക്ലബുകൾ എന്നിവയുടെ വാർഷികാഘോഷങ്ങൾ ദേശീയ ദിനാഘോഷങ്ങൾ എന്നിവ സാഹിത്യ സാംസ്കാരിക രംഗത്തെ പ്രഗത്ഭമതികളെ പങ്കെടുപ്പിച്ചുകൊണ്ട് വർണപൊലിമയോടുകൂടി നടത്താവുന്നതാണ്.
5. ആർട്ട്സ്&സ്പോർട്ട്സ് ക്ലബുകളുടെ പ്രവർത്തനം അടുക്കും ചിട്ടയുമായി പുനഃസംഘടിപ്പിക്കേണ്ടതുണ്ട്. എല്ലാ വാർഡുകളിലും ഒരു വായനശാലയെ അഥവാ ഒരു ക്ലബിനെ കേന്ദ്രീകൃത സ്ഥാപനമാക്കി സ്വീകരിച്ച് മറ്റുള്ളവയുടെ പ്രവർത്തനം ഏകോപിപ്പിക്കേണ്ടതുണ്ട്. ഇത്തരം കേന്ദ്രീകൃത സാംസ്കാരിക സ്ഥാപനത്തിന്റെ ചുമതല വാർഡുമെംബർ നേതൃത്വം നൽകുന്ന ഒരു ജനകീയ സമിതിക്കായിരിക്കണം. ഇത്തരം വാർഡുതല കേന്ദ്രീകൃത സ്ഥാപനങ്ങളെ പഞ്ചായത്തുതലത്തിൽ ഒരു ഗ്രന്ഥശാലയോട് അഫിലിയേറ്റ് ചെയ്യണം. അതിനോടനുബന്ധിച്ച് ഒരു ഇൻഫർമേഷൻ കം ഗൈഡൻസ് സെന്റർ നടത്താവുന്നതാണ്. ഈ പഞ്ചായത്തുതല ഗ്രന്ഥശാലയുടെ ചുമതല പഞ്ചായത്തു ഭരണസമിതിയ്ക്കായിരിക്കണം.
6. അനുഷ്ഠാനകലകളുടെയും തനതു കേരള കലകളുടെയും പരിശീലനത്തിനായി കലാമണ്ഡലം മാതൃകയിലുള്ള ഒരു കളരി സ്ഥാപിക്കാവുന്നതാണ്.
7. സാധ്യതയുള്ള സ്ഥലങ്ങളിൽ ഫിലിം സൊസൈറ്റികൾ, വീഡിയോ ക്ലബുകൾ എന്നിവയടക്കമുള്ള ബദൽ പ്രദർശന ശൃംഖലകൾ സ്ഥാപിച്ച് ഡോക്യുമെന്ററികൾ, കലാമൂല്യമുള്ള സിനിമകൾ എന്നിവ പ്രദർശിപ്പിക്കാവുന്നതാണ്.
8. ഗ്രന്ഥശാലകൾക്ക് ആവശ്യമായ ഫർണിച്ചറും. ടി.വി.യും നൽകുക.



# കായികരംഗം

കായികപ്രവർത്തനങ്ങളിലെ ജനപങ്കാളിത്തമാണ് കായിക സംസ്കാരത്തിന്റെ മുഖമുദ്ര. അനവധി ക്ലബുകൾ ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും കായിക രംഗത്ത് വേണ്ടത്ര പുരോഗതി നേടുന്ന തരത്തിലുള്ള ഒരു ജനകീയ പങ്കാളിത്തം അവക്ക് ഉണ്ടാക്കി എടുക്കുന്നതിന് കഴിഞ്ഞിട്ടില്ല. സാർവത്രിക കായിക പരിശീലനം എന്ന ഉദ്ദേശത്തോടെയുള്ള പ്രവർത്തനങ്ങളാണ് അഭികാമ്യം. ഇതിനായി ഒരു ബഹുജനപ്രസ്ഥാനം തന്നെ ആരംഭിക്കേണ്ടിയിരിക്കുന്നു. ഫുട്ബാൾ, വോളിബാൾ, ക്രിക്കറ്റ് എന്നീ മേഖലകളിലാണ് ഈ പഞ്ചായത്തിലെ യുവാക്കൾ താല്പര്യം പ്രകടിപ്പിക്കുന്നത്. അത്‌ലറ്റിക്സ് ഇനങ്ങളിൽ വേണ്ടത്ര ശ്രദ്ധ ഇനിയും ഉണ്ടാക്കേണ്ടിയിരിക്കുന്നു.

**കായിക മേഖലയുടെ പ്രവർത്തനങ്ങൾക്ക് അനുഗുണമായ ചില നിർദ്ദേശങ്ങൾ**

1. പ്രൈമറി തലം മുതൽ തന്നെ എല്ലാ വിദ്യാർത്ഥികൾക്കും എന്തെങ്കിലും തരത്തിലുള്ള കായിക പ്രവർത്തനത്തിൽ നിർബന്ധമായും പങ്കെടുക്കുന്നതിന് ഡ്രില്ലോ, ലഘുകായികവിനോദങ്ങളോ സംഘടിപ്പിക്കണം. എല്ലാ വിദ്യാലയങ്ങളോടും അനുബന്ധിച്ചും അതിനാവശ്യമായ കളിസ്ഥലങ്ങളോ തുറസ്സായ സ്ഥലങ്ങളോ ഉണ്ടാവണം. അദ്ധ്യാപകരും ഒരു നിശ്ചിത സമയം കണ്ടെത്തി ഇത്തരം പ്രവർത്തനങ്ങളിൽ പങ്കെടുക്കണം.
2. ഗ്രാമീണ കായിക വിനോദങ്ങളെ സംഘടിപ്പിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വാർഡുതലത്തിലും പഞ്ചായത്തു തലത്തിലും ജനകീയ സമിതികൾ ഉണ്ടാക്കണം. പ്രദേശത്തിന്റെ പ്രത്യേകതയനുസരിച്ചുള്ള ഇനങ്ങളാണ് പ്രോത്സാഹിപ്പിക്കേണ്ടത്.
3. കായിക പ്രവർത്തനങ്ങൾക്കും കളികൾക്കും വേണ്ടിമാത്രം സംഘങ്ങൾ രജിസ്റ്റർ ചെയ്യുക. അതിൽ കായികതാരങ്ങളെ സബ്ജൂനിയർ, ജൂനിയർ, സീനിയർ, വെറ്ററൻസ് എന്നീ നിലയിൽ രജിസ്റ്റർ ചെയ്യുക. ഈ പഞ്ചായത്തിനകത്ത് സജീവ കായിക പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നവരെ കൃത്യമായും തിരിച്ചറിയാനും പ്രോത്സാഹിപ്പിക്കുന്നതിനും ഇത് സഹായകമാണ്.
4. പൊതു കളിസ്ഥലങ്ങൾ ജനകീയ പങ്കാളിത്തത്തോടെ നിർമിക്കുകയും അവയ്ക്ക് ജനകീയ സംരക്ഷണസമിതികൾ രൂപീകരിക്കുകയും ചെയ്യുക.
5. മഹിളാ സമാജങ്ങൾ, വനിതാസമിതികൾ എന്നിവയുടെ നേതൃത്വത്തിൽ പെൺകുട്ടികൾക്ക്, സൈക്കിൾ സവാരി, കരാട്ടേ എന്നിവ പരിശീലിപ്പിക്കുക. ഇത് അവർക്ക് ആത്മവിശ്വാസവും വളർത്തുന്നതിന് സഹായകമാകും.
6. പ്രൈമറിസെക്കണ്ടറി തലത്തിൽ സ്പോർട്ട്സ് പാഠങ്ങൾ, ആരോഗ്യശീലങ്ങൾ എന്നിവ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക.
7. പഞ്ചായത്തു കായികമേളകൾ കൂടുതൽ ജനപങ്കാളിത്തത്തോടെ വർഷത്തിലൊരിക്കൽ സംഘടിപ്പിക്കുക.
8. മരമടി മത്സരം, തെങ്ങുകയറ്റ മത്സരം തുടങ്ങിയ തൊഴിൽ മേഖലയുമായി ബന്ധപ്പെട്ട മത്സരങ്ങൾ സംഘടിപ്പിക്കുക. സർക്കാർ ഓഫീസുകളിലും ഇതരസ്ഥാപനങ്ങളുടെയും ജീവനക്കാർക്ക് കായികക്ഷമത പ്രകടിപ്പിക്കുന്നതിനുള്ളഅവസരങ്ങൾ പഞ്ചായത്തുതലത്തിൽ സൃഷ്ടിക്കുക.
9. കായിക ക്ഷമത പ്രകടിപ്പിക്കുന്നവരെ ആദരിക്കുകയും അംഗീകരിക്കുയും ചെയ്യുക. പ്രതിഭകളെ ചെറുപ്രായത്തിൽ തന്നെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക. കായികാദ്ധ്യാപകർക്ക് ആവശ്യമായ ആധുനികവും ശാസ്ത്രീയവുമായ പരിശീലന മുറകൾ ലഭ്യമാക്കുക. എന്നിവയും നടത്താവുന്നതാണ്.
10. തൊഴിൽ സമ്പാദനത്തിനുള്ള ഉപകരണം എന്ന നില മാറ്റി ആരോഗ്യ സംരക്ഷണത്തിന് കായിക പ്രവർത്തനങ്ങൾ എന്ന നിലയിലുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. ആരോഗ്യമുള്ള ജനതയാണ് സമഗ്രവികസനത്തിന് ആവശ്യമായിട്ടുള്ളതെന്ന് പ്രചരിപ്പിക്കാൻ കഴിയണം.

ഗ്രന്ഥശാലകളെ സംബന്ധിച്ച പട്ടിക.

| ഗ്രന്ഥശാലയുടെ പേര് | അംഗങ്ങൾ | പുസ്തകങ്ങൾ |
|---|---|---|
| 1. പഞ്ചായത്തു പബ്ലിക് ലൈബ്രറി&റീഡിംഗ് റൂം, സദാനന്ദപുരം | 405 | 5018 |
| 2. പഞ്ചായത്തു സാംസ്കാരിക നിലയം, വെട്ടിക്കവല | 202 | 2021 |
| 3. ദാമോദര സ്മാരക വായനശാല&ഗ്രന്ഥശാല, കോട്ടവട്ടം | 965 | 5290 |
| 4. വിജ്ഞാനവിലാസിനി വായനശാല&ഗ്രന്ഥശാല, ചക്കുവരയ്ക്കൽ | 370 | 4448 |
| 5. വിജ്ഞാന പ്രദായിനി വായനാല&ഗ്രന്ഥശാല, കോക്കാട് | 400 | 5021 |
| 6. എസ്.എൻ.ഡി.പി. വായനശാല&ഗ്രന്ഥശാല, കണ്ണംകോട് | 196 | 1140 |
| 7. ദേശസേവാസമിതി വായനശാല&ഗ്രന്ഥശാല, വെട്ടിക്കവല | 315 | 5140 |

# ടൂറിസം

ടൂറിസം വികസനത്തിനുള്ള സാധ്യത ഈ പഞ്ചായത്തിൽ കുറവാണ്. കേരളാ ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷന്റെ വഴിയോര വിശ്രമകേന്ദ്രം (മോട്ടൽ ആരാം) ഈ പഞ്ചായത്തിലെ സദാനന്ദപുരം വാർഡിൽ സ്റ്റേറ്റ് ഹൈവേയായ എം.സി.റോഡിന്റെ ഓരത്ത് സ്ഥിതി ചെയ്യുന്നു. കാർഷിക സർവകലാശാല ഗവേഷണ കേന്ദ്രത്തിന് അഭിമുഖമായി സ്ഥിതിചെയ്യുന്ന ഈ സ്ഥാപനം 1988 സെപ്റ്റംബർ 7ാം തീയതിയാണ് ആരംഭിച്ചത്. 90 സെന്റ് സ്ഥലത്തുള്ള ഈ യൂണിറ്റിന്റെ ഒന്നാംഘട്ട പ്രവർത്തനം മാത്രമേ ആരംഭിച്ചിട്ടുള്ളൂ. രണ്ടാംഘട്ട വികസനത്തിൽ ലക്ഷ്യമിട്ടിരിക്കുന്ന ബാങ്ക്, പെട്രോൾ ബങ്ക്, ലോഡ്ജിംഗ് സൗകര്യങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സ് ഇവ പൂർത്തീകരിച്ചാൽ ഈ സൗകര്യങ്ങളും നമ്മുടെ പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിലുള്ള പ്രകൃതിരമണീയതയും കൂടിച്ചേർന്ന് ടൂറിസം വികസനത്തിനുള്ള സാധ്യതകൾ വർദ്ധിപ്പിക്കുന്നതിന് കഴിയും. എം.സി. റോഡിലുള്ള ഏകവഴിയോര വിശ്രമ കേന്ദ്രമായ ഈ സ്ഥാപനം ഇതര മോട്ടലുകളെ അപേക്ഷിച്ച് മനോഹരവും വികസിത സാധ്യതയുള്ളതുമാണ്.



# വനിതാക്ഷേമം

ഈ പഞ്ചായത്തിലെ ജനസംഖ്യയിൽ 51.1 ശതമാനം സ്ത്രീകളാണ്. സ്ത്രീപുരുഷ അനുപാതം സംസ്ഥാന ശരാശരിയേക്കാൾ കുറവാണ്. 1045 സ്ത്രീകൾക്ക് 1000 പുരുഷന്മാർ ഉണ്ട്. ഈ പഞ്ചായത്തിന്റെ ഭരണസാരഥികളിൽ മുൻകാലങ്ങളിലും വനിതകൾ ഉണ്ടായിരുന്നു. പ്രമുഖ സാഹിത്യകാരിയായ അന്തരിച്ച ലളിതാംബിക അന്തർജ്ജനം ഈ പഞ്ചായത്തിന്റെ അഭിമാനമാണ്. നിലവിലുള്ള പഞ്ചായത്ത് ഭരണസമിതിയുടെ വൈസ് പ്രസിഡണ്ട് വനിതയാണ്. കൂടാതെ നാലു വനിതാ അംഗങ്ങൾ ഈ ഭരണസമിതിയിലുണ്ട്. ഈ പഞ്ചായത്തുപ്രദേശം ഉൾപ്പെടുന്ന രണ്ട് ബ്ലോക്കിയോജകമണ്ഡലങ്ങളിൽ ഒന്നിനെ പ്രതിനിധാനം ചെയ്യുന്നത് പട്ടികജാതിക്കാരിയായ വനിതയാണ്. കാർഷിക മേഖലയിലെ സ്ത്രീപങ്കാളിത്തം നന്നേ കുറവാണ്. വനിതകളുടെ തൊഴിലാളി പങ്കാളിത്തം ഏറ്റവും കൂടുതൽ ഉള്ളത് കശുവണ്ടി വ്യവസായ മേഖലയിൽ ആണ്. എന്നാൽ ഈ മേഖലയിൽ വനിതകൾക്ക് ആവശ്യമായ പ്രാഥമിക ആരോഗ്യ സംവിധാനങ്ങളോ തൊഴിൽ രക്ഷാ സംവിധാനങ്ങളോ വേണ്ടത്ര അളവിൽ ഇല്ല. ഈ മേഖലയിലെ കൂലിനിരക്കും അശാസ്ത്രീയമാണ്. വനിതകളുടെ വിദ്യാഭ്യാസ നിലവാരം താരതമ്യേന മെച്ചമാണ്. മുൻകാലങ്ങളിലും സ്ത്രീവിദ്യാഭ്യാസത്തിന് വേണ്ടത്ര പ്രാധാന്യം നൽകിയിരുന്നു. പത്ത് രജിസ്റ്റർ ചെയ്ത മഹിളാസമാജങ്ങൾ ഈ പഞ്ചായത്തിലുണ്ടെങ്കിലും അവയുടെ പ്രവർത്തനം കാര്യക്ഷമമല്ല. സദാനന്ദപുരം ആസ്ഥാനമാക്കി പ്രവർത്തിച്ചിരുന്ന മഹിള ഇൻഡസ്ട്രിയൽ സൊസൈറ്റിയുടെ പ്രവർത്തനം നിലച്ച മട്ടിലാണ്. 2 DWCRA യൂണിറ്റുകളുടെ പ്രവർത്തനം ഒഴിച്ചാൽ വനിതകളുടേതായുള്ള തൊഴിൽ സംരംഭങ്ങൾ ഈ പഞ്ചായത്തിൽ തുലോം കുറവാണ്. ഇവയുടെ പ്രവർത്തനം തന്നെ വേണ്ടത്ര രീതിയിൽ പുരോഗമിച്ചിട്ടില്ല. തൊഴിൽ രഹിതരായ യുവജനങ്ങളിൽ നല്ലൊരു പങ്കും വനിതകളാണ്. മഹിളാസമാജങ്ങൾ ഒഴികെ വനിതകൾ നേതൃത്വം നൽകുന്ന സന്നദ്ധസംഘടനകൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ല. സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനായി 33 അംഗൻവാടി കേന്ദ്രങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. സ്ത്രീ പീഡനം, സ്ത്രീകളോടുള്ള വിവേചനം എന്നിവ താരതമ്യേന കുറവാണ്.

## പ്രശ്നങ്ങളും സാധ്യതകളും

1. പൊതുരംഗത്തെ വനിതകളുടെ പങ്കാളിത്തം കുറവാണ്. ഇത് പരിഹരിക്കുന്നതിനായി കൂട്ടായ ശ്രമങ്ങൾ ആവശ്യമാണ്.
2. കൃഷി, കന്നുകാലിവളർത്തൽ ഇവയിലെ സ്ത്രീ പ്രാതിനിധ്യം വർദ്ധിപ്പിക്കേണ്ടതാണ്. അടുക്കളത്തോട്ടം, പച്ചക്കറി, കൃഷി, കോഴി വളർത്തൽ, ആടു വളർത്തൽ എന്നീ മേഖലകളിലേക്ക് സ്ത്രീകളെ പ്രോത്സാഹിപ്പിക്കേണ്ടതാണ്.
3. കശുവണ്ടി വ്യവസായ മേഖലയിൽ ആരോഗ്യ രക്ഷ പ്രാഥമിക ആവശ്യ സംവിധാനങ്ങൾ മെച്ചപ്പെടുത്തേണ്ടതായിട്ടുണ്ട്.
4. ചെറുകിട വ്യവസായ മേഖലയിലേക്ക് സ്ത്രീകളുടെ ഗ്രൂപ്പുകൾ ആരംഭിക്കേണ്ടിയിരിക്കുന്നു. പാലുല്പന്നങ്ങളുടെ നിർമ്മാണം, കറിപൗഡർ, അച്ചാർ നിർമാണം, റബർബാൻഡ് നിർമാണം, റെഡിമെയ്ഡ് തുണിത്തരങ്ങളുടെ നിർമാണം എന്നീ മേഖലയിലേക്ക് വനിതകളെ കൊണ്ടുവരേണ്ടതാണ്.

8. നിലവിലുള്ള D.W.C.R.A. യൂണിറ്റുകൾ കാര്യക്ഷമമാക്കുകയും കൂടുതൽ യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്യണം.
6. മഹിളാസമാജങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക രാഷ്ട്രീയ പാർട്ടികൾ ഉൾപ്പെടെയുള്ള ബഹുജനസംഘടനകളുടെ നേതൃത്വത്തിലേക്ക് സ്ത്രീകളെ ഉയർത്തിക്കൊണ്ടുവരിക.
7. വനിതാക്ഷേമവികസന പ്രവർത്തനങ്ങളെ സംബന്ധിച്ച ബോധവൽക്കരണ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കണം.

# പട്ടികജാതി പട്ടിക വർഗ ക്ഷേമം

ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ16.3% പട്ടിജാതിക്കാരാണ്. 5587 പട്ടികജാതി കുടുംബങ്ങളും 5 പട്ടികവർഗ കുടുംബങ്ങളും ഈ പഞ്ചായത്തിലുണ്ട്.

| വാർഡ്നമ്പർ | കോളനികളുടെ പേര് |
|---|---|
| I | ഞാറമൂട്ടിൽകോണം (24), വടക്കേകോണം (22), പൂയപ്പള്ളികോണം (23), കാഞ്ഞിരംവിള (9), ആച്ചാംകോണം (24) പരയത്തുകോണം (18) |
| II | കോട്ടൂർ, ഇഞ്ചയ്ക്കൽ, പേരേത്തുകോണം, മണ്ടാരകോണം |
| III | കൊപ്പാറ (32), വലിയപുരം |
| IV | വലിയപുരയ്ക്കൽ (26), നിരപ്പുവിള (32), മാലിക്കോട്, വണ്ടേറ്റിൽ (24), കാത്തനാക്കൽ |
| V | കാവുങ്കൽ (18), ലക്ഷംവീടുകോളനി |
| VI | ബ്ലാക്കോണം, പറങ്കിമാംമുകൾ, മാലിക്കോട് (14) |
| VII | പച്ചൂർ (46), പാലമുക്ക്കോളനി, ഇടശ്ശേരി (21) |
| VIII | മുലംകുഴി (16), നെടുങ്ങോട്ട്കോണം, ആൽത്തറമുകൾ (23) |
| IX | പൂവണത്തൂർ (18) |
| X | കള്ളിത്തല, പള്ളിമല (17) കാവുംകീഴ്, അമ്പലംകുന്ന് (17), മുളവനകുഴി (28) (കൊല്ലോണം) |
| XI | കുര്യാണി (29), തെങ്ങാറ (24) |
| XII | പാട്ടറമുകൾ (35), ആവിയോടുമുകൾ (16) |
| XIII | കോട്ടവട്ടം, മടന്തക്കുഴി (16) |

പട്ടികജാതി സങ്കേതങ്ങളായി തെരഞ്ഞെടുത്ത കോളനികൾ

| വർഷം | സ്കീം | കോളനി |
|---|---|---|
| 1991 92 | IHDP | ചക്കുവരയ്ക്കൽ കോട്ടവട്ടം |
| 1994 95 | IHDP | പച്ചൂർ പാലമുക്ക് |

വിദ്യാഭ്യാസ മേഖലയിലെ പട്ടികജാതി വിഭാഗത്തിന്റെ പ്രാതിനിധ്യം തുലോം കുറവാണ്. സെക്കണ്ടറി തലത്തിൽ എത്തുന്ന വിദ്യാർത്ഥികളിൽ 5% മാത്രമേ വിജയിക്കുന്നുള്ളു. പ്രാഥമിക വിദ്യാഭ്യാസ മേഖലയിൽ പ്രവേശിക്കുന്നവരിൽ ഒരു ശതമാനത്തിനുമാത്രമേ അതു പൂർണമായും ലഭിക്കുന്നുള്ളു.

കാർഷിക മേഖലയിലാണ് ഈ വിഭാഗം തൊഴിലാളികൾ ഏറ്റവും കൂടുതൽ പണിയെടുക്കുന്നത്. കശുവണ്ടി വ്യവസായ മേഖലയിലെ സ്ത്രീ തൊഴിലാളികളിൽ 80% പട്ടികജാതിക്കാരാണ്. പരമ്പരാഗത കൈത്തൊഴിലുകളായ ഈറ്റപ്പണി(കുട്ട, വട്ടി, മുറം എന്നിവയുടെ നിർമ്മാണം)യിൽ നല്ലൊരു വിഭാഗം പട്ടികജാതിക്കാരം ഏർപ്പെട്ടിരുന്നു. എന്നാൽ ഈറ്റയുടെ ലഭ്യതകുറവ് ഈ മേഖലയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. കാർഷിക മേഖലയിലെ കൂലിനിരക്ക് പുരുഷനു 90 രൂപയും സ്ത്രീക്ക് 60 രൂപയുമാണ്. എന്നാൽ നടീൽ, കള പറിക്കൽ തുടങ്ങിയ മേഖലകളിൽ സ്ത്രീ തൊഴിലാളികളെ കിട്ടാനില്ല എന്ന സ്ഥിതിയുണ്ട്. വിവിധ ക്ഷേമപദ്ധതികൾ കോളനിനിവാസികൾക്കാണ് താരതമ്യേന മെച്ചമായി ലഭിച്ചുവരുന്നത്.

### നിർദ്ദേശങ്ങളും സാധ്യതകളും

1. കാർഷിക മേഖലയിലേക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കണം.
2. പാർപ്പിടപ്രശ്നം ഒരളവുവരെ പരിഹരിക്കാൻ കഴിഞ്ഞെങ്കിലും വിവിധ ഏജൻസി വീടുനിർമ്മാണത്തിന് അനുവദിക്കുന്ന തുക വർദ്ധിപ്പിക്കേണ്ടതുണ്ട്.
3. പരമ്പരാഗത തൊഴിൽ മേഖലയെ പ്രോത്സാഹിപ്പിക്കണം. ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കണം.
4. ക്ഷേമപദ്ധതികളെ സംബന്ധിച്ച അറിവില്ലായ്മ പരിഹരിക്കുന്നതിന് ബോധവല്ക്കരണ പരിപാടികൾ ആവശ്യമാണ്.
5. പട്ടികജാതി സങ്കേതങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കണം. സാനിറ്റേഷൻ സൗകര്യങ്ങൾ മെച്ചപ്പെടുത്തണം.
6. വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് കൂടു

തൽ ശ്രദ്ധ ചെലുത്തണം. പ്രാഥമിക വിദ്യാഭ്യാസ മേഖലയിൽ കൂടുതൽ കേന്ദ്രീകരിച്ച് വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തണം.

7. അഗ്രോസർവീസ് സെന്റുകളുടെ പ്രവർത്തനം ജനകീയ സമിതികളുടെ നിയന്ത്രണത്തിലാക്കണം.

8. പാലമുക്ക് ഐ.റ്റി.സിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

9. നവീന കാർഷികോപകരണങ്ങൾ ഉപയോഗിക്കുന്നതിനുള്ള സാങ്കേതിക പരിജ്ഞാനം നൽകണം.

10. കാർഷിക ക്ഷീര വികസന മേഖലകളിൽ കൂടുതൽ പങ്കാളിത്തം ഉറപ്പാക്കണം.

11. വൈദ്യുതീകരിച്ച വീടുകൾക്ക് കണക്ഷൻ ലഭിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതമാക്കണം.

12. അഭ്യസ്തവിദ്യരായ പട്ടികജാതിക്കാർക്ക് ആവശ്യമായ മാർഗനിർദ്ദേശങ്ങൾ നൽകുന്നതിന് കരിയർ ഗൈഡൻസ് സെന്ററുകൾ ആരംഭിക്കണം.

13. സദനന്ദപുരം കയർ ഉൽപന്ന കേന്ദ്രത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം.

14. ക്ഷേമപദ്ധതികളുടെ അവലോകനവും നിയന്ത്രണവും പഞ്ചായത്തുതലത്തിൽ ഏകോപിപ്പിച്ച് നടത്തണം.

15. ആനുകൂല്യങ്ങൾ ഇടത്തട്ടുകാരിലെത്തുന്നില്ല എന്ന് ഉറപ്പുവരുത്തണം.

16. പരമ്പരാഗത നാടൻ കലാരൂപങ്ങൾ സംരക്ഷിക്കണം.





# വിഭവ സമാഹരണം

പ്രധാന വരുമാനമാർഗങ്ങൾ തനത് നികുതി വരുമാനമാണ്. തൊഴിൽ നികുതി, കെട്ടിട നികുതി, വിനോദ നികുതി എന്നിവ ഇതിൽ ഉൾപ്പെടുന്നു.

| നമ്പർ | ഇനം | 199697 വരുമാനം (പ്രതീക്ഷിക്കുന്ന) ലക്ഷം (രൂപ) |
|---|---|---|
| 1. | കെട്ടിട നികുതി | 3 |
| 2. | തൊഴിൽ നികുതി | 1.70 |
| 3. | ലൈസൻസ് ഫീ | 0.05 |
| 4. | പി.എഫ്.എ | 0.01 |
| 5. | വിനോദനികുതി അധിക വിനോദ നികുതി | 0.25 |
| 6. | മാർക്കറ്റ് പിരിവ് | 0.50 |
| 7. | (a) വസ്തുകൈമാറ്റ നികുതി (75%)<br>(b) " (25%) | 3.00<br>1 |
| 8. | വി.റ്റി.സി. | 5 |
| 9. | അണ്ടൈഡ് ഫണ്ട് | 15 |
| 10. | മറ്റു ഗ്രാന്റുകൾ | 10 |
| | **ആകെ** | **39.51** |

ആകെ വരവിന്റെ 46.5% ഭരണപരമായ ആവശ്യങ്ങൾക്ക് ചെലവാക്കുന്നു.



## വാണിജ്യബാങ്കുകൾ

ഈ പഞ്ചായത്തിൽ രണ്ടു ദേശസാൽക്കൃത ബാങ്കും ഒരു ഷെഡ്യൂൾഡ് ബാങ്കും രണ്ട് സഹകരണബാങ്കുകളും പ്രവർത്തിക്കുന്നു. ഇന്ത്യൻ ഓവർസീസ് ബാങ്ക് വെട്ടിക്കവല, സിൻഡിക്കേറ്റ് ബാങ്ക് പനവേലി, ഫെഡറൽ ബാങ്ക്, കോക്കാട് എന്നിവയാണ് വാണിജ്യ ബാങ്കുകൾ. കൂടാതെ വെട്ടിക്കവല സർവീസ് സഹകരണബാങ്ക്, ചക്കുവരയ്ക്കൽ സർവീസ് സഹകരണ ബാങ്ക് എന്നിവയും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. സംസ്ഥാന നിക്ഷേപ വായ്പതോതിനേക്കാൾ കുറവാണ് ഈ ബാങ്കുകളുടെ നിക്ഷേപ വായ്പാ തോത്. ഗൾഫ് മേഖലയിൽ പണിയെടുക്കുന്നവർക്ക് നാട്ടിലേക്ക് അയക്കുന്ന തുകയിൽ നല്ലൊരു ശതമാനവും ഈ ബാങ്കുകളിലെ സ്ഥിര നിക്ഷേപമാണ്. എന്നാൽ ഇതിനു അനുപാതികമായ വായ്പാ സൗകര്യം ബാങ്കുകളിൽ നിന്നും ലഭിക്കുന്നില്ല. കാർഷിക മേഖലക്ക് പ്രാമുഖ്യം നൽകുന്ന തരത്തിലുള്ള വായ്പകളാണ് സഹകരണബാങ്കുകൾ നൽകിവരുന്നത്.

### വിഭവ സമാഹരണമേഖലയിലേക്കുള്ള നിർദ്ദേശങ്ങൾ

1. നികുതി വെട്ടിപ്പു തടയുക.
2. തൊഴിൽ നികുതിയിൽ നിന്നും വിനോദ നികുതിയിൽ നിന്നും സാധ്യമായതിന്റെ ചെറിയൊരു ശതമാനമേ ചുമത്തപ്പെടുത്തുന്നുള്ളൂ. ഇത് ശാസ്ത്രീയമായി പരിഹരിക്കുക.
3. നികുതിദായകരെ ബോധവാന്മാരാക്കുന്നതിന് ആവശ്യമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുക.
4. ബോർഡുകൾ, ബാനറുകൾ തുടങ്ങിയവ പ്രചാരണോപാധികളുടെ പരസ്യ നികുതി ഈടാക്കുക.
5. ദേശീയ സമ്പാദ്യ പദ്ധതിയുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുകയും ആ ഇനത്തിൽ പഞ്ചായത്തുകൾക്ക് കൂടുതൽ വിഹിതം ലഭിക്കുന്നതിനും നടപടികൾ സ്വീകരിക്കുക.
6. ഗൾഫ് മലയാളികൾ ഉൾപ്പടെയുള്ളവരുടെ നിക്ഷേപങ്ങൾ സ്വീകരിക്കുന്ന ബാങ്കുകൾ അവയുടെ വായ്പാ സമ്പ്രദായത്തിൽ കാലനുസൃതമായ മാറ്റങ്ങൾ വരുത്തി കൂടുതൽ തൊഴിൽ അവസരങ്ങൾ ഈ പഞ്ചായത്തിൽ സൃഷ്ടിക്കുക.
7. തരിശു ഭൂമിയുടെ ഉപയോഗം പരമാവധി നടത്തുക. പൊതുസ്ഥലങ്ങളും പുറമ്പോക്കുകളും കാർഷിക മേഖലയിൽ താല്പര്യമുള്ള സന്നദ്ധസംഘടനകൾക്ക് കുത്തക പാട്ടം ഇനത്തിൽ പതിച്ചു നൽകുക.
8. വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ മനുഷ്യവിഭവം പരമാവധി സന്നദ്ധ പ്രവർത്തനങ്ങൾ വഴി സംഭരിക്കുക.
9. സേവന നികുതി അനുയോജ്യമായ ഇനങ്ങളിൽ നിന്നും ഈടാക്കുക.
10. പഞ്ചായത്തു പ്രദേശത്ത് പ്ലാന്റേഷൻ നികുതി സമ്പ്രദായം നടപ്പിലാക്കുക.

# പൊതുവിതരണ രംഗം

ഈ പഞ്ചായത്തിൽ പൊതുവെ തൃപ്തികരമായ ഒരു പൊതുവിതരണ സമ്പ്രദായം നിലനിൽക്കുന്നു. 19 പൊതുവിതരണ കേന്ദ്രങ്ങളും ഒരു മാവേലി സ്റ്റോറും വഴി ജനങ്ങൾക്ക് നിത്യോപയോഗ സാധനങ്ങൾ ലഭിക്കുന്നു. പൊതുവിതരണ രംഗത്ത് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് വാർഡുതല ജനകീയസമിതികളുടെ പ്രവർത്തനം ശക്തിപ്പെടുത്തേണ്ടതുണ്ട്. പഞ്ചായത്തു തലത്തിലുള്ള ഭക്ഷ്യോപദേശ സമിതികളുടെ പ്രവർത്തനം ഊർജിതമാക്കണം. നിത്യോപയോഗ സാധനങ്ങളുടെ വിതരണത്തിനായി മാവേലിസ്റ്റോറിന്റെ പ്രവർത്തനം ശക്തമാക്കണം. നിലവിലുള്ള റേഷൻ സമ്പ്രദായം നിലനിർത്തിക്കൊണ്ടുതന്നെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് സബ്സിഡി നിരക്കിൽ റേഷൻ അനുവദിക്കാവുന്നതാണ്. റേഷൻ സാധനങ്ങളുടെ പൂഴ്ത്തിവയ്പ്പ് കരിഞ്ചന്ത എന്നിവ ഉണ്ടാകാതിരിക്കുന്നതിന് പഞ്ചായത്തു തലത്തിലുള്ള ഭക്ഷ്യോപദേശക സമിതി കൂടുതൽ ശ്രദ്ധിക്കണം. ഗുണമേന്മയുള്ള ഉല്പന്നങ്ങൾ മാത്രമേ പൊതുവിതരണ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്യാവൂ. ഈ കേന്ദ്രങ്ങളിലെ സ്റ്റോക്ക്, വിലവിവരം എന്നിവ കാണിക്കുന്ന പട്ടിക കൃത്യമായും എഴുതി പ്രദർശിപ്പിക്കണം. പരാതി പുസ്തകത്തിലെ പരാതികളുടെ തുടർപ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ചക്കുവരയ്ക്കൽ വില്ലേജ് കേന്ദ്രീകരിച്ച് ഒരു മാവേലിസ്റ്റോറുകൂടി അനുവദിച്ചാൽ ചക്കുവരയ്ക്കൽ വില്ലേജിലെ സാധാരണക്കാർക്കും കുറഞ്ഞവിലക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കാൻ കഴിയും.

| RD No | വാർഡ് നമ്പർ | കാർഡുടമകളുടെ എണ്ണം | | | ഗുണഭോക്താക്കളുടെ എണ്ണം | | | വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കളുടെ വിവരങ്ങൾ | | | | | | | മണ്ണെണ്ണ | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | NE | E | ആകെ | മേജർ | മൈനർ | ആകെ | അരി kg (എല്ലാം) | ഗോതമ്പ് | റവ | മൈദ | പഞ്ചസാര kg | പാമോയിൽ | ആകെ | പെർമിറ്റ് എണ്ണം | പെർമിറ്റ് വഴി വിതരണം | കാർഡ് വഴി വിതരണം |
| 260 | IX | 148 | 153 | 301 | 1165 | 301 | 1466 | 2631 | 2631 | - | - | 586.4 | - | 5848.4 | 1 | 12 | 1046 |
| 10 | III | 97 | 27 | 124 | 864 | 169 | 1015 | 1861 | 1861 | - | - | 406.0 | - | 4128.0 | 10 | 117 | 539 |
| 11 | VI | 170 | 295 | 465 | 1979 | 282 | 2261 | 4240 | 4240 | - | - | 904.4 | - | 9384.4 | 9 | 107 | 1440 |
| 12 | IX | 170 | 256 | 426 | 2039 | 297 | 2336 | 4375 | 4375 | - | - | 934.4 | - | 9684.4 | 11 | 124 | 1362 |
| 13 | XII | 128 | 198 | 326 | 1318 | 278 | 1596 | 2914 | 2914 | - | - | 638.4 | - | 6466.4 | 5 | 59 | 1036 |
| 14 | " | 91 | 114 | 205 | 926 | 156 | 1082 | 2008 | 2008 | - | - | 432.8 | - | 4448.8 | 2 | 25 | 683 |
| 15 | XI | 185 | 279 | 464 | 1705 | 302 | 2007 | 3712 | 3712 | - | - | 802.8 | - | 8226.8 | 12 | 154 | 1483 |
| 16 | VI | 160 | 282 | 442 | 1758 | 280 | 2038 | 3796 | 3796 | - | - | 815.2 | - | 8407.2 | 16 | 177 | 1364 |
| 17 | III | 237 | 261 | 498 | 1899 | 400 | 2299 | 4198 | 4198 | - | - | 919.6 | - | 9315.6 | 19 | 214 | 1707 |
| 18 | I | 147 | 310 | 457 | 1823 | 333 | 2156 | 3979 | 3979 | - | - | 862.4 | - | 8820.4 | 35 | 446 | 1355 |
| 19 | VI | 139 | 207 | 346 | 1369 | 270 | 1639 | 3008 | 3008 | - | - | 655.6 | - | 6671.6 | 10 | 122 | 1109 |
| 184 | VIII | 184 | 282 | 466 | 1861 | 315 | 2176 | 4037 | 4037 | - | - | 870.4 | - | 8944.4 | 8 | 74 | 1238 |
| 209 | XI | 236 | 159 | 395 | 1522 | 276 | 1798 | 3320 | 3320 | - | - | 719.2 | - | 7359.2 | 20 | 209 | 1498 |
| 222 | X | 166 | 242 | 408 | 1480 | 275 | 1755 | 3235 | 3235 | - | - | 702.4 | - | 7172.4 | 10 | 68 | 1314 |
| 245 | III | 128 | 161 | 289 | 1158 | 214 | 1372 | 2530 | 2530 | - | - | 548.8 | - | 5608.8 | 8 | 70 | 962 |
| 263 | IX | 214 | 189 | 403 | 1478 | 310 | 1788 | 3266 | 3266 | - | - | 715.2 | - | 7247.2 | 14 | 179 | 1448 |
| 274 | II | 241 | 214 | 455 | 1784 | 319 | 2103 | 3887 | 3887 | - | - | 841.2 | - | 8615.2 | 14 | 184 | 1633 |
| 333 | XI | 229 | 112 | 341 | 1315 | 268 | 1583 | 2898 | 2898 | - | - | 633.2 | - | 6429.2 | 14 | 150 | 1369 |
| 342 | VI | 98 | 163 | 261 | 942 | 179 | 1121 | 2063 | 2063 | - | - | 448.4 | - | 4574.4 | 11 | 133 | 816 |

# സഹകരണമേഖല

ഈ പഞ്ചായത്തിൽ 2 സർവീസ് സഹകരണ ബാങ്കുകൾ പ്രവർത്തിക്കുന്നു. വെട്ടിക്കവല സർവീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ 1381, വെട്ടിക്കവല വില്ലേജ് അടിസ്ഥാനത്തിലും ചക്കുവരയ്ക്കൽ സർവീസ് സഹകരണബാങ്ക് ക്ലിപ്തം നമ്പർ 1521 ചക്കുവരയ്ക്കൽ വില്ലേജ് അടിസ്ഥാനത്തിലും ആണ് പ്രവർത്തിക്കുന്നത്. വെട്ടിക്കവല ബാങ്ക് കൊല്ലവർഷം 1102 കന്നിമാസം 17ാം തീയതിയും ചക്കുവരയ്ക്കൽ ബാങ്ക് 1102 ഇടവമാസം 11ാം തീയതിയും ആണ് പ്രവർത്തനം ആരംഭിച്ചത്. ഈ പഞ്ചായത്തിലെ കാർഷികമേഖയ്ക്ക് പ്രയോജനപ്പെടുന്ന തരത്തിലുള്ള വായ്പകൾ ഈ ബാങ്കുകൾ വഴി വിതരണം ചെയ്തുവരുന്നു.

കൊട്ടാരക്കര ആസ്ഥാനമാക്കി പ്രവർത്തിച്ചു വരുന്ന കാർഷികവികസന സഹകരണ ബാങ്കും ഈ പഞ്ചായത്തു പ്രദേശത്ത് കാർഷിക വായ്പകളും ഇതര വായ്പകും വിതരണം ചെയ്തുവരുന്നു. കൂടാതെ ചിരട്ടകോണം കേന്ദ്രമാക്കി വെട്ടിക്കവല പഞ്ചായത്ത് പട്ടികജാതി സഹകരണ സംഘം പ്രവർത്തിച്ചു വരുന്നു.

| | വെട്ടിക്കവല സർവ്വീസ് സഹകരണ ബാങ്ക് | | | | | ചക്കുവരയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് | | | | |
|---|---|---|---|---|---|---|---|---|---|---|
| അംഗങ്ങൾ | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
| | 7601 | 7793 | 7907 | 8075 | 8259 | 4068 | 4114 | 4472 | 4619 | 5231 |
| ഓഹരി | 428437 | 478017 | 486157 | 595784 | 704004 | 194303 | 194543 | 349718 | 578513 | 900329 |
| വായ്പകൾ കാർഷിക (1) ഹ്രസ്വകാലം | 632675 | 597445 | 995236 | 834000 | 723500 | 204000 | 420000 | 849000 | 640000 | 1470706 |
| (2) മധ്യകാലം | - | - | 226250 | 304408 | 245713 | - | - | - | - | - |
| (3) ദീർഘകാലം | | - | 80500 | 588875 | 689620 | - | - | 398000 | 343000 | 1273395 |
| കാർഷികേതര വായ്പകൾ മധ്യകാലം | | 484500 | 19750 | 372500 | 725000 | | - | 1076000 | 1677000 | 3780516 |
| സ്വന്തം ഫണ്ട് വായ്പ | 1000 | 6000 | 70622 | 2000 | 162000 | | | | | |
| സ്വർണ്ണപണയ വായ്പ | 732350 | 979285 | 1202395 | 1540100 | 3306907 | - | - | - | - | - |
| FD വായ്പ | 312000 | 188150 | 114900 | 336000 | 931700 | - | - | - | - | - |
| ആകെ വായ്പ | 1397225 | 2255380 | 2709653 | 3977883 | 6783840 | 204000 | 420000 | 2323000 | 2660000 | 8038617 |

### നിക്ഷേപങ്ങളെ സംബന്ധിച്ച്

| ബാങ്ക് | 1991-92 | 1992-93 | 1993-94 | 1994-95 | 1995-96 |
|---|---|---|---|---|---|
| വെട്ടിക്കവല സർവീസ് സഹകരണബാങ്ക് | 1196234 | 1915587 | 3167383 | 4887416 | 7804994 |
| ചക്കുവരയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് | 267000 | 700000 | 1100000 | 2414000 | 1700000 |

### കാർഷിക വികസന ബാങ്ക് വായ്പാ വിതരണം സംബന്ധിച്ച്

| വായ്പയുടെ ഇനം | വായ്പ ലഭിച്ച എണ്ണം | നല്കിയ തുക |
|---|---|---|
| കാർഷിക വായ്പ | 151 | 1,96,8530 |
| കാർഷികേതര വായ്പ | 17 | 5,98,000 |
| ഭവനനിർമ്മാണവായ്പ | 2 | 60,000 |
| ആകെ | 170 | 2,56,6530 |

### ഓഹരി മൂലധനം

| ബാങ്ക് | പിരിഞ്ഞു കിട്ടിയത് | ഗവ. | ആകെ |
|---|---|---|---|
| വെട്ടിക്കവല സർവീസ് സഹകരണബാങ്ക് | 475324 | 255000 | 730324 |
| ചക്കുവരയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് | 90329 | 1,39.000 | 29329 |

*ഇവയെകൂടാതെ ക്ഷീരവികസന മേഖലയിൽ 6 സഹകരണസംഘങ്ങളും പ്രവർത്തിക്കുന്നുണ്ട്. ചിരട്ടകോണം ആസ്ഥാനമാക്കിയുള്ള പട്ടികജാതി പട്ടികവർഗ സഹകരണ സംഘത്തിന്റെ പ്രവർത്തനം മന്ദഗതിയിലാണ്. ചക്കുവരയ്ക്കൽ ആസ്ഥാനമാക്കി ഒരു സഹകരണ ആശുപത്രി രജിസ്റ്റർ ചെയ്ത് സ്വന്തമായി സ്ഥലവും വാങ്ങിയത്. കെട്ടിട നിർമ്മാണ പ്രവർത്തനം ആദ്യഘട്ടത്തിൽ തന്നെ നിലനില്ക്കുന്നു.*

### പ്രശ്നങ്ങളും നിർദ്ദേശങ്ങളും

1. *സഹകരണ സംഘങ്ങളുടെ വായ്പാപ്രവർത്തനങ്ങൾ വിപുലീകരിക്കണം.*
2. *വനിതാവ്യവസായ മേഖലയിൽ പുതിയ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം നടത്താൻ കഴിയും.*
3. *പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു മാർക്കറ്റിംഗ് സംഘം രൂപീകരിക്കാവുന്നതാണ്.*
4. *പരമ്പരാഗത വ്യവസായങ്ങൾക്കായി ഈറ്റപ്പണി, പ്ലാസ്റ്റിക് വർക്ക് എന്നിവക്കായി ഒരു ഉല്പാദന വിപണന സഹകരണ സംഘം രൂപീകരിക്കാവുന്നതാണ്.*
5. *വിവിധ മേഖലകളിലേക്ക് സർവീസ് സഹകരണ ബാങ്കുകളുടെ പ്രവർത്തനം വൈവിധ്യവല്ക്കരിക്കാവുന്നതാണ്.*
6. *കേന്ദ്ര സംസ്ഥാന പദ്ധതികൾക്കുള്ള ധനസഹായം വിതരണം സഹ:ബാങ്കുകൾ വഴി നല്കാവുന്നതാണ്.*
7. *പച്ചക്കറി, റബർ വിപണനം എന്നീ മേഖലകളിലെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം.*
8. O.F. *വായ്പകൾ, കാർഷിക വായ്പ, പദ്ധതി വായ്പ എന്നിവയുടെ പരിധി ഉയർത്തണം.*

അധികാരം ജനങ്ങളിലേക്ക്

സമൂഹത്തിന്റെ എല്ലാ തുറകളിലുമുള്ള ജനങ്ങൾ കക്ഷിരാഷ്ട്രീയ, ജാതി മത ഭേദമില്ലാതെ ആസൂതണപ്രക്രിയയിൽ ഭാഗഭാക്കാവുന്നു എന്നതാണ് ജനകീയാസൂത്രണ പദ്ധതിയുടെ ഏറ്റവും വലിയ നേട്ടം. സമൂഹത്തിലെ ഏറ്റവും താഴെക്കിടയിലുള്ള വ്യക്തിയും ഈ പ്രക്രിയയിൽ പങ്കുചേരാൻ സാധിക്കുന്നു എന്നത് നിസ്സാരകാര്യമല്ല.

– ഇ. എം. എസ്സ്


വികേന്ദ്രീകൃത ആസൂത്രണം
പുതിയൊരു കേരള സൃഷ്ടിക്ക്